# ശങ്കരകവികൾ.

10633/9760

എസ്സ്. കുഞ്ഞികൃഷ്ണപിള്ള.

# ശങ്കരകവികൾ.

(കഥാപുരുഷന്മാരുടെ ഛായാപടത്തോടുകൂടിയ
ചരിതസാരസംഗ്രഹം)

10633
976

---

WITH A FOREWORD BY

**Justice K. SANKARASUBHA IYER Avl., B. A., B. L.**

---

ഗ്രന്ഥകർത്താവ്,

എസ്സ്. കുഞ്ഞിക്കൃഷ്ണപിള്ള.

പ്രഥമപ്രകാശനം; പ്രതി 500.

All Rights Reserved.

The Reddiar Press, Trivandrum.

1116.

വില അണ 12.

No Book is genuine without the Author's Seal

To

N. Kunjuraman Pillai Esq., M.A.,B.L.,
Member, Board of Studies,
University of Travancore.

---*---

For favour of approval
by the Board of Studies.

## വഞ്ചീശമംഗളാശംസ.

10633
9760

ജയതാജ്ജനതാജ്ഞാനധ്വാന്തമിത്രഃ പ്രസാദതഃ
ചിരം ശ്രീപദ്മനാഭസ്യ ദീൎഘായുശ്ചൈത്രഭൂപതിഃ.

## മുഖവുര.

അമാനുഷപ്രഭാവന്മാരായി അതിയശസ്വികളായി, ആദൎശയോഗ്യരായിരുന്നു് അന്തരിച്ചുപോയ മഹാനുഭാവന്മാരുടെപോലും യഥാൎത്ഥജീവചരിത്രം അതിശയോക്തിസങ്കലിതവും തന്മൂലം അയഥാൎത്ഥവുമായിത്തീരാതിരിക്കത്തക്കവണ്ണം അടുത്തടുത്ത കാലങ്ങളിൽ രേഖപ്പെടുത്തിവയ്ക്കുന്ന വിഷയത്തിലുള്ള അശ്രദ്ധയും അലസതയും പൌരസ്ത്യരിൽ പൊതുവേയും കേരളീയരിൽ വിശേഷിച്ചും സൎവസാമാന്യമായിത്തീൎന്നിട്ടുണ്ടെന്നുള്ളതു സുവിദിതമാണല്ലോ. മഹച്ചരിതപഠനം അനന്തരകാലികന്മാൎക്കു് എത്രത്തോളം ഗുണകരവും വിജ്ഞാനപ്രദവുമായിരിക്കുമെന്നു് ആലോചിക്കായ്കയായിരിക്കാം ഈ ഔദാസീന്യത്തിനു കാരണമെന്നു തോന്നുന്നു. കാരണമെന്തായാലും കാൎയ്യത്തിന്റെ കലാശം കണ്ടുവരുന്നതു് ഇപ്രകാരമാണെന്നുള്ളതിനെ ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. മാതൃഭാഷയെ അത്യധികം സ്നേഹിച്ചു് അതിനെ യഥാശക്തി ആരാധിച്ചു ദേഹവിയോഗംചെയ്ത എന്റെ പിതാമഹന്റേയും പിതാവിന്റേയും നേൎക്കു് എനിക്കുള്ള ഭക്ത്യാദരങ്ങളെ പ്രകടമാക്കുവാൻ അനതിവിസ്തരമായിട്ടെങ്കിലും അവരുടെ ജീവചരിത്രത്തെ കലൎപ്പില്ലാതെ രേഖപ്പെടുത്തിവയ്ക്കുന്നതിനേക്കാൾ മേത്തരമായ ഒരു സ്മാരകം മറ്റുള്ളതായി ഞാൻ വിചാരിക്കുന്നില്ല. പിതാമഹനായ ശങ്കരനാഥജ്യോത്സ്യരവർകളും പിതാവായ ആററുകാൽ ശങ്കരപ്പിള്ള അവർകളും ദിവംഗതരായിട്ടു യഥാക്രമം ൨൨-ം, ൫൦-ം സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. അച്ഛന്റെ കൃതികളും അദ്ദേഹം പലയവസരങ്ങളി

ലായി പറഞ്ഞുതന്നിട്ടുള്ള വസ്തുതകളുമാണു് മുത്തച്ഛൻെറ ജീവിത ചരിത്രരചനയ്ക്കു് എനിക്കുള്ള അവലംബം. അച്ഛൻ പാടിയിട്ടുള്ളതിനെ അവിടവിടെ ഉദ്ധരിപ്പാനുള്ള ഹേതു ഇതുതന്നെയാണു്. ശുഭസ്യശീഘ്രം എന്ന ആപ്തവചനത്തെ ആദരിച്ചും അച്ചടിക്കടലാസിൻെറ അതിയായ വിലക്കൂടുതലും ദൌർല്ലഭ്യവും നിമിത്തവും ഈ ജീവചരിത്രങ്ങൾ രണ്ടും സംഗ്രഹിക്കുവാൻ ഞാൻ നിർബന്ധിതനായി.

> "അഷ്ടമസ്കന്ധത്തോളം ചമച്ചപുരാണത്തിൽ
> നഷ്ടമായ് മൂന്നും നാലും സ്കന്ധമായവരണ്ടും
> ക്ലിഷ്ടതയോടു ചമച്ചോന്നിച്ചേനതിൽപ്പിന്നെ
> ശിഷ്ടമുള്ളതുമിവൻ ദശമസ്കന്ധത്തോളം"

എന്നു ദേവീഭാഗവതം കിളിപ്പാട്ടിനെസംബന്ധിച്ചു് എൻെറ പിതാവു പാടിയിരിക്കുന്നു. അങ്ങനെ രണ്ടു സ്കന്ധങ്ങൾ നഷ്ടപ്പെട്ട ശേഖരത്തിൽ പിതാമഹനു ഗവർണർ ജനറൽ, ഗവർണരന്മാർ, മഹാരാജ രണജിത്സിംഗ് മുതലായ മഹാനുഭാവന്മാരിൽനിന്നും ലഭിച്ചിരുന്ന പല കത്തുകളും ബഹുമതിപത്രങ്ങളുൾപ്പെട്ട രേഖകളും നഷ്ടപ്പെട്ടുപോയതായിട്ടാണറിയുന്നതു്. അച്ഛനിൽനിന്നെങ്കിലും മുത്തച്ഛനെപ്പററി പല അറിവുകളും ലഭിച്ചിട്ടുള്ള ഞാനുംകൂടി അവയെ അനശ്വരമാക്കി രേഖപ്പെടുത്തി വയ്ക്കാതിരുന്നാൽ അതു കൃത്യവിലോപവും അക്ഷന്തവ്യവുമായ ഒരപരാധവുമായിത്തീരുമെന്നുള്ള ഭയം എനിക്കുണ്ടു്. ഈ പ്രസിദ്ധീകരണസാഹസത്തിനു് എനിക്കു പറയാനുള്ള സമാധാനം അതാണു്.

അച്ഛൻെറ കൃതികളിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യേണ്ടവയായി വളരെ ബാക്കിയുണ്ടു്. അദ്ദേഹത്തിൻെറ ഉദ്യോഗകാലത്തും അടുത്തൂൺ പററിയ ശേഷവും അദ്ദേഹം കൂടി സംബന്ധിച്ചിട്ടുള്ള സംഭവങ്ങളിൽ പ്രസ്താവാർഹങ്ങളായി ഒട്ടനവധിയില്ലാതില്ല. അവയെല്ലാം ചേർത്തു "ശാങ്കരസ്മരണകൾ" എന്നൊരു ഗ്രന്ഥം ഞാൻ എഴുതി മിക്കവാറും പൂർത്തിയാക്കിയിരിക്കുന്നു. ഈ ചരിത്രപ്രസിദ്ധീകരണത്തിനു ബഹുജനങ്ങളിൽനിന്നു ലഭിക്കുന്ന പ്രോത്സാഹനത്തിനനുരൂപമായിട്ടല്ലാതെ ഭാവിയെപ്പററിചിന്തിപ്പാൻ എൻെറ തത്കാലനില അനുവദിക്കയില്ലെന്നുള്ള പരമാർത്ഥം ഭാഷാസാഹിത്യപ്രണയികളെ ഞാൻ സാദരം അറിയിച്ചുകൊള്ളുന്നു.

ഈ ചരിത്രരചനയിൽ വല്ല കുററമോ കുറവോ വന്നുപോയിട്ടുണ്ടെങ്കിൽ അവയെ ശുഭാശംസികൾ ദാക്ഷിണ്യപൂർവ്വം വീക്ഷിച്ചു ക്ഷമിക്കുമെന്നാണു വിശ്വാസം.

ഈ പുസ്തകത്തിനു് ഇംഗ്ലീഷിൽ ഒരു പീഠികയെഴുതിത്തന്ന എൻെറ പിതൃഗുരുനാഥൻ ദിവാൻ ശങ്കരസുബ്ബയ്യരവർകളുടെ ദൌഹിത്രനും മഹാമനസ്കനുമായ ജസ്റ്റിസ് കെ. ശങ്കരസുബ്ബയ്യരവർകൾ ബി. ഏ., ബി. എൽ. അച്ഛൻെറ കൃതികളെക്കുറിച്ചു് ഓരോ നിരൂപണം എഴുതിത്തന്ന റിട്ടയാർഡ് മലയാളം പ്രൊഫസ്സർ കെ. ശങ്കരപ്പിള്ള അവർകൾ ബി. ഏ., സാഹിത്യപ്രണയി ചുനക്കര കെ. നീലകണ്ഠപ്പിള്ള അവർകൾ എന്നിവരോടു് എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ആദരപൂർവ്വം രേഖപ്പെടുത്തിക്കൊണ്ടു് ഈ ചരിത്രസാരസംഗ്രഹത്തെ ഞാൻ ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
17—9—1116.

എസ്സ്. കുഞ്ഞിക്കൃഷ്ണപിള്ള.

# FOREWORD

10633 9260

It is a source of sincere pleasure to me to be associated with this book of Mr. Kunjukrishna Pillai, which deals with the lives and life work of the author's grandfather and father. I am also sensible of the honour of being called upon to write this foreword, with regard to a book, intended to commemorate, not only one who was patronised by that patron of arts and literature Swathi Thirunal of revered memory but an equally eminent son of his, who during the early stages of his education claimed my grandfather the late Mr. Shungarasubier, as one of his tutors.

Pandit Sankarnath, more widely known as Sankaranatha Jotsiar, seems to have been one endowed with deep learning and culture, not uncommon during the time during which he lived. But what differentiated him from compeers of his generations was the enterprising spirit he displayed to a conspicuous degree. Sankarnath found his way to the court of the great Ranjit Singh, where he lived for the space of 9 years. During the reign of Swathi Thirunal the astrologer Pandit came to Travancore where the great Maharaja, a keen judge of men, appraised his true worth and made him judge of Sadir Court, the predecessor of the present High Court. After a long spell of office here, Sankarnath went back to the Punjab. When the Punjab was torn by Civil strife Sankarnath came back to Travancore and accepted the office of Fouzadari Commissioner conferred on him by the Sovereign. He is said to have died in 1034 during his 69th year.

During his life-time Sankarnath became famous both for his great proficiency in astrology and for his literary attainments.

The author has done well to cull out some of the main anecdotes which have come to be associated with this great man. Nothing serves to show the true mettle of a man better than his repartees on occasions and the author has succeeded in giving to the readers a true picture of this remarkable man of the generation.

Sankarnath's son, Attukal Sankara Pillai, the father of the author had the good fortune of inheriting his father's deep erudition and culture. Beginning life as a humble clerk in the Huzoor, as many other Travancoreans of his time did, he soon secured official preferment. He occupied the post of Head Translator of the Sadar Court and then became District Munsiff in which capacity he retired. He seems to have acquired a literary taste even early in his life and the Pallikket ceremony of 1034 offered an opportunity for the early manifestation of his poetical talents, as he composed "Kalyana Satakam" in honour of the occasion. The then reigning Sovereign commissioned him with the preparation of a book dealing with the principles of Hindu Law for the use of students preparing for the Special Test Examination. I have glanced through this book and I own that I have been very much impressed with the masterly, but succinct manner in which the whole thing has been dealt with for the benefit of the students. Sankara Pillai did not allow his literary talents to rust. He published several other works in prose and verse which have been referred to by the author. I perused some of the writings of Mr. Sankara Pillai. In their sweet melody, in their elegant and simple diction and in their elevated sentiment some of his verses are equal to some of the best poems in Sanskrit literature.

It is really a service which the author has rendered in publishing this book and thus making available to the public the life history of two eminent men, one who adopted Travancore as his native land and the other a Travancorean. A foreword like the portico before the house should be intended only to catch, but not detain the attention of those who desire to read the book. Without therefore dilating further, I commend the book to the discerning reading public here and elsewhere.

Trivandrum,<br>
1-9-1116.

**K. Sankarasubha Iyer.**



ശംകരനാഥജ്യോത്സ്യർ

Reproduced by the Kind Permission of
the Travancore Government.

KUNJIKRISHNA PILL
TRIVANDRUM
KALADI



ഭാഷാകവിസമ്രാട്

ആററുകാൽ ശംകരപ്പിള്ള.

KRISHNA

# ശങ്കരകവികൾ

ഒന്നാം ഭാഗം.

---

## പണ്ഡിററു് ശങ്കർനാഥ്.

### വന്ദനം.

കാമാക്ഷീചരണാരവിന്ദഭജനാ-
ദ്ധർമ്മാത്മകാമൈഃ ശ്രിതാ
വിഖ്യാതാ യശസാ നരേന്ദ്രമഹിതാ
ജ്യോതിർവിദഗ്രേസരാഃ।
യേ നന്ദന്തി ബുധേന്ദ്രസംസദി ചതു-
ർഭദ്രേണ ഭദ്രേണ താൻ
ശ്രീമച്ഛങ്കരനാഥതാതചരണാൻ
ഭക്ത്യാ നമസ്കുർമ്മഹേ॥

ആററുകാൽ ശങ്കരപ്പിള്ള.

### ജനനവും ബാല്യവും.

"ജനകൻ ജന്മസ്ഥാനം കോലക്ഷ്മാസമസ്ഥാനം
ജനനമാസം യുഗ്മം ശുചിധീകാലം ഫാലം
ജനനീ പിതാമഹി പെററാളെൻ പിതാവിനെ
ഗുണശാലിനിക്കൊന്നും മുപ്പതും ചെന്നകാലം."

പണ്ഡിററു് ശങ്കർനാഥ് എന്ന നാമധേയം ഉത്തരേന്ത്യയിൽ സുപ്രസിദ്ധമായ ഒന്നാകുന്നു. കേരളത്തിൽ ശങ്കരനാഥജ്യോത്സ്യർ എന്നാണു് പ്രസ്തുത നാമധേയത്തിൻെറ രൂപാന്തരം. ഉത്തരമലയാളത്തിൽ ചിറയ്ക്കൽ താലൂക്കിനു ചരിത്രത്തോടുള്ള ബന്ധം സുവിദിതമാണല്ലോ. അവിടെ കരിവെള്ളൂരംശത്തിൽ സ്ഥിതിചെയ്യുന്ന സാമന്തകുടുംബമായ വങ്ങാട്ടുമഠത്തിൽ മലയാളവർഷം 965 മിഥുനമാസം 32-ാംതീയതി കാർത്തിക നക്ഷത്രത്തിൽ പണ്ഡിററു് ശങ്കർനാഥ് ഭൂജാതനായി.

വണ്ടാട്ടുമഠം ഇന്നും ധനംകൊണ്ടും സ്ഥാനംകൊണ്ടും പ്രശസ്തിയുള്ളതാണ്. കൊല്ലവർഷം 930-നും 1030-നും മദ്ധ്യേ വണ്ടാട്ടുമഠത്തിൽ പാർവ്വതിപ്പിള്ളയാർത്തിരിഅമ്മ എന്ന ഒരു സ്ത്രീരത്നം ജീവിച്ചിരുന്നു. അവരുടെ മാതാപിതാക്കന്മാരേയും പൂർവ്വികന്മാരേയും കുറിച്ചു വലിയ അറിവൊന്നുമില്ല. അവർ സൌശീല്യാദിഗുണഗണങ്ങളാൽ പരിശോഭിതയായിരുന്നു എന്നാണു ശ്രുതി. ഈ സാധ്വിയെ കരിവെള്ളൂരിൽ പട്ടോടം ഇല്ലത്തു് അഗ്നിശർമ്മാ നമ്പൂതിരി വിവാഹംചെയ്തു. അദ്ദേഹം വേദജ്ഞനും കർമ്മഠനും സ്വാർജ്ജിതസമ്പത്സമൃദ്ധനും പെരിഞ്ചെല്ലൂർഗ്രാമം നമ്പൂതിരിവർഗ്ഗത്തിൽ ഒരു പ്രധാനിയുമായിരുന്നു. ഈ ഉത്തമദമ്പതിമാരെ അനപത്യത ക്രമത്തിലധികം പീഡിപ്പിച്ചുകൊണ്ടിരുന്നു. തത്പരിഹാരാർത്ഥം ദൈവജ്ഞന്മാരെ വരുത്തിച്ചിന്തിപ്പിച്ചു ദൈവപ്രീതിക്കായി പലവിധ സത്കർമ്മങ്ങളും ദാനധർമ്മങ്ങളും നടത്തി. താമസിയാതെ ഒരു പുരുഷപ്രജയുണ്ടായി. ശിശുവിൻെറ തേജസ്സും ഓജസ്സും ജനനകാലലക്ഷണങ്ങളും കണ്ടു ശശ്വച്ഛ്രേയോമൂർത്തിയായിപ്പരിശോഭിക്കുമെന്നു പിതാവു ദീർഘദർശനംചെയ്തു. തൻെറ മുപ്പത്തൊന്നാമത്തെ വയസ്സിലെ പുത്രലാഭത്തിൽ മാതാവിൻെറ സന്തോഷം സീമാതീതമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ജാതകർമ്മാദികൾക്കുശേഷം ശങ്കരനാഥൻ എന്നു നാമകരണംചെയ്തു. യഥാകാലം വിദ്യാരംഭം നടക്കയും വയഃക്രമത്തെക്കവിഞ്ഞു വിദ്യാഭ്യാസം അഭിവൃദ്ധിപ്പെട്ടുവരികയും ചെയ്തു. സംസ്കൃതസാഹിത്യം, ജ്യോതിഷം മുതലായവയിൽ പരിജ്ഞാനം സിദ്ധിച്ച ചരിത്രപുരുഷനിൽ ഈശ്വരഭക്തി, വിനയം, ഔദാര്യം, ധീരോദാത്തത, ക്ഷമ ഇത്യാദി ഗുണങ്ങൾ തിളങ്ങിക്കണ്ടുതുടങ്ങി.

## തീർത്ഥാടനം.

കുടുംബത്തിൽ കാരണവരോ ജ്യേഷ്ഠാംഗങ്ങളോ ഇല്ലാതിരുന്നതിനാൽ ശങ്കരനാഥനു ചെറുപ്പത്തിൽതന്നെ കുടുംബഭരണം കൈയേല്ക്കേണ്ടിവന്നു. അതിലും ശങ്കരനാഥൻെറ സാമർത്ഥ്യം അസാമാന്യമായിരുന്നു.

"....................................പിതൃ-
ലോകത്തിനെല്ലാം മുക്തിനല്കുവാനുറച്ചു ശി-
വോഹമെന്നെണ്ണി ക്ഷിപ്രം കാശിക്കായ് നടകൊണ്ടാൻ.

തത്ര തൻ പിതൃക്കൾക്കു തൃപ്തിയെച്ചെയ്തശേഷം
ഉത്തമഗുരുവരാഹാചാര്യോപദേശത്താൽ
സിദ്ധമായ് സമസ്താത്മജ്ഞാനവും ജഗത്തിൽ പ്ര-
സിദ്ധനായ്ത്തീർന്നോരോരോ ക്ഷേത്രദർശനം ചെയ്തു.
കാഞ്ചികാമാക്ഷീദേവീപാദപങ്കജദ്വന്ദ്വം
നെഞ്ചകന്തന്നിൽ ച്ചേർത്തു തത്ര വാണീടും കാലം
തഞ്ചത്തിലൊരുദിനം ക്ഷീരവാഹിനിതന്നിൽ
അഞ്ചിതഗുണശാലി സ്നാനാർത്ഥം ഗമിച്ചഹോ.
അഗ്രഹാപൂർവമവഗാഹനം ചെയ്തു ദേവീ-
വിഗ്രഹമൊന്നുകണ്ടു സാനന്ദം കൈയിലാണ്ടു
നിഗ്രഹാനുഗ്രഹത്തിനുറപ്പുവരുത്തിത്തൻ-
വ്യഗ്രതയെല്ലാം പോയി വിശിഷ്ടനായിത്തീർന്നു."

കുടുംബഭരണത്തിൽ വ്യാപൃതനായിരിക്കുന്ന കാലത്തു് വംശശ്രേയോഭിവൃദ്ധിക്കായി ഗംഗാസ്നാനം, ഗയാശ്രാദ്ധം മുതലായതു കഴിക്കണമെന്നു മോഹം ജനിക്കയാൽ ശങ്കരനാഥൻ വിവരം മാതാവിനെദ്ധരിപ്പിച്ചു. ഏകസന്താനത്തിൻെറ വേർപാടിൽ വിഷണ്ണയായ ആ സാധ്വി പുത്രൻെറ സദ്ഉദ്യമത്തെത്തടയാതെ "ഉണ്ണീ, ക്ഷേമമായിട്ടു പോയിവരിക; പരദേവത തുണയ്ക്കും." എന്നു് അദ്ധ്ചേതസ്സോടെ അനുജ്ഞ നൽകി. അതനുസരിച്ചു ശങ്കരനാഥൻ കാശിക്കു പുറപ്പെട്ടു. അന്നു് ഇന്നുള്ളതുപോലെ സഞ്ചാരസൌകര്യത്തിനു തീവണ്ടിമുതലായ വാഹനങ്ങളോ റോഡുപോലുമോ ഉണ്ടായിരുന്നില്ല. മിക്കവാറും കാലുനടയായിത്തന്നെ യാത്രചെയ്യേണ്ടിയിരുന്നു. യാത്രാമദ്ധ്യേ ഒരു പുണ്യസ്ഥലത്തുവച്ചു വരാഹാചാര്യർ എന്ന ഒരു യതിവര്യൻെറ പരിചയവും ശിഷ്യത്വവും ശങ്കരനാഥനു സിദ്ധിക്കാനിടവന്നു. അദ്ദേഹത്തിൽനിന്നു ധർമ്മശാസ്ത്രം, മന്ത്രശാസ്ത്രം, പക്ഷിശാസ്ത്രം, വേദാന്തം ഇത്യാദി സമഗ്രമായിഗ്രഹിച്ചു. അനന്തരം കുടകു, മൈസൂർ മുതലായ ദേശങ്ങളിൽക്കൂടി ചെങ്കൽപ്പേട്ട ജില്ലയിൽചേന്നു കാഞ്ചീപുരത്തിലെത്തിച്ചേർന്നു. കാമാക്ഷീക്ഷേത്രത്തിൽ ഒരു മണ്ഡലകാലം ഭജനമിരുന്നു. ഭജനകാലത്തു് ഏതാനും ദിവസം ശങ്കരനാഥൻ നിരാഹാരനായും കഴിയേണ്ടിവന്നു. വ്രതാനുഷ്ഠാനക്രമംകണ്ടു് അദ്ദേഹം ഒരു ദിവ്യനാണെന്നു് അനുമാനിച്ചു് ആ ക്ഷേത്രത്തിലെ ഒരു ദേവദാസി തനിക്കു അവിടെനിന്നും കിട്ടിവന്ന അനുഭവത്തിൽ ഒരോഹരി നിവേദ്യരൂപേണ ശങ്കരനാഥനു സമർപ്പിച്ചുകൊണ്ടിരുന്നു.

976

അ ദാസിയുടെ കുടുംബത്തിൽപെട്ടവർ ഇപ്പോഴുമുള്ളതായിട്ടാണ് പറയപ്പെടുന്നതു്. ഭജനം പൎയ്യവസാനിക്കാറായപ്പോൾ ഒരുദിവസം പതിവുപോലെ പാലാററിൽ സ്നാനംചെയ്യുമ്പോൾ കാലിൽ എന്തോ സ്പൎശിച്ചതായി ശങ്കരനാഥന്നു തോന്നി. എടുത്തു നോക്കിയപ്പോൾ അതു് ഒരു കാമാക്ഷീവിഗ്രഹമായിട്ടുതന്നെ കണ്ടു. യദൃച്ഛയാ ലഭിച്ച വിഗ്രഹത്തെ അത്യാനന്ദപൂൎവ്വം കണ്ണിലണച്ചു് "ജഗദംബികകടാക്ഷിച്ചു; ഇനി എനിക്കൊന്നുംകൈവരേണ്ടതില്ല" എന്നു ഘോഷിച്ചുകൊണ്ടു ക്ഷേത്രത്തിൽചെന്നു ഭജനം തുടൎന്നു. അന്നു രാത്രി വിഗ്രഹത്തിൻെറ പ്രഭ പാലാററിൽനിന്നും ഇന്നാൾക്കു കിട്ടിയിട്ടുണ്ടെന്നും അതു വാങ്ങി വിഗ്രഹത്തോടു യോജിപ്പിച്ചു യഥാവിധി ആരാധിച്ചുകൊണ്ടാൽ അതു ശ്രേയസ്സിന്നു കാരണമാകുംഎന്നും ഭഗവതി അരുളിച്ചെയ്തപ്രകാരം ശങ്കരനാഥന്നു സ്വപ്നദൎശനമുണ്ടായി. പ്രഭ വാങ്ങി യോജിപ്പിച്ചു വിധിപൂൎവ്വകം മരണപൎയ്യന്തം പൂജിച്ചു വന്നു. അദ്ദേഹത്തിൻെറ മരണാനന്തരം അ വിഗ്രഹത്തെ വങ്ങാട്ടുമഠത്തിനോടു ചേൎന്നുള്ള ഒരു സ്ഥാനത്തു ക്ഷേത്രം നിൎമ്മിച്ചു പ്രതിഷ്ഠിച്ചു് ഇന്നും പൂജിച്ചുവരുന്നുണ്ടു്.

കാഞ്ചീപുരത്തെ ഭജനംകഴിഞ്ഞു് അവിടെനിന്നും പുറപ്പെട്ടു പല പുണ്യതീൎത്ഥങ്ങളുമാടി സസുഖം കാശിയെ പ്രാപിച്ചു. പരിപാവനമായ ഗംഗയിൽ സ്നാനംചെയ്തു വിശ്വനാഥദൎശനാനന്തരം ഗയയിൽ പിതൃക്രിയകളുംനടത്തി.

### ശങ്കരനാഥനും രഞ്ജിററ്സിങ്ങും.

"ചാതകിപോലെ സൎവ്വഭൂപമണ്ഡലിതാനും
താതവാഗമൃതത്തെക്കൊതിച്ചുകൊതിച്ചവർ
വാഹിനീപുരസ്സരം വാഹനങ്ങളുമായി
മോഹമോടെൻപിതാവെ വരിച്ചാരോരോദിശി
ബ്രൂഹി മത്ഫലം,സൎവ്വമെന്നപേക്ഷിച്ചോൎക്കെല്ലാം
വ്യാഹരൻ തത്തത്കാൎയ്യമതിനാൽ വിസ്മയിച്ചാർ
ധനവൃഷ്ടിയെച്ചെയ്താരവരും താതന്മൂൎദ്ധ്നി
ഘനസന്തോഷം, താതൻ തുണവത്കണ്ടതെല്ലാം,
ഗുണബുദ്ധിയാലോരോ ദാനധൎമ്മങ്ങൾചെയ്തു
മണികൎണ്ണികതന്നിൽ വസിച്ചു ചിരകാലം.
സത്രവും തീൎത്താനതിവിപുലം മനോഹരം;
വിപ്രഭോജനം തത്ര സുലഭമദ്യാപി കേൾ."

ശങ്കരനാഥൻ പറയുന്നതെല്ലാം സഫലമായിക്കാണുകയാൽ സമീപപ്രദേശങ്ങളിലെ രാജാക്കന്മാർ അദ്ദേഹത്തെ ക്ഷണിച്ചു കൊണ്ടുപോയി അവരുടെ രാജധാനികളിൽ പാൎപ്പിച്ചുകൊണ്ടിരുന്നു. അവരുടെ സംഭാവനകളെ ദാനധൎമ്മങ്ങൾക്കു വിനിയോഗിച്ചുവന്നു. അതുകൂടാതെ മണികൎണ്ണികയിൽ ഒരു സത്രം പണികഴിപ്പിച്ചു തീൎത്ഥയാത്രക്കാൎക്കു ഭക്ഷണത്തിനു വേണ്ട ഏൎപ്പാടുംചെയ്തു. ആ സത്രം ഇന്നും നടന്നുവരുന്നതായിട്ടാണറിവു്. ഭവിഷ്യത്കാൎയ്യങ്ങളെ നിൎവ്വിശങ്കം പ്രവചിക്കയും അവ സഫലങ്ങളായി അനുഭവപ്പെടുകയും ചെയ്കയാൽ രാജാക്കന്മാരിൽനിന്നും ശങ്കർനാഥ്ജോഷി എന്നും പണ്ഡിററു് ശങ്കർനാഥ് എന്നും പേരുകൾ ലഭിച്ചു. ൨൧൫

ഹിമാലയൻതാഴ്വരയിൽ സ്ഥിതിചെയ്യുന്ന കോട്ടകാംഗ്ര എന്ന ചെറിയ രാജ്യത്തിൻെറ രാജാവായ ഷംഷേർചന്ദ് തീൎത്ഥാടനത്തിനായി കാശിയിൽ ചെന്നിരിക്കുകയായിരുന്നു. അദ്ദേഹം സുപ്രസിദ്ധജ്യോതിൎവ്വിത്തായ ശങ്കരനാഥനെവരുത്തി ജ്യോത്സ്യരുടെ അപാരപാണ്ഡിത്യത്തിൽ സന്തോഷിച്ചു രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി അവിടത്തെ മുഖ്യജ്യോതിഷപണ്ഡിതനും ആത്മീയാചാൎയ്യനുമായി നിയമിച്ചു. ആ രാജാവു പഞ്ചാബിലെ രണജിത്സിംഹൻെറ ഒരു ചാൎച്ചക്കാരനായിരുന്നു. നിസ്സന്താനനായ ഷംഷേർചന്ദ്സന്താനവിഷയമായി /സംസാരിച്ചപ്പോൾ ജ്യോത്സ്യർ ക്ഷണനേരം ചിന്തിച്ചിട്ട്ഒരു ഗൎഭജാതകം ചാൎത്തിക്കൊടുത്തു. അതനുസരിച്ചു രാജാവു എല്ലാം അനുഷ്ഠിക്കയും അചിരേണ രാജ്ഞി ഗൎഭം ധരിക്കയും യഥാകാലം ഒരു പുരുഷപ്രജയെ പ്രസവിക്കയും ചെയ്തു. ജ്യോത്സ്യൎക്കു വളരെ സംഭാവനകളും സ്ഥാനമാനങ്ങളും അന്നും നല്കി.

"പുത്രവൈരിയും ബഹുവിസ്മയംതേടുംവണ്ണം
അത്രയും പ്രതാപത്തോടുഴിയെബ്ഭരിക്കുന്ന
ശത്രുഹന്താവായ് സമസ്താവനിസമ്രാട്ടായി-
ട്ടെത്രയുംപ്രസിദ്ധനാം രണജിത്സിംഹഭൂപ-
ചക്രവൎത്തിയും വന്നു വണങ്ങിമത്താതന്നെ
തത്രവാണിരുവരുമെത്രയും മിത്രങ്ങളായ്
തൻപുരിലവപുരിതന്നിലാനയിപ്പിച്ചു
എൻപിതാവിനെ രണവീരഭൂപാലേന്ദ്രനും
എമ്പാടുമുപചാരംചെയ്കതുമാത്രമല്ല
സമ്പത്തുമമോഘമായ് നല്കിനാനതുകാലം.

ഉമ്പർകോൻസഭയ്ക്കൊത്തതൻപുരിതന്നിൽ മഹാ-
വൻപരാം ശാസ്ത്രജ്ഞന്മാരേവക്കും മുൻപനായി
തം പരിപാലിക്കയാൽ സമരശ്രീവീരനാം
തമ്പുരാൻ സദാചാരതത്പരനായിത്തീൻ.
പണ്ഡിതനായതാതൻ ഖണ്ഡിച്ചചൊന്നോരോരോ
എണ്ണങ്ങൾസമസ്തവും സഫലമാകമൂലം
നിണ്ണയിച്ചെൻതാതനെ വിശിഷ്ടനെന്നു സഭാ-
മണ്ഡനമാക്കിബ്ഭൂമീമണ്ഡലേശ്വരൻതാനും."

ബ്രിട്ടീഷ് ഗവമ്മേൻറിൻെറ അധികാരശക്തി അക്കാലത്തു് ഇന്ത്യയിൽ വ്യാപിച്ചുതുടങ്ങിയതേയുള്ളൂ. കോട്ടകാംഗ്രരാജാവും ബ്രിട്ടീഷുകാരും അന്നു വളരെ മൈത്രിയിലായിരുന്നുവെങ്കിലും പഞ്ചാബിലെ മഹാരാജരഞ്ജിററ്സിങ്ങും ബ്രിട്ടീഷ്ഗവമ്മെൻറും തമ്മിൽ നല്ല സ്വരച്ചേച്ചയില്ലാതാണു കഴിഞ്ഞുകൂടിയതു്. ആ രാജാവു ബ്രിട്ടീഷു അധികാരികളുമായി ഇടപെടാതേയും അവരെ പഞ്ചാബിൽ പ്രവേശിപ്പിക്കാതേയും രാജ്യം ഭരിക്കുകയായിരുന്നു. ദേശസഞ്ചാരിയായ ഡാക്ടർ മൂർക്രാഫ്ററു് എന്നൊരു ഇംഗ്ലീഷുകാരനെ ഏതോ സംഗതിവശാൽ രാജാവു മണ്ടി എന്ന ദുർഗ്ഗത്തിൽ ബന്ധനസ്ഥനാക്കി. വിവരം ബ്രിട്ടീഷ് അധികാരസ്ഥാനത്തു് അറിഞ്ഞപ്പോൾ പഞ്ചാബിനെ ആക്രമിച്ചു കൈവശപ്പെടുത്തണമെന്നു് അവർ ഉദ്ദേശിച്ചു് അതിനുവേണ്ട ഒരുക്കംതുടങ്ങി. ഈ വസ്തുത കോട്ടകാംഗ്രരാജാവു ഗ്രഹിച്ചു. തൻെറ ജ്ഞാതിക്കു അനിഷ്ടങ്ങൾ സംഭവിച്ചേയ്ക്കുമെന്നു ശങ്കിച്ചു സന്ദർഭോചിതമായ ഉപദേശമുഖേന മൂർക്രാഫ്ററിനെ മോചിപ്പിക്കുന്നതിനു ശങ്കരനാഥജ്യോത്സ്യരെ ലേഖനസമന്വിതം മഹാരാജ രഞ്ജിററ്സിങ്ങിൻെറ സന്നിധിയിലേയ്ക്കു ഷെംഷേർചന്ദ് നിയോഗിച്ചയച്ചു. അന്നു ജ്യോത്സ്യർക്കു് ഇരുപത്തൊൻപതു വയസ്സായിരുന്നു. ഗംഭീരപരാക്രമനും, പണ്ഡിതപ്രൌഢനും, മഹാ ബുദ്ധിമാനുമായ രഞ്ജിററു് സിങ്ങു് കണ്ടമാത്രയിൽ ജ്യോത്സ്യർ ഒരു അസാമാന്യനാണെന്നു ഗണിച്ചു. സഭയിൽവച്ചു നടത്തിയ സംഭാഷണചതുരതയിൽനിന്നും ജ്യോത്സ്യരുടെ ബുദ്ധിവിലാസം, ശാസ്ത്രജ്ഞാനം, നയകോവിദത്വം, നിസർഗ്ഗധീരത, ഫലിതസമ്മിശ്രമായ വാഗ്മിത്വം, രാജ്യതന്ത്രകുശലത മുതലായവ കണ്ടു രാജാവു സന്തുഷ്ടനായി സന്ദേശത്തെ സശ്രദ്ധം ശ്രവിച്ചു മൂർക്രാഫ്ററിനെ ഉടനെ മുക്തനാക്കി. ഈ

സംഭവം 1818-ൽ ആയിരുന്നു. (മൂർക്രാഫ്‌റ്റ് ലാഹൂറിലെ ഷാലിമർ ഉദ്യാനത്തെ സന്ദർശിച്ചിട്ടുള്ളതായും ഷാലിമറിനു രഞ്ജിററ് സിങ്ങ് നാമകരണം ചെയ്തതു ഷാലിബാഗ് എന്നാണെന്നും ചരിത്രത്തിൽ കാണുന്നു). ശങ്കരനാഥജ്യോത്സ്യരുടെ അപാരഗുണഗണങ്ങളാൽ ആകൃഷ്ടനായ ആ മഹാരാജാവു തൻെറ രാജധാനിയിലേയ്ക്കു ജ്യോത്സ്യരെ ആനയിച്ചു് അദ്ധ്യാത്മവിദ്യോപദേഷ്ടാവും മന്ത്രണസഭാംഗവുമായി നിശ്ചയിച്ചു. ജ്യോത്സ്യരുടെ സാഹചര്യം മഹാരാജാവിനുണ്ടായപ്പോൾ അദ്ദേഹം തങ്കപ്രഭയോടുചേർന്ന വിഗ്രഹം പോലെ പ്രശോഭിച്ചു.

10633

അപദാനങ്ങൾ.

“ഉദ്ധതന്മാരാകിയ യവനരോടു ഭൂപൻ
യുദ്ധായ പുറപ്പെട്ടു താതപാദനുമായി.
ബദ്ധരോഷേണ യവനാധിപഖഡ്ഗത്തിനാൽ
വിദ്ധനായ്ത്താതൻ തൻെറ ഗണ്ഡമണ്ഡലന്തന്നിൽ
ലക്ഷ്മീശൻ ശ്രീവത്സംപോൽ ലക്ഷണമായിക്ഖഡ്ഗ-
ലക്ഷ്മാവക്കപോലത്തിലന്ത്യകാലത്തോളവും.
അക്ഷീണഗതികണ്ടിട്ടക്ഷീണകോപത്തിനാ-
ലക്ഷോണീപതിവധിച്ചക്ഷണേ രിപുക്കളെ
തത്ക്ഷതം വരുത്തിയ ഖഡ്ഗവുമെനിക്കച്ഛൻ
പക്ഷമായ്ത്തന്നാൻ പ്രാണരക്ഷയ്ക്കായ് വച്ചുകൊണ്ടേൻ.”

*　　*　　*　　*　　*

“തദ്ഭൂമിപാലനതിസന്തുഷ്ടാത്മനാഗ്രാമ-
മെച്ചേരും സംഭാവനാപൂർവ്വമേ നല്കീടിനാൻ”

ശങ്കരനാഥജ്യോത്സ്യർ ലാഹൂറിൽ വസിക്കുമ്പോൾ അതിർത്തിപ്രദേശങ്ങളുടെ സിക്കരാജ്യാധികാരത്തെപ്പററി അടിക്കടി ചോദ്യം ചെയ്തുകൊണ്ടിരുന്ന മുഷ്കരൻ സർദാർ മുഹമ്മദ് അക്ബർഖാനുമായി രഞ്ജിററ്സിങ്ങിനു യുദ്ധത്തിലേർപ്പെടേണ്ടിവന്നു. അതിലേയ്ക്കു രാജാവിനോടുകൂടി ജ്യോത്സ്യരും ഉണ്ടായിരുന്നു. ആ യുദ്ധമദ്ധ്യേ ജ്യോത്സ്യർക്കു കവിൾത്തടത്തിൽ ഒരു മുറിവുകിട്ടി. ഉടനെ രാജാവു ശത്രുവിനെ വെട്ടിക്കൊല്ലപ്പെടുത്തുകയും വാളിനെ ജ്യോത്സ്യർക്കു സമ്മാനിക്കുകയും ചെയ്തു. കാലാന്തരത്തിൽ ആ ഖഡ്ഗത്തെ തൻെറ ഏകപുത്രനായ ആറുകാൽ ശങ്കരപ്പിള്ളയ്ക്കു ജ്യോത്സ്യർ കൊടുത്തു.

ലാഹൂറിൽവച്ചു ജ്യോത്സ്യർ രണ്ടുപ്രാവശ്യം ചാന്ദ്രായണവ്രതം അനുഷ്ഠിക്കുകയും വ്രതാവസാനത്തിൽ അൻപതിനായിരം ഉറുപ്പിക

യോളം സ്വസ്വദാനംചെയ്കയുമുണ്ടായി. യുദ്ധാനന്തരം ജ്യോത്സ്യർ ലാഹ്ലരിൽവച്ചു വിപുലമാംവണ്ണം ഒരു യാഗം കഴിപ്പിക്കയും ആഗമ പ്രോക്തങ്ങളായ വ്രതാദികൾ അനുഷ്ഠിക്കയുംചെയ്തശേഷം കുറെ ക്കാലം സപരിവാരം ജ്വാലാമുഖിയിൽ വസിച്ചു. ജ്യോത്സ്യർക്ക് ആണ്ടിൽ 3600 രൂപാവീതം മുതലെടുപ്പുള്ള ബുഷ്ചെററ, ഷാംപൂ ക്ക്ന്നചെമ്മർ എന്ന രണ്ടു ഗ്രാമങ്ങളെ കരമൊഴിവായി രാജാവു പതിച്ചുകൊടുത്തു. കാഞ്ചീപുരത്തുവച്ചു സഹായിച്ച ദേവദാസിക്ക ജ്യോത്സ്യർ ലാഹ്ലരിൽ വസിക്കുമ്പോൾ അയ്യായിരത്തോളം രൂപ അയച്ചുകൊടുത്തിട്ടുണ്ട്. സൂര്യഗ്രഹണകാലത്തു കുരുക്ഷേത്രത്തിൽ ചെന്നു ഗോദാനം, ഭൂദാനം, അന്നദാനം മുതലായവയും നടത്തുക യുണ്ടായി.

ജ്യോത്സ്യരുടെ രാജ്യതന്ത്രപാടവംകണ്ടു വിസ്മയഹൃദയനായ മഹാരാജാവു് രാഷ്ട്രവിഷയമായ സകലവും ജ്യോത്സ്യരോടു ആലോ ചിച്ചേ പ്രവൎത്തിച്ചിരുന്നുള്ളു. പഞ്ചാബുരാജന്റേയും ബ്രിട്ടീഷു കാരുടേയും ശക്തിയെപ്പററി വേണ്ടപോലെ പരിചിന്തനം ചെയ്തിട്ടു ഉഭയകക്ഷികളും മിത്രഭാവേന വൎത്തിക്കുന്നതായാൽ രാജ്യത്തിനും രാജവംശത്തിനും ക്ഷേമമുണ്ടാകുന്നതാണെന്നും മററുമുള്ള ജ്യോത്സ്യ രുടെ വിവേകപൂൎവ്വകമായ ഉപദേശങ്ങളെക്കേട്ടു തദനുസരണം രാജാവു വൎത്തിക്കാൻ സന്നദ്ധനായി. രാജാവും ബ്രിട്ടീഷുകാരും അന്യോന്യം സാഹായ്യസഹകരണങ്ങൾ ചെയ്തുതുടങ്ങി. ഇങ്ങനെ രണ്ടുകൂട്ടരേയും മിത്രങ്ങളാക്കിയതു് പണ്ഡിററു് ശങ്കർനാഥാണെന്ന റിഞ്ഞ അക്കാലത്തെ ഇന്ത്യാഗവൎണ്ണർ ജനറൽ വില്യം ബെൻറിങ്കു് പ്രഭു അവർകൾ "ഉത്തമപുരുഷ് നിൎമ്മലബുദ്ധ് ജോഷിശങ്കർനാഥ് ദി സ്പിരിച്വൽ അഡൈ്വസർ ആഫ് ഹിസ് ഹൈനസ് രഞ്ജിററ് സിങ്ങു് ദി ലയൺ ആഫ് ലാഹ്ലർ"എന്ന സർട്ടിഫിക്കെററുനല്കി. മററു ഗവൎണ്ണർജനറൽമാരും പ്രശംസാപത്രങ്ങൾ കൊടുത്തിട്ടുണ്ടെ ന്നാണറിയുന്നതു്. ഇതുകൂടാതെ ലൂദിയാന പൊളിററിക്കൽ ഏജൻറു സർ, സി. വാർഡ്, ഗവൎണ്ണർ ജനറൽ അവർകളുടെ സെക്രട്ടറി സർ, ഡബ്ളിയൂ. എച്ചു്. മെക്നാട്ടൺ, ആഗ്രാ ഡിപ്യൂട്ടിഗവൎണ്ണർ സർ, ജി. ആർ. ക്ലാക്ക എന്നവരുടേയും പ്രശംസയ്ക്കു ജ്യോത്സ്യർ പാത്രമായിരുന്നു എന്നും കേൾവിയുണ്ടു്. ജ്യോത്സ്യർക്ക ലാഹ്ലറിൽ പല ശിഷ്യന്മാരുമുണ്ടായിരുന്നു. ഇതിനിടയ്ക്കു മാതാവു ജീവിച്ചിരി

പ്പുണ്ടെന്നു ദൂതന്മാർമൂഖേന ശങ്കർനാഥ് ഗ്രഹിക്കയാൽ ഇരുപതിനായിരം രൂപാ അമ്മയ്ക്കു് അയച്ചുകൊടുത്തു. തന്റെ ഏകസന്താനത്തെക്കുറിച്ചു വളരെക്കാലം ഒന്നുമറിയാതെ മരണത്തെ പ്രതീക്ഷിച്ചിരുന്ന മാതാവിനു ദൂതന്മാരുടെ ആഗമനം എത്രമാത്രം ആശ്ചര്യത്തേയും ആനന്ദത്തേയും ജനിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. വങ്ങാട്ടുമഠം ഐശ്വര്യത്തേയും പ്രശസ്തിയേയും പ്രാപിക്കാൻ തുടങ്ങി. "സ ജാതോ യേന ജാതേന യാതി വംശസ്സമുന്നതിം" എന്ന ആപ്തവചനത്തെ ജ്യോത്സ്യർ അർത്ഥവത്താക്കി. മാതാവിനേയും ജന്മഭൂമിയേയും സന്ദർശിക്കാനുള്ള വാഞ്ഛ അദ്ദേഹത്തിൽ അങ്കുരിച്ചുതുടങ്ങി.

### തിരുവിതാംകൂർ സദർക്കോടതി ജഡ്ജി.

"തത്പുരം ലവപുരം തന്നിലൊൻപതുവർഷം
തത്പ്രിയ ശിഷ്യന്മാരുമൊന്നിച്ചു വസിക്കവെ
സത്പുമാനൊരുത്തൻ പോയ്ജ്ജഗത്തിലെല്ലാടവും
ഇപ്രകാരമോരോരോ വിശിഷ്ടകർമ്മങ്ങളെ
അപ്രമേയങ്ങളായിച്ചെയ്കയാലതു കേട്ടി-
ട്ടിപ്രദേശത്തു വരുത്തീടണമെന്നുതന്നെ
ഉൾപ്പൂവിലോർത്തിക്ഷോണീവല്ലഭൻ വഞ്ചീശ്വരൻ
കല്പനാപത്രമൂലമയച്ചു മത്താതനു.
ഇപ്രകാരമെന്നില്ല സന്തോഷാംബുധൌ താത-
നപ്പത്രം കണ്ടനേരമത്യന്തം നിമഗ്നനായ്.
തത്പ്രജതാനെന്നുള്ളതുൾപ്പൂവിലോർത്തും പിന്നെ
തത്പാദസേവയ്ക്കേറ്റം മാഹാത്മ്യമെന്നും കണ്ടോൻ.
തന്നുടെസ്വാമിയാകും രണജിത്സിംഹഭൂപ-
സന്നിധിതന്നിൽച്ചെന്നു സർവ്വമുണർത്തിച്ചു
മന്നവനനുവാദമാവതും പണിപ്പെട്ടു-
പ്പന്നഗശായിപുരം പൂകുവാൻ വാങ്ങി വാങ്ങി
സന്നാഹത്തോടും കൂടിയാത്രയും പുറപ്പെട്ടു
വന്നമന്നോരോവസ്തുസഞ്ചയസമന്വിതം."

ലാഹൂരിൽ ജ്യോത്സ്യർ ഒൻപതുകൊല്ലം കഴിച്ചുകൂട്ടി. സ്വന്തം കോലത്തുനാട്ടിൽനിന്നു് ഉത്തരദേശങ്ങളിൽചെന്നു വിശിഷ്ടകർമ്മങ്ങളാൽ അപ്രമേയകീർത്തിനേടി ഉത്തമപുരുഷനെന്ന പേരു സമ്പാദിച്ച കഥാനായകനെപ്പററി അക്കാലത്തെ വഞ്ചീശനായ ശ്രീമാൻ സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഗ്രഹിച്ചു് തിരുവിതാംകൂറിൽ വരാൻ ജ്യോത്സ്യർക്കു തിരുവെഴുത്തയച്ചു. അ

കല്പന കണ്ടമാത്രയിൽ ജ്യോത്സ്യർ സന്തോഷസാഗരത്തിൽ മുഴുകി. താൻ വഞ്ചിരാജാവിൻെറ പ്രജയാകയാൽ ആ തൃപ്പാദസേവയ്ക്കു മഹിമകൂട്ടുമെന്നു വിശ്വസിച്ചു തിരുവെഴുത്തു കിട്ടിയിരിക്കുന്ന വിവരം മഹാരാജരഞ്ജിററ്സിങ്ങിനെ ജ്യോത്സ്യർ ധരിപ്പിച്ചു. ആ തിരുമേനി പണിപ്പെട്ടു് അനുജ്ഞയരുളിയതുകൂടാതെ സമ്മാനങ്ങളും വേണ്ട ധനവും ബ്രിട്ടീഷ് അധികാരസ്ഥന്മാൎക്കു ലേഖനങ്ങളും കൊടുത്തു യാത്രയാക്കി. അംഗരക്ഷകന്മാരായി ഏതാനും ഭടന്മാരെയും കൂടി അയച്ചു. മഹാരാജാവിൽനിന്നും ലഭിച്ച ഭൂസ്വത്തിനെ 5200 രൂപാ പ്രതിവഷം പാട്ടംനിശ്ചയിച്ചു നസ്റർ രാജാ ദയാനസിങ്ങ് എന്ന വത്തകനെ ജ്യോത്സ്യർ ഏല്പിച്ചു. പിടിപാടായി പതിനായിരം രൂപാ മുൻകൂറുവാങ്ങി. ആ തുകയും വേറെ കൈവശമുണ്ടായിരുന്ന 5000 രൂപായുംകൂടി ബ്രിട്ടീഷുകാരുടെവക ലൂദിയാനഭണ്ഡാരത്തിൽ നിക്ഷേപിച്ചു. ഭണ്ഡാരാധികൃതൻ മിസ്റ്റർ മെൽവല്ലിൻെറ രസീതുവാങ്ങി ലാഹൂരിൽനിന്നും പുറപ്പെട്ടു.

"പുണ്യപൂരുഷന്തന്നെക്കണ്ടെതിരേററു ഗൌരണ-
ജ്ജനനലാം വില്യംബെൻറിക്കാജ്ഞയാലെല്ലാവരും.
അനന്തപുരശ്രീകണ്ഠനന്താനന്ദംപൂണ്ടു
മനന്തന്നിലെല്ലാരും മറന്നു പൂൎവ്വവൃത്തം
പരം തം പദ്മനാഭം പണിഞ്ഞുപണിഞ്ഞൊരു-
ദിനന്തന്നിലെൻതാതൻ ഗമിച്ചു നൃപാന്തികം.
സ്വാതിഭാഗ്യത്താലൂഴിഭരിച്ചോരധീശ്വരൻ
സ്വാതിനക്ഷത്രജാതനഖിലകലാനിധി
ഭേദമില്ലാതെ പ്രജാപാലനംചെയ്തിട്ടു സാ-
കേതാധിപതിയാകും ശ്രീരാമസ്വാമിപോലെ
ആതുരന്മാരിലനുകമ്പയാവത്തിച്ച ഭൂ-
പതിവീരന്മാൎക്കധിപതിയാം ശ്രീവഞ്ചീശൻ-
തന്തിരുമുൻപിൽച്ചെന്നു തന്തിരുപ്പാദംകൂപ്പി-
ച്ചന്തമേറീടും പല കാഴ്ചകൾ വച്ചീടിനാൻ."

* * * *

"ദുൎല്ലഭമായ പല ഭാഷ്യങ്ങൾ പുരാണങ്ങൾ
എല്ലാമപ്രഭുവിനു ദൃഷ്ടിഗോചരമായി
ചൊല്ലിനാനവററകൾനാമങ്ങൾ വേറെവേറെ
കല്യാണശീലന്തന്നോടിങ്ങനെ മത്താതനും
ഇന്നിതുദേവീഭാഷ്യം, ഇന്നിതു നാമഭാഷ്യം,
ഇന്നിതു ധൎമ്മശാസ്ത്രം, ഇന്നിതു കല്പസൂത്രം,
ഇന്നിതു കാശീഖണ്ഡം ഇന്നിതു ഗൌരീതന്ത്രം,
ഇന്നിതോ മഹീശ്വര ജ്ഞാനവാസിഷ്ഠമല്ലോ.

പഞ്ചമപുരാണമാമിദ്ദേവീഭാഗവതം
പഞ്ചമിന്നാട്ടിലതുകൊണ്ടെത്തുംകൊണ്ടുവന്നേൻ
പഞ്ചബാണാരിപ്രിയാമാഹാത്മ്യമൊന്നാലിപ്ര-
പഞ്ചത്തിന്നിദാനത്തെക്കണ്ടു ബോധിക്കാത്തോരും
തഞ്ചത്തിലൊരുദിശി സഞ്ചരിക്കുന്നകാലം
പഞ്ചാബ്ദേശത്തിൽനിന്നും കൊണ്ടുവന്നിപ്പുരാണം.
വഞ്ചീശനിവകേട്ടു സന്തോഷിച്ചതുമല്ല
സഞ്ചിതപുണ്യാത്മാവെന്നോതിനാനെൻതാതനെ
ഇപ്പുരാണത്തിൻതത്വം മത്പ്രജകൾക്കെല്ലാക്കും
ഉൾപ്പൂവിലെത്തുവോണം ഭാഷയിൽച്ചമയ്ക്കണം
ഇപ്രകാരമബ് ഭൂമീപാലകന്നിയോഗത്തെ
മത്പിതാവാദരിച്ചു വഴങ്ങിവാങ്ങിത്തദാ."

ജ്യോത്സ്യരുടെ അനന്താലയയാത്ര എത്രയും സുഖകരമാകുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവർണ്ണർ ജനറൽ ചെയ്തു. ആഡംബരസമന്വിതം ജ്യോത്സ്യർ തിരുവനന്തപുരത്തു വന്നുചേർന്നു. ശ്രീപത്മനാഭദർശനാനന്തരം രാജസന്നിധിയെപ്രാപിച്ചു മഹാരാജാവിൻെറ തിരുമുൻപിൽ പലതും കാഴ്ചവച്ചു. ആ കൂട്ടത്തിൽ ദുർല്ലഭങ്ങളായ പല അമൂല്യഗ്രന്ഥങ്ങളുമുണ്ടായിരുന്നു. ജ്യോത്സ്യർ ഒരു പുണ്യാത്മാവാണെന്നു തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തു. സംസ്കൃതാനഭിജ്ഞരായ പ്രജകൾക്കു ഗ്രഹിക്കത്തക്കവണ്ണം ദേവീഭാഗവതത്തെ ഭാഷയിൽ വിവർത്തനംചെയ്യണമെന്നു കല്പിച്ചു ജ്യോത്സ്യരെ തിരിയെ ഏല്പിച്ചു. അന്നത്തെ സന്ദർശനം അങ്ങനെ അവസാനിച്ചു.

"പ്രഥിതപ്രഭാവത്തോടച്ചനെ വഞ്ചീശ്വരൻ
പ്രഥമപ്രാഡ്വിവാകസ്ഥാനത്തിലാക്കീടിനാൻ
അഥ ധർമ്മശാസ്ത്രത്തിൻപൊരുളാകവേ നോക്കി
വിധിചെയ്തുവ ബ്രഹ്മവിധിയായകാലത്തിൽ."

മനുഷ്യരുടെ യോഗ്യതയറിയുന്നതിൽ അതിസമർത്ഥനായിരുന്ന സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ടു് അചിരേണ ശങ്കരനാഥ ജ്യോത്സ്യരെ അന്നത്തെ ഹൈക്കോടതിയായ തിരുവനന്തപുരം സദർക്കോർട്ടിൽ ഒന്നാംജഡ്ജിയായി കല്പിച്ചു നിയമിച്ചു. ധർമ്മശാസ്ത്രാനുസാരം ശങ്കർനാഥ് പ്രശാന്തഗംഭീരമായി നീതിന്യായപരിപാലനം നിർവ്വഹിച്ചുവന്നു.

വിവാഹം

"പാർത്ഥലന്തന്നിൽമഹാകീർത്തിമനോകം വീര-
മാർത്താണ്ഡമഹീപതി ഗാത്രരക്ഷയ്ക്കായ്പ്പോരിൽ

മാത്രയും മടിയാതെ മരിച്ച മാതുലന്തൻ-
ഗോത്രജന്മാരാമെൻറ ജനനീഭ്രാതാക്കളും"

* * * *

"പതിയായ് വന്നപ്പുണ്യപുരുഷനതിൽപ്പിന്നെ
സതിയാം ലക്ഷ്മീദേവിയാകുമെൻ മാതാവിനു
അതിലഞ്ചുപേർമക്കളമ്മയ്ക്കു, മത്താത്നു
സുതനായ് ഞാനുമൊരുഭഗിനിയില്ലയവൾ."

തിരുവനന്തപുരത്തു നെല്ലമൺ അധികാരത്തിൽ ആററുകാൽ പ്രദേശത്തു ചെറുകര എന്നു പേരുപെററ ഒരു ഭവനം സ്ഥിതിചെയ്തിരുന്നു. വീരയോദ്ധാക്കളായിരുന്ന ആ ഭവനത്തിലെ പുരുഷന്മാരിൽ അനേകംപേർ രാജാവിനും രാഷ്ട്രത്തിനുംവേണ്ടി പടവെട്ടി മരിച്ചിട്ടുണ്ടു്. അവരുടെ രാജഭക്തി, ദേശാഭിമാനം, ധീരോദാത്തത, ത്യാഗശീലം മുതലായ മഹാഗുണങ്ങളെ പരിഗണിച്ചു് ആ കുടുംബക്കാർക്ക അന്നു വേണ്ട ബഹുമതിയും സംഭാവനകളും നല്കപ്പെട്ടിട്ടുണ്ടു്. ആ മാന്യകുടുംബത്തിലെ ലക്ഷ്മിഅമ്മ എന്ന മഹതിയെ പൌരുഷമതിയായ ജ്യോത്സ്യർ വിവാഹംകഴിച്ചു. അവരിൽ ശങ്കരനാഥജ്യോത്സ്യർക്ക് ഒരു പുത്രനും ഒരു പുത്രിയും് ജനിച്ചു. പുത്രനു ശങ്കരൻ എന്നും പുത്രിക്കു കാമാക്ഷി എന്നും പേരു്.

വീണ്ടും പഞ്ചാബിൽ.

"നന്ദിനീനന്ദനന്മാരൊരുമിച്ചത്യാനന്ദ-
മെന്നുടെ പിതാവങ്ങു വസിക്കുംകാലമല്ലോ
പുണ്യകീർത്തിയും പുരുഷാർത്ഥവും സാധിക്കുവാൻ
പിന്നെയുമോരോ ധർമ്മചിന്തനചെയ്തീടിനാൻ.
തന്നിമിത്തമായൊരു സത്രമക്ഷീരാടവി-
തന്നിലന്തണന്മാർക്കായ് കല്പിച്ചാനതിൽപിന്നെ
വന്നമാന്യരുള്ള ഭൂക്തി തത്ര ചെയ്യെല്ലാവരു-
മിന്നുമെൻപിതാവിനെ പുകഴ്ത്തുന്നത്യുച്ചത്തിൽ."

ജ്യോത്സ്യർ അതിശ്ലാഘ്യമായി സ്വകൃത്യം നിർവ്വഹിച്ചുപോരികയാൽ നാട്ടിലെ ചില പ്രമാണികൾക്കു പതിവുപോലെ നിദ്രാഭംഗം നേരിട്ടു. അവർ അദ്ദേഹത്തെക്കുറിച്ചു ദൂഷണങ്ങൾ പ്രചരിപ്പിച്ചതുകൂടാതെ രഹസ്യത്തിൽ പല കൃത്രിമങ്ങളും ആരംഭിച്ചു. കാലക്രമേണ പ്രതികൂലകക്ഷികളും വർദ്ധിച്ചു. വിവരങ്ങളെല്ലാം ജ്യോത്സ്യർ തിരുമനസ്സിനെ ഉണർത്തിക്കയും, കല്പനപ്രകാരം ഉദ്യോഗം രാജിവച്ചു സ്വന്ത നാടായ ഉത്തരമലയാളത്തിലേക്കു യാത്രയാകയും ചെയ്തു.

അവിടെ മാതാവിനോടും ബന്ധുജനങ്ങളോടുംകൂടി കുറേനാൾ നയിച്ചിട്ടു വീണ്ടും തീൎത്ഥാടനത്തിനു സ്വഭവനം വിട്ടു. പല സ്ഥലങ്ങളിലും സഞ്ചരിച്ചു് 1835-ൽ പിന്നെയും ലാഹൂരിൽ എത്തിച്ചേൎന്നു. തന്റെ പൂൎവ്വവിശ്വസ്തമിത്രവും ഉപദേഷ്ടാവുമായ ജ്യോത്സ്യരുടെ പുനരാഗമനം മഹാരാജരഞ്ജിററു്സിങ്ങിനു സന്തോഷത്തേയും സമാധാനത്തേയും ജനിപ്പിച്ചു. അചിരേണ പൂൎവ്വസ്ഥാനത്തു് പൂൎവ്വാധികാരപൂൎവ്വം ജ്യോത്സ്യർ നിയമിക്കപ്പെട്ടു. അങ്ങനെ ഉദ്യോഗം നിൎവ്വഹിച്ചുവരവെ 1839 ജൂൺമാസം 27-ാംതീയതി രഞ്ജിററു്സിങ്ങ് മഹാരാജാവു നാടുനീങ്ങി. പകരം കറാക്കസിങ്ങ് സിംഹാസനാരോഹണം ചെയ്തു. ആ രാജാവു തന്റെ മുൻഗാമിയെപ്പോലെ ബുദ്ധിമാനും ധീരനുമായിരുന്നില്ല. ആകയാൽ ലാഹൂർ വിടുന്നതാണു് നല്ലതെന്നു ജ്യോത്സ്യൎക്കു തോന്നിത്തുടങ്ങി. ഇങ്ങനെയിരിക്കുമ്പോൾ 1840 നവംബർമാസം 5-ാംതീയതി കറാക്കസിങ്ങ് കാലധൎമ്മം പ്രാപിച്ചു. ഷേർസിങ്ങ് സ്ഥാനമേററു. ഷേർസിങ്ങിനോടൊന്നിച്ചും കുറേക്കാലം ജ്യോത്സ്യർ ഉദ്യോഗം നിൎവ്വഹിച്ചു. അക്കാലത്താണു് സിക്കുകാരുടെ പ്രകൃതം മാറി പഞ്ചാബിൽ അരാജകത്വം പടൎന്നു പിടിച്ചതു്. അതിനെ അമൎച്ചചെയ്തു സമാധാനം സ്ഥാപിക്കാൻ ജ്യോത്സ്യർ പല മാൎഗ്ഗങ്ങളും നോക്കിയെങ്കിലും ഒന്നും ഫലപ്പെട്ടില്ല. അന്തശ്ഛിദ്രങ്ങൾമൂലം പഞ്ചാബു ഗവൎമ്മെന്റും ബ്രിട്ടീഷ് ഗവൎമ്മെന്റും തമ്മിൽ പിടിവീഴുമെന്നു ദീൎഘദൎശിയായ ജ്യോത്സ്യർ കണ്ടു. മേലാൽ അവിടത്തെ വാസം ശുഭമല്ലെന്നു തീൎച്ചപ്പെടുത്തി 1844-ൽ പഞ്ചാബു് വിട്ടു. ജ്യോത്സ്യരുടെ ദീൎഘദൎശനംപോലെ അന്തശ്ഛിദ്രവും രാജ്യത്തിലെ അരാജകത്വവുംകണ്ടു് ബ്രിട്ടീഷുകാർതന്നെ കലാപങ്ങൾക്കു ഒതുക്കം വരുത്തുകയും 1849-ൽ പഞ്ചാബിനെ തങ്ങളുടെ അധീനതയിലാക്കുകയും ചെയ്തു.

### ഫൌസദാറി കമ്മിഷണർ.

ലാഹൂരിൽനിന്നും ജ്യോത്സ്യർ നേരേ തിരുവനന്തപുരത്താണു് വന്നുചേൎന്നതു്. അപ്പോഴും സ്വാതിതിരുനാൾ മഹാരാജാവുതന്നെ തിരുവിതാംകൂർ ഭരിക്കുന്നു. ജ്യോത്സ്യർ മുഖം കാണിച്ചു. തിരുമേനി സന്തോഷിച്ചു് പൂൎവ്വോദ്യോഗസ്മാരകാൎത്ഥം ജ്യോത്സ്യരെ കൊട്ടാരം ഫൌസദാറി കമ്മിഷണരായി നിയമിക്കയും അദ്ദേഹം ശ്രീകണ്ഠേ

ശരം ക്ഷേത്രത്തിനു സമീപം ഒരു ഭവനം വാങ്ങി പാർപ്പുറപ്പിക്കയും ചെയ്തു. അപ്പോൾമുതൽ ജ്യോത്സ്യരുടെ മാതാവും മരണംവരെ ഒരുമിച്ചുതന്നെ വസിച്ചിരുന്നു.

ഇതിനിടയ്ക്കു് പാലയ്ക്കാട്ടു തെന്മലപ്പുറത്തു കിഴക്കഞ്ചേരിഗ്രാമത്തിൽ കാമാക്ഷീക്ഷേത്രവും തീർത്ഥയാത്രക്കാർക്കു ഒരു സത്രവും സ്ഥാപിച്ചു. ക്ഷേത്രകാര്യങ്ങളും ഊട്ടും ഇപ്പോഴും ക്രമമായി നടന്നുവരുന്നുണ്ടു്. ആ പ്രദേശങ്ങളിൽ ഇന്നും ജ്യോത്സ്യരെപ്പററി വലിയ പ്രശംസയാണു്.

"മക്കളുമൊന്നിച്ചേവം വസിക്കും കാലമല്ലൊ
ഇക്കൃതി ചമയ്ക്കുവാനൊരുമ്പെട്ടതിതാദരം
തത്കഥാചമത്കൃതികൊണ്ടതി മാത്രം താതൻ
ചിത്കലാധ്യാനം തന്നിലുറപ്പിച്ചാത്മാവിനെ."
അഷ്ടമസ്കന്ധത്തോളമിപ്പുരാണത്തെത്താതൻ
സ്പഷ്ടമേ കിളിപ്പാട്ടായ്ച്ചമച്ചശേഷം പിതാ-
വൊട്ടേറെയനുഗ്രഹിച്ചെനിക്കീവണ്ണമവ-
ശിഷ്ടത്തെ നല്കിമഹാശ്രീപുരംഗമിച്ചഹോ"

രഞ്ജിററ്സിങ് മഹാരാജാവു ജ്യോത്സ്യർക്കു് രണ്ടു ഗ്രാമങ്ങളെ ദാനം ചെയ്തിരുന്നതായി മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബ്രിട്ടീഷ് അധികാരത്തിൽ പഞ്ചാബു് ലയിച്ചതോടുകൂടി ആ ഗ്രാമങ്ങളും അവരുടെ കൈവശം ചേർന്നു. ലൂദിയാനാഭണ്ഡാരത്തിൽ നിക്ഷേപിച്ചിരുന്ന പതിനയ്യായിരം രൂപയും അവരിലായി. ജ്യോത്സ്യർ തിരുവനന്തപുരത്തു താമസമായശേഷം ആ രണ്ടു ഗ്രാമങ്ങൾ തനിക്കു പൂർണ്ണാവകാശം സിദ്ധിച്ചവയാകയാൽ ജാഗീർ എന്ന നിലയിൽ ന്യായപ്രകാരം ഗ്രാമങ്ങളോ അല്ലെങ്കിൽ അവയിലെ മുതലെടുപ്പാദായമോ കിട്ടണമെന്നും ലൂദിയാനാഭണ്ഡാരത്തിൽ നിക്ഷിപ്തമായ സംഖ്യ പലിശസഹിതം തരുവിക്കണമെന്നും കാണിച്ചു വേണ്ട രേഖകൾസഹിതം 1844 നവംബർമാസം 13-ാംതീയതി കോർട്ടു് ആഫ് ഡയറക്ടേഴ്സിനും, 1847 മേമാസം 24-ാംതീയതി ഇന്ത്യാഗവർണർ ജനറലിനും, 1853 ജൂലൈമാസം 14-ാംതീയതി ഹോം സെക്രിട്ടറി മുഖാന്തരം വിക്ടോറിയാ മഹാരാജ്ഞിക്കും ഹർജികൾ അയച്ചു. മൂന്നാമത്തെ ഹർജിക്കു "ഡയറക്ടർ ആഫ് ബോർഡു മുഖേന പരിഹാരം നേടിക്കൊള്ളണം" എന്നായിരുന്നു പ്രധാനമന്ത്രി പാമേഴ്സ്റ്റൺപ്രഭുവിന്റെ മറുപടി. കഴിവുള്ള ശ്രമമെല്ലാം ചെയ്തിട്ടും ഫലമൊന്നുമുണ്ടായില്ല.

ദേശാടനം, പുണ്യക്ഷേത്രദർശനം ഇത്യാദികൊണ്ടു് ഉത്തമഭക്തനും ജീവകാരുണ്യമൂർത്തിയുമായിത്തീൎന്ന പണ്ഡിററു് ശംകർനാഥ് രാജകല്പനപ്രകാരം ദേവീഭാഗവതം ഭാഷയിൽ രചിക്കാനാരംഭിച്ചു. അഷ്ടമസ്കന്ധംവരെ എഴുതിത്തീൎത്തു. ശേഷംകൂടി എഴുതുന്നതിനു സൌകൎയ്യമില്ലാതാവുകയാൽ ഗ്രന്ഥത്തിൻെറ പൂൎത്തീകരണം പുത്രനായ ശങ്കരപ്പിള്ളയെ ഭരമേല്പിച്ചു. സ്വാതിതിരുനാൾ തിരുമേനി 1022-ൽ നാടുനീങ്ങുകയാൽ ഭാഷാന്തരംചെയ്ത ഭാഗമെങ്കിലും തൃക്കൺപാൎക്കാനിടയായില്ല.

ഉത്രംതിരുനാൾ മാൎത്താണ്ഡവൎമ്മമഹാരാജാവു് രാജ്യഭാരം കൈയേററു. ആ തിരുമേനിക്കും ചരിത്രനായകനോടു വാത്സല്യമായിരുന്നു. തിരുമനസ്സുകൊണ്ടു പലപ്പോഴും ഓരോ പ്രശ്നങ്ങൾ വിനോദാൎത്ഥം ചോദിക്കയും ജ്യോത്സ്യർ ശരിക്കു ഫലങ്ങൾ പറകയും ചെയ്തു പതിവായിരുന്നു. സ്വൎണ്ണം കെട്ടിയ രുദ്രാക്ഷമാല, വലംപിരിശംഖ്, ദന്തപ്പല്ലക്കു്, മേനാവു മുതലായ പലതും ജ്യോത്സ്യൎക്കു് തിരുമേനി കല്പിച്ചു സമ്മാനിച്ചിട്ടുണ്ടു്.

ഒരിക്കൽ മഹാരാജസന്നിധിയിൽവച്ചു് ഒരുദ്യോഗസ്ഥൻ "വയസ്സായില്ലേ; ഇനി മരിച്ചുകൂടേ" എന്നു് നേരമ്പോക്കായി ജ്യോത്സ്യരോടു ചോദിച്ചു. അതിലേക്കു് "നിങ്ങളെ അയച്ചിട്ടേയുള്ളു" എന്നുത്തരം പറഞ്ഞു. അന്നു രാത്രി ആ ഉദ്യോഗസ്ഥൻ ജ്യോത്സ്യരുടെ ഭവനത്തിൽച്ചെന്നു് "നിങ്ങൾ ഇന്നു തിരുമുമ്പിൽവച്ചു പറഞ്ഞതു വെറും നേരമ്പോക്കല്ലേ; അതോ വല്ല വാസ്തവവുമുണ്ടോ" എന്നു് ജ്യോത്സ്യരോടു ചോദിച്ചു. "വല്ല പുണ്യകൎമ്മവും ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ ഏഴുദിവസത്തിനകം ആയിക്കൊള്ളൂ." എന്നായിരുന്നു മറുപടി. പ്രസ്തുത ഉദ്യോഗസ്ഥൻ എട്ടാംദിനം കാലഗതിയെ പ്രാപിച്ചു. ഈ സംഭവം മഹാരാജാവുതിരുമേനി അറിഞ്ഞു് അത്ഭുതപ്പെട്ടുപോയി.

"വലിയ മഹൎഷികൾ ചൊന്നാൽ
ഫലമാംവാക്കിൻെറ പിന്നിലോടിവരും"

എന്നു പറഞ്ഞപോലെ ശങ്കരനാഥജ്യോത്സ്യരുടെ പ്രവചനങ്ങളേയും ഫലങ്ങളേയും രേഖപ്പെടുത്താനാണെങ്കിൽ ധാരാളമുണ്ടു്. വിസ്തരഭയത്താൽ അതിനു തുനിയുന്നില്ല.

ഇങ്ങനെ രാജഭക്തനായും ജനങ്ങളാൽ ആദൃതനായും കാലം നയിച്ചുവരവേ ശ്രീകണ്ഠേശ്വരത്തു സ്വഭവനത്തിൽവച്ചു് 1034-ാമാണ്ടു തുലാമാസം 28-ാംതീയതി അറുപത്തൊൻപതാമത്തെ വയസ്സിൽ ശങ്കരനാഥജ്യോത്സ്യർ ദിവംഗതനായി. ജ്യോത്സ്യരുടെ മരണവാർത്ത തിരുമേനിയെ വളരെ വ്യസനിപ്പിച്ചു. സംസ്കാരാദി കർമ്മങ്ങൾക്കു തിരുമനസ്സുകൊണ്ടു് ഇരുനൂറു രൂപാ ഉടനെ കല്പിച്ചനുവദിക്കയുമുണ്ടായി.

വിശിഷ്ടവും സംഭവബഹുലവുമായ ഒരു പുഷ്കലജീവിതത്തിനുശേഷം മഹാപണ്ഡിതനും പ്രഗല്ഭമതിയുമായ ഈ വന്ദ്യപുരുഷൻ, തന്റെ അപദാനങ്ങളാൽ ആസേതുഹിമാചലം അനശ്വരയശസ്സു സംസ്ഥാപിച്ചുകൊണ്ടു ഭാരതീയക്കും പ്രത്യേകിച്ചു കേരളീയക്കും അഭിമാനപ്രദമായ സ്വജീവചൈതന്യത്തെ സർവേശ്വരനിൽ അർപ്പിച്ചു.

രണ്ടാം ഭാഗം.

# ആറുകാൽ ശങ്കരപ്പിള്ള.

## വന്ദനം.

കോളംബേ രമ്യനിത്യേ ഗവി ദിവസപതൌ വായുഭേ ശങ്കരാഖ്യം
ജാതം സന്മാന്യഭാഷാകവികലവരസമ്രാട്പദാരൂഢമീഡ്യം।
ഖക്ഷ്മേസ്സിൻ ചേതനാഢ്യേ ധനുഷി ദിനപതൌ വീരസംഖ്യേഹ്നി ദേഹം
മുക്ത്വാ സ്വർഗ്ഗം പ്രവിഷ്ടം മമ ജനകമഹം നൌമി സദ്ഭക്തിപൂർവം॥

ഭുവി സംപ്രതി കേരളീയഭാഷാ—
കവിസംഘേ പ്രഥമംഗണേയനാമാ।
അവിസമ്മതിലേശമേഷ ഭാഷാ—
കവിസമ്രാഡിഹ ശങ്കരസ്സമിന്ധേ॥

കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

അലങ്കാരൈർഹൃദ്യൈർദ്ധ്വനിഗുണരമണീയാ ഗുണവതീ
രസവ്യക്തിം വാക്യൈർമ്മധുരപദവർണ്ണൈർവ്വിദധതീ।
സ്ഫുരദ്ഭാവാശയ്യാമധിഗതവതീ ശങ്കരകൃതിർ-
ബ്ബുധേ കസ്യൈസ്തു പ്രീതിം ന ദിശതി ഗഭീരേവ വനിതാ॥

ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ.

## ബാല്യവും വിദ്യാഭ്യാസവും.

ഭാഷാകവിസമ്രാട്ടെന്നു സുപ്രസിദ്ധനായ ആററുകാൽ ശങ്കരപ്പിള്ള തിരുവനന്തപുരത്തു ആററുകാൽ ചെറുകര ഭവനത്തിൽ കൊല്ലവഷം 1012 ഇടവമാസം സ്വാതിനക്ഷത്രത്തിൽ ജനിച്ചു. ചെറുകരഭവനം പുരാതനവും സുപ്രസിദ്ധവുമായ ഒന്നാണു്. ആ ഭവനത്തിലെ ഒരംഗമായ ലക്ഷ്മിഅമ്മ എന്ന മഹതിയെ തിരുവിതാംകൂർ സദർക്കോടതി ഒന്നാംജഡ്ജായിരുന്ന ശങ്കരനാരായണജ്യോത്സ്യർ (പണ്ഡിററ് ശങ്കർനാഥ്) വിവാഹംചെയ്തു. അവരുടെ പ്രിയപുത്രനത്രെ ആററുകാൽ ശങ്കരപ്പിള്ള.

97 60

"ഉടയോനാദ്യാചാര്യനമലാന്തരാത്മാവോ-
ട്ടടയോനനേകാന്തേവാസികളോട്ടുമെന്നിൽ
കടികൊള്ളുമാ ശ്രീമാനാവതും തുണയ്ക്കുവാ-
നടിയേമുടിക്കൂപ്പിപ്പണിയുന്നേറം ഭക്ത്യാ."

"ഇപ്പാരിൽ പ്രസിദ്ധികേട്ടെപ്പേരുമുൾബോധമാം
കല്പകത്തെത്തവിത്തു തൻശിഷ്യഹൃത്‌കേദാരത്തിൽ
ശില്പമായ് മുളപ്പിച്ചോരെൻഗുരുസ്വാമിയാകും
അപ്പാശ്രീശർമ്മാവുതൻ തൃപ്പാദം പണിയുന്നേൻ."

"ഖേലത്തോരെശന്തേജഃപ്രസിദ്ധമെല്ലാടവും
മഹത്വമേറുന്ന തത്‌പ്രത്യക്ഷമായിങ്ങനെ
നരത്വവ്യാജേനവന്നവതാരത്തെച്ചെയ്തോ-
രിലത്തൂർബ്രഹ്മജ്യോതിസ്സൊന്നഹോ വിളങ്ങുന്നു.
യാതൊന്നിൻ ഗുണശ്രേണിചൊല്ലുവാനാക്കുംപണി
യാതൊന്നിൻ കീർത്തിവല്ലി നിജ്ജിതാശേഷമല്ലി
യാതൊന്നിൻ വാണീധരി പീയൂഷപ്രഭാകരി
യാതൊന്നിൻ തത്വബോധം പാർക്കിലോ ഭൂയിഷ്ഠഗാധം
യാതൊന്നിൻ ധ്യാനരൂപം ചിത്‌കലാസൂക്ഷ്മദീപം
യാതൊന്നിന്നിത്യകൃത്യം യോഗികൾക്കതിസ്തുത്യം
യാതൊന്നിൻ കാവ്യബന്ധം ഗണനേ സദാനന്ദം
യാതൊന്നിൻ കൃപാശീലം ചൊല്ലുവാനഹംനാലം
യാതൊന്നിൻതിരുനാമം രാമശർമ്മാഭിരാമം
യാതൊന്നിൻ സൂകിങ്കരൻ പാർക്കിലിന്നീശങ്കരൻ."

അദ്ദേഹത്തിന്റെ പ്രഥമഗുരു തിരുവനന്തപുരത്തു പഴവങ്ങാടിയിൽ വിദ്യാലയം സ്ഥാപിച്ചു് അദ്ധ്യാപനം നടത്തിക്കൊണ്ടിരുന്ന കാലടിയിൽ കൊച്ചുവീട്ടിൽ ഉടയാൻപിള്ള ആശാനായിരുന്നു. പിന്നീട്ട സംസ്കൃതം അഭ്യസിപ്പിക്കാൻ പാലക്കാട്ടുനിന്നും അപ്പാശാസ്ത്രികൾ എന്ന പണ്ഡിതനെ തിരുവനന്തപുരത്തു വരുത്തിത്താമസിപ്പിച്ചു. ആ ഗുരുവിൽനിന്നു ശങ്കരപ്പിള്ള കാവ്യനാടകാലങ്കാരങ്ങൾ അഭ്യസിച്ചു. അനന്തരപഠനത്തിനുമുൻപു ശാസ്ത്രികൾക്കു സ്വദേശത്തേയ്ക്കു മടങ്ങേണ്ടിവന്നു. അതിനാൽ വലിയകൊട്ടാരം സദസ്യരായിരുന്ന ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ഗുരുസ്ഥാനം കൈയേററു. അദ്ദേഹം അലങ്കാരശാസ്ത്രം, വൃത്തശാസ്ത്രം, സിദ്ധാന്തകൌമുദി മുതലായവയെ സമഗ്രമായി ഗ്രഹിപ്പിച്ചതുകൂടാതെ ശങ്കരപ്പിള്ളയുടെ ആദ്ധ്യാത്മികഗുരുവുമായി. അദ്ദേഹത്തിനു ശങ്കരപ്പിള്ളയോടു പുത്രനിർവ്വിശേഷമായ വാത്സല്യമാണുണ്ടായിരുന്നതു്. ഒരിക്കൽ ഉത്രംതിരുനാൾ തിരുമനസ്സുകൊണ്ടു് "ശാസ്ത്രിയുടെ പില്ക്കാലത്തു പേരെടുക്കാൻ ആരുണ്ടു്?" എന്നു കല്പിച്ചുചോദിച്ചതിനു "അപ്പയ്യൻ പോററിയെന്നും ശങ്കരപ്പിള്ളയെന്നും രണ്ടു പുത്രന്മാരുണ്ടു്." എന്നു അറിയിച്ചതായി ഒരു കേഴ്വിയുണ്ടു്. പിതാവുതന്നെയാണു് ശങ്കരപ്പിള്ളയെ ജ്യോതിഷവും ഹിന്ദുസ്ഥാനിയും അഭ്യസിപ്പിച്ചതു്.

ശങ്കരനാഥജ്യോത്സ്യർ പുത്രനുമൊന്നിച്ചു അന്നത്തെ ബ്രിട്ടീഷു റസിഡണ്ടു കർണൽ കല്ലൻദ്വാരയെ കാര്യവശാൽ സന്ദർശിക്ക പതിവുണ്ടായിരുന്നു. ഒരു സന്ദർഭത്തിൽ ജ്യോത്സ്യരോടു ദ്വാര ഇങ്ങനെ ചോദിച്ചു:—

ദ്വാര—പുത്രൻ ഇംഗ്ലീഷ് പഠിക്കുന്നുണ്ടോ?

ജ്യോ—ഇല്ല. സംസ്കൃതം വായിക്കയാണു്.

ദ്വാര—അതുപോരാ; ഇംഗ്ലീഷ് പഠിപ്പിക്കണം. ഇനിയുള്ള കാലത്തു് ഇംഗ്ലീഷിനാണു് മാഹാത്മ്യം. (ശങ്കരപ്പിള്ളയെനോക്കി) കേട്ടോ, ഇംഗ്ലീഷു് പഠിക്കണം. രണ്ടുകൊല്ലംകഴിഞ്ഞു ഇവിടെവന്നു് അച്ഛന്റെ ദ്വിഭാഷിസ്ഥാനം വഹിച്ചാൽ ഞാൻ തക്ക സമ്മാനം തരുന്നതായിരിക്കും.

പിതാവിനും പുത്രനും ദ്വാരയുടെ ഉപദേശത്തിൽ ഔത്സുക്യം ജനിച്ചു. ഇംഗ്ലീഷുസ്കൂളിലെ അത്യക്ലാസിൽ പ്രവേശിക്കാനുള്ള

പ്രായം അല്പം അതിക്രമിച്ചുപോയതുകൊണ്ടു് ആദ്യപാഠങ്ങൾ ഗൃഹത്തിൽവച്ചുതന്നെ ശങ്കരപ്പിള്ളയെ അഭ്യസിപ്പിക്കുന്നതിനു തിരുവനന്തപുരത്തു പേട്ടയിൽ ഒരു പുരാതന മാന്യകുടുംബത്തിൽപ്പെട്ട മിസ്റ്റർ കമ്പാലൻറു എന്ന ആളിനേയും പിന്നീടു് അന്നത്തെ ഫ്രീസ്കൂളിലെ അദ്ധ്യാപകനായിരുന്ന ബ്രഹ്മശ്രീ ശങ്കരസുബ്ബയ്യരവർകളേയും ചുമതലപ്പെടുത്തി. അക്കാലത്തു് ഒരവസരത്തിൽ ശങ്കരനാഥജ്യോത്സ്യർ ശങ്കരസുബ്ബയ്യരവർകളോടു സമ്പ്രീതനായി "ഈ കസേര ശങ്കരസുബ്ബയ്യ ഇരിക്കട്ടെ; ഇതു ദിവാൻകസേരയാണു്" എന്നുപറഞ്ഞു് ഒരു കസേര സമ്മാനിക്കയുണ്ടായി. ശങ്കരസുബ്ബയ്യരവർകൾ തിരുവിതാംകൂർ ദിവാൻപദമലങ്കരിച്ചു കീർത്തിനേടിയ സംഗതി സുപ്രസിദ്ധമാണല്ലോ. ഒരുകൊല്ലത്തിനുശേഷം ശങ്കരപ്പിള്ള അന്നത്തെ ഇംഗ്ലീഷ് ഫ്രീസ്കൂളിൽചേർന്നു. അചിരേണ അവിടത്തെ പ്രധാന അദ്ധ്യാപകനായ മിസ്റ്റർ റാബർട്സിൻേറയും മെസ്സേഴ്സ് ശങ്കരസുബ്ബയ്യർ, വാട്സ് മുതലായ സഹാദ്ധ്യാപകന്മാരുടേയും പ്രത്യേക പ്രീതിക്കു ശങ്കരപ്പിള്ള പാത്രീഭൂതനായി. സ്ഥിരപരിശ്രമംകൊണ്ടു അ വിദ്യാലയത്തിലെ ഏററം ഉയന്ന ക്ലാസ്സിൽനിന്നു അദ്ദേഹം ജയിക്കയും ഇംഗ്ലീഷുഭാഷയിൽ വേണ്ട പരിജ്ഞാനം സമ്പാദിക്കയുംചെയ്തു. ശങ്കരപ്പിള്ളയുടെ വിദ്യാഭ്യാസകാലത്തു ഔദാൎയ്യത്താൽ അക്ഷയകീൎത്തി നേടിയ സബ്ബ്ജഡ്ജി കിഴക്കേപ്പാട്ടു കൃഷ്ണമേനോനവർകൾ ഒരു മുഖ്യ സതീൎത്ഥ്യനായിരുന്നു. ഇതിന്നിടയ്ക്കു ശങ്കരനാഥജ്യോത്സ്യർ ശങ്കരപ്പിള്ളയുമൊന്നിച്ചു റസിഡണ്ടുധാരയെച്ചെന്നുകണ്ടു. അന്നു് ദ്വിഭാഷിസ്ഥാനം വഹിച്ചു ശങ്കരപ്പിള്ളയ്ക്കു സമ്പ്രീതനായ ധാര വിലപിടിച്ച പല അപൂൎവഗ്രന്ഥങ്ങളും മററും സമ്മാനിച്ചു. ഇംഗ്ലീഷ് സ്കൂൾ വിട്ട ഉടനെ അദ്ദേഹത്തിനു ഹജൂരിൽ ഒരു ജോലി കിട്ടി.

## വിവാഹം.

10633

അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴയ്ക്കു രണ്ടുനാഴിക തെക്കുമാറി കള്ളർകോട്ടു് എന്നൊരു സ്ഥലമുണ്ടു്. അവിടെ കരിപ്പുറത്തു് എന്നൊരു ഭവനം സ്ഥിതിചെയ്യുന്നു. അ ഭവനത്തിൻെറ പുരോഭാഗത്തു് ഒരു കരിമ്പന നില്ക്കുന്നുണ്ടു്. അതിനു ചുററും കല്ലുകൊണ്ടു വിസ്താരത്തിൽ തറകെട്ടി വെള്ളയിട്ടു് ദീപക്കുററികളും നാട്ടി ഒരു ചെറിയ ദേവാലയത്തിനു യോജിക്കുംവിധം വേണ്ട സജ്ജീകരണങ്ങളോടുകൂടി ഇന്നും പൂജ നടന്നുവരുന്നുണ്ടു്. പല സ്ഥലങ്ങളിൽ

നിന്നും ജനങ്ങൾവന്നു് അവിടം സന്ദർശിച്ചു് നേർച്ചകളും മററും നടത്തിപ്പോകാറുണ്ടു്. കരിപ്പൂറത്തു് 960-നും 1035-നും മദ്ധ്യേ ജീവിച്ചിരുന്ന പ്രമാണിയും പ്രഖ്യാതനുമായ കൃഷ്ണപിള്ളയുടെ സ്മാരകമത്രെ പ്രസ്തുത സ്ഥാപനം.

കൃഷ്ണപിള്ള കൊല്ലം താലൂക്കിൽ ചേർന്ന പരവൂര് തെക്കുംഭാഗത്തു് തണ്ണിപ്പന്തൽവീട്ടിൽ നാരായണിഅമ്മ എന്ന സതീമണിയെ വിവാഹംചെയ്തു് തിരുവനന്തപുരത്തു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെ സംബന്ധിച്ചുള്ള മഹാസംഗ്രഹസ്ഥാപനത്തിൽ ഒരുദ്യോഗംവഹിച്ചു പാർത്തിരുന്നു. അദ്ദേഹം ഭക്തനും മാന്ത്രികനും യോഗിയുമായിരുന്നു. ഈ ദമ്പതിമാൎക്കു 1018-ാമാണ്ടു് ഒരു പുത്രി ജനിച്ചു. പുത്രിയുടെ പേരു് ലക്ഷ്മിഅമ്മ എന്നത്രേ. പുത്രിയെ അക്കാലത്തെ നടപ്പനുസരിച്ചു അടുത്തുള്ള ഒരു ഗ്രാമവിദ്യാലയത്തിൽ അയച്ചു് നിലത്തെഴുത്തു്, എൺചുവടി, പത്തുവൃത്തം, പതിന്നാലുവൃത്തം, ഇരുപത്തിനാലുവൃത്തം, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം കാവ്യം മുതലായവ അഭ്യസിപ്പിച്ചു. കൂടാതെ ഭഗവത്സ്തോത്രങ്ങൾ, രാമായണം, ഭാരതം, ഭാഗവതം, ശിവപുരാണം, ചിന്താരത്നം ആദിയായവയും ഗാനരീതിയിൽ പിതാവുതന്നെ പഠിപ്പിച്ചിരുന്നു. ഗൃഹഭരണം, ശിശുപരിചരണം, പാചകവൃത്തി ഇത്യാദി ഒരു ഗൃഹനായിക അവശ്യം ഗ്രഹിച്ചിരിക്കേണ്ടവയെ സ്വമാതാവു ശീലിപ്പിച്ചു. യോഗ്യരായ മാതാപിതാക്കന്മാരുടെ ശിക്ഷണത്തിൽ വളൎന്ന ലക്ഷ്മിഅമ്മ സുശീലയായി പരിലസിച്ചു.

അററുകാൽ ശങ്കരപ്പിള്ള ഉദ്യോഗത്തിൽ പ്രവേശിച്ചു് അധികനാൾ ചെല്ലുന്നതിനുമുൻപു് ഈ ലക്ഷ്മിഅമ്മയെ ധൎമ്മപത്നിയായി വരിച്ചു. വിവാഹത്തിൻെറ ഭാവിശ്രേയഃപിശുനശകുനമെന്നപോലെ 1034 മേടം 13-ാംതീയതി ഭരണിതിരുനാൾ ലക്ഷ്മീബായി അററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടുമഹോത്സവം നടന്നതിനെക്കുറിച്ചു ശങ്കരപ്പിള്ള "കല്യാണശതകം" എന്നൊരു ഖണ്ഡകൃതി എഴുതിസമൎപ്പിച്ചതിനു അന്നത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു സുവൎണ്ണകങ്കണം അദ്ദേഹത്തിനു കല്പിച്ചു സമ്മാനിച്ചു.

### മുൻസിഫ് ഉദ്യോഗം.

ശങ്കരപ്പിള്ള അചിരേണ സദർകോട്ടിൽ പ്രധാന ഭാഷാന്തരകൎത്തായി. കൃത്യനിർവ്വഹണത്തിൽ പ്രദർശിപ്പിച്ച ജാഗ്രത, സാമൎത്ഥ്യം, നിഷ്പക്ഷപാതം ഇത്യാദി മേലുദ്യോഗസ്ഥന്മാരിൽ സന്തുഷ്ടിയെ

ഉളിപ്പിക്കയാൽ ശങ്കരപ്പിള്ളയ്ക്കു, വിളംബംവിനാ തിരുവല്ലായിൽ മുൻസിഫ് ഉദ്യോഗം ലഭിക്കാനിടയായി. പിന്നീട്ട് മൂവാററുപുഴ, ആലപ്പുഴ, ചിറയിൻകീഴ്, ഹരിപ്പാട്ട് എന്നീ സ്ഥലങ്ങളിലും അ ഉദ്യോഗം വഹിച്ചിരുന്നു. അദ്ദേഹത്തിൻെറ നയത്തേയും വിധിന്യായരചനയേയുംപററി പല കഥകളും അവിടങ്ങളിൽ ജനങ്ങൾ ഇന്നും പറഞ്ഞുവരുന്നുണ്ടു്. ഹൈക്കോടതി ജഡ്ജിമാരായിരുന്ന നീതിമാൻ സദാശിവൻപിള്ള, ശൂരകേസരി വേദാദ്രീശദാസമുതലിയാർ, സത്യവാൻ അരിയനായകംപിള്ള മുതലായ മഹാന്മാരുടെ പ്രത്യേക പ്രീതിക്കു ശങ്കരപ്പിള്ള ഭാജനമായിരുന്നതുകൂടാതെ കൊല്ലവർഷം 1055-ൽ സ്വർഗ്ഗാരോഹണംചെയ്ത ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ പ്രത്യേക തൃപ്പാദാശ്രിതനുമായിരുന്നു.

പെൻഷന ശേഷം.

ശങ്കരപ്പിള്ള 1057 തുലാമാസത്തിൽ ഹരിപ്പാട്ടുവച്ചു പെൻഷൻപററി വേലയിൽനിന്നും പിരിഞ്ഞു് തിരുവനന്തപുരത്തുവന്നു പുന്നപുരത്തു സകുടുംബം താമസമുറപ്പിച്ചു. അനന്തരം ഭോജരാജസദൃശനായ വിശാഖംതിരുനാൾ മഹാരാജാവു ശങ്കരപ്പിള്ളയെ അന്നത്തെ ഗ്രന്ഥനിർമ്മാണക്കമ്മിററിയിൽ ഒരംഗമായിട്ടു കല്പിച്ചു നിയമിച്ചു. എന്നാൽ ദേവീഭാഗവതം കിളിപ്പാട്ടു് എഴുതുന്നതിൽ ഉൽസുകനായിരുന്നതുകൊണ്ടു് ആ കമ്മിററിയിൽനിന്നും അദ്ദേഹം അചിരേണ ഒഴിയേണ്ടിവന്നു. കവനം, ജ്യോതിഷം, ഫലിതവാക്കു്, വിദ്വജ്ജനാഭാഷണം ഇത്യാദികൊണ്ടു പ്രസന്നവും പ്രശാന്തവുമായ ഒരു ജീവിതംതന്നെ നയിച്ചു. ആഭാഷണത്തിൽ പങ്കുകൊണ്ടിരുന്ന പ്രധാന വിദ്വാന്മാരുടെ പേരുകളാണു് താഴെ കുറിക്കുന്നതു്.

ബ്രഹ്മശ്രീ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ അവർകൾ,
വലിയകൊട്ടാരം സദസ്യർ.

,, തുറവൂർ നാരായണശാസ്ത്രികൾ അവർകൾ,
സംസ്കൃതകാളേജു പണ്ഡിതർ.

,, കരമന കേശവശാസ്ത്രികൾ അവർകൾ,
സംസ്കൃതകാളേജു പണ്ഡിതർ.

,, പുരുഷോത്തമശാസ്ത്രികൾ അവർകൾ,
സംസ്കൃതപാഠശാലാദ്ധ്യാപകൻ.

ശ്രീമാൻ ഛരിപ്പാട്ടു് കുഞ്ഞുണ്ണിവാര്യർ അവർകൾ.
,, മുൻഷി രാമക്കുറുപ്പ് അവർകൾ ബി. ഏ.,
മഹാരാജാസ് കാളേജ് പണ്ഡിതർ.
,, കുഞ്ചുവാര്യർ അവർകൾ, ഹൈക്കോടതിവക്കീൽ.
,, ജി. ഗോവിന്ദപ്പിള്ള അവർകൾ,
ഡിസ്ത്രിക്റ്റ്കോടതി വക്കീൽ.
,, പേട്ടയിൽ രാമൻപിള്ളആശാൻ അവർകൾ.
,, വെളുത്തേരി കേശവനാശാൻ അവർകൾ.
,, പെരുന്നെല്ലി കൃഷ്ണൻവൈദ്യൻ അവർകൾ.

ഒരിക്കൽ കഥാനായകൻ രോഗശയ്യാവലംബിയായിരിക്കു മ്പോൾ നാരായണൻതമ്പി മുൻസിഫ് അവർകൾ അന്വേഷിച്ചു വന്നു "ആശ്വാസമുണ്ടോ" എന്നു ചോദിച്ചു. "ആശ്വാസമുണ്ടു്; ആശ്വാസമായില്ല" എന്നായിരുന്നു രോഗിയുടെ ഉത്തരം. ഇതുകേട്ടു് സഹവർത്തികളായ സുഹൃത്തുക്കൾ പൊട്ടിച്ചിരിച്ചുപോയി. വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം പലരേയും സഹായിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ചിലർ സ്കൂൾഇൻസ്പെക്ടർ, തഹശീൽമജിസ്ത്രേട്ടു്, ദിവാൻപേഷ്കാർമുതലായ സ്ഥാനങ്ങളെപ്രാപിക്കാനിടയായിട്ടുണ്ടു്. ശങ്കരപ്പിള്ള പലരുടേയും ആവശ്യാനുസരണം പലപ്പോഴും പദ്യങ്ങൾ എഴുതിക്കൊടുക്കാറുണ്ടായിരുന്നു. അതു പ്രതിഫലത്തെ ഉദ്ദേശിച്ചല്ലാ എന്നുള്ളതും പ്രസ്താവ്യമാണു്. യുവകവികളെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിലും കഥാനായകനു അധികം കൌതുകമുണ്ടായിരുന്നു. അതിനു ദൃഷ്ടാന്തമായി രണ്ടു ശ്ലോകം താഴെ ചേക്കുന്നു: —

"മുത്തും വിദ്രുമവും കലൎന്നമണിമാലയ്ക്കൊപ്പമിന്നെത്രയും
ചിത്താനന്ദമിയന്നു ചിത്രതരമായുള്ളോരലങ്കാരവും
വൃത്തം ശയ്യയുമൊത്തുചേൎത്തു സരസം ശ്രീപദ്മനാഭാഖ്യനാം
പുത്തൻസത്കവിചെയ്തതുള്ളലെവനും മുത്തിന്നുചിതല്ലയോ.
തുള്ളപ്പാട്ടുകളുണ്ടനേകവിധമായ്പ്പൊള്ളിച്ച നമ്പ്യാൎക്കപി-
ന്നുള്ളോരെന്നതിലർത്ഥവും ധ്വനികളും പ്രാസങ്ങളും മാത്രയും
എല്ലാമൊത്തുവരാറതില്ലിതിജനങ്ങൾക്കുള്ളവാക്കെങ്കിലും
ഉള്ളില്ലിക്കവിപദ്മനാഭനുടെ തുള്ളപ്പാട്ടു സൎവോത്തമം.

ശങ്കരപ്പിള്ളയുടെ ദൈവഭക്തി, രാജഭക്തി, ഗുരുജനഭക്തി, ഔദാൎയ്യം മുതലായവകൾക്കു് അദ്ദേഹത്തിന്റെ കൃതികൾതന്നെ സാക്ഷ്യം വഹിക്കുന്നതാണു്. വിദ്യാദേവതയെ ആരാധിച്ചു് ഐഹിക

പാരത്രികസിദ്ധികളെ വഴിപോലെ സമ്പാദിച്ച മഹാനാണ് ശങ്കരപ്പിള്ള എന്നു അദ്ദേഹത്തിൻെറ ജീവചരിത്രം തെളിയിക്കുന്നു.

ചരമം.

ഭാഷാകവിസമ്രാട്ട് ആററുകാൽ ശങ്കരപ്പിള്ള അൻപത്തിനാലാമത്തെ വയസ്സിൽ തിരുവനന്തപുരത്തു പുന്നപുരത്തുവച്ച് മിത്രകളത്രപുത്രാദികളുടെ സാന്നിധ്യത്തിൽ 1066-ാമാണ്ടു ധനുമാസം 24-ാംതീയതി ഏകാദശി രാത്രി ഒരുമണിക്കു ഇഹലോകവാസം വെടിഞ്ഞു.

ഈ കവിസമ്രാട്ടിൻെറ അകാലചരമം സാഹിത്യലോകത്തിനു് അപാരവും അപരിഹാര്യവുമായ നഷ്ടത്തെ വരുത്തിവച്ചു എന്നു് എടുത്തു പറയേണ്ടതില്ലല്ലോ. പല കവികളും അവരുടെ സംവേദനത്തെ ചരമശ്ലോകങ്ങൾകൊണ്ടു പ്രദർശിപ്പിച്ചിട്ടുണ്ടെന്നു് അക്കാലത്തെ വൃത്താന്തപത്രങ്ങൾ സാക്ഷ്യം വഹിക്കുന്നതാണ്.

ചരമശ്ലോകങ്ങൾ.

തീരെച്ചെ്ഭാഷാകൃതിക്കില്ലൊരു രസികതയെ-
ന്നുള്ള ഭള്ളുള്ള പുള്ളി-
ക്കാരാം ഗീർവ്വാണരെല്ലാമടിയറവരുളി-
ച്ചേത്തുമത്ഥിക്കമൂലം
താരിത്തേഞ്ചോരുമോരോ കവിതകളവരോ-
ടുച്ചരിച്ചുച്ചരിച്ച-
സ്സ്വാരാജ്യേ വാഴ്കയാൽ വെണ്മണിജ്ജനകനഹോ
കൊക്കടച്ചെക്കളെച്ചാൻ.

അന്നേരത്താററുകാൽ ശങ്കരകവി കവിമാ-
താവൊരാൺകോലമാന്നീ
മന്നിൽപ്പോന്നോരു പൊന്നിൻകുടമുടനവിടെ
ച്ചെന്നു ചിന്നുന്ന ഭംഗ്യാ
ഒന്നിച്ചാ വെണ്മണിക്ഷ്മാസുരനൊട്ടുമിടചേ-
ന്നുള്ള പദ്യങ്ങൾ കേൾപ്പാൻ
കണ്ണെല്ലാം കണ്ണമാകാഞ്ഞുരുതരമകമേ
വെമ്പിടുന്നമ്പർകോനും.

പെരുന്നെല്ലി കൃഷ്ണൻവൈദ്യൻ.

## കൃതികൾ.

1. ഹിന്ദുശാസ്ത്രസാരസംഗ്രഹം:—ആലപ്പുഴ മുൻസിഫുദ്യോഗത്തിലിരിക്കുമ്പോൾ മഹാരാജാവുതിരുമനസ്സിലെ കല്പനപ്രകാരം തിരുവിതാംകൂർഅഭിഭാഷകപരീക്ഷയ്ക്കുവേണ്ടിഎഴുതി 1053-ാമാണ്ടു് കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ അച്ചടിച്ചു.

2. നവരാത്രിമാഹാത്മ്യം കിളിപ്പാട്ടു്:—ദേവീഭാഗവതം തൃതീയസ്കന്ധത്തിലടങ്ങിയ ഒരു ഇതിഹാസം. മഹാരാജാവു തിരുമനസ്സിലെ കല്പനാനുസരണം എഴുതി 1055-ാമാണ്ടു തിരുവനന്തപുരം കേരളവിലാസം അച്ചുക്കൂടത്തിൽ മുദ്രണംചെയ്തു.

3. ശ്രീമദധിശാഖരാജ്യവിജയം മണിപ്രവാളം:— 1060-ാമാണ്ടു് തിരുവനന്തപുരം സെൻറുജോസഫ്സ് പ്രസ്സിൽ അച്ചടിച്ചു.

### കവിയുടെ മരണശേഷം പുത്രനാൽ അച്ചടിപ്പിക്കപ്പെട്ടവ.

1. ദേവീഭാഗവതം കിളിപ്പാട്ടു് (1 മുതൽ 3 വരെ സ്കന്ധങ്ങൾ):—ഇതു് 1077-ാമാണ്ടു് കൊല്ലംപരവൂരു് സാഹിത്യസാഗരം പ്രസ്സിൽ അച്ചടിക്കപ്പെട്ടു.

2. ശങ്കരകൃതി:—കൊല്ലം വിദ്യാഭിവൎദ്ധിനി പ്രസ്സിൽ 1078-ൽ അച്ചടിച്ചു. ഇതിൽ കല്യാണശതകം, പണപ്പവം, തിരുവാതിരപ്പാട്ടുകൾ, കീൎത്തനങ്ങൾ, ദന്തപഞ്ചകം, ഹരിപ്പാട്ടുത്സവക്കുമ്മി, പെൻഷൻശ്ലോകങ്ങൾ, കല്യാണോത്സവം, തുലാഭാരം, അതിൎത്തിത്തൎക്കം, കാശിയിലെഴുന്നള്ളത്തു്, രാമേശ്വരത്തെഴുന്നെള്ളത്തു്, ശുകസന്ദേശം വഞ്ചിപ്പാട്ടു്, പല അവസരത്തിലെ ദ്രുതകവനങ്ങൾ ഇത്യാദി ശിഥിലകൃതികൾ അടങ്ങിയിരിക്കുന്നു.

3. പ്രഹ്ലാദചരിതം കിളിപ്പാട്ടു്:—ദേവീഭാഗവതം കിളിപ്പാട്ടിൽ ചതുൎത്ഥസ്കന്ധത്തിലെ ഒരു ഭാഗം. 1084-ൽ കൊല്ലം മനോമോഹനംപ്രസ്സിൽ അച്ചടിച്ചു.

4. വിന്ധ്യമർദ്ദനവും മനുവൃത്തവും:—ദേവീഭാഗവതം ദശമസ്കന്ധം. 1089-ൽ കൊല്ലം ഇ. വി. ആർ. ഉണ്ണിത്താൻ കമ്പനിവക പ്രസ്സിൽ അച്ചടിച്ചു.

# നിരൂപണങ്ങൾ.

## I

## ശ്രീമദ്വിശാഖരാജവിജയം.

ആററുകാൽ ശങ്കരപ്പിള്ളമുൻസിഫ് അവർകളുടെ ചില കവനങ്ങളെ കൂട്ടിച്ചേർത്തു അദ്ദേഹത്തിൻെറ പുത്രൻ കൊല്ലം സെൻറലോഷ്യസ് ഹൈസ്കൂൾ മലയാളപണ്ഡിതർ എസ്സ്. കുഞ്ഞുകൃഷ്ണപിള്ള അവർകൾ കുറേക്കാലംമുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ശങ്കരകൃതി എന്ന പുസ്തകം ഞാൻ വായിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിൻെറ വാസനാകവിതയെപ്പററി എനിക്കു വലിയ മതിപ്പുതോന്നി. ഇദ്ദേഹത്തിൻെറ ചില കൃതികൾ അതിനുമുൻപു പ്രത്യേകം പ്രസിദ്ധംചെയ്തിട്ടുള്ളതായി ടി ശങ്കരകൃതിയുടെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ടു്. "ദേവീഭാഗവതം, നവരാത്രിമാഹാത്മ്യം" എന്ന രണ്ടു കിളിപ്പാട്ടുകളുടേയും, "ശ്രീമദ്വിശാഖരാജവിജയം" എന്നൊരു മണിപ്രവാളകൃതിയുടേയും പേരുകൾ ആ കൂട്ടത്തിൽ കണ്ടിരുന്നു. പല വിഷയങ്ങളെപ്പററി അപ്പോഴപ്പോൾ രചിച്ചിട്ടുള്ള ശിഥിലപദ്യങ്ങളിൽ കണ്ട ഇദ്ദേഹത്തിൻെറ കവിതാചാതുരി ഏതെങ്കിലുമൊരു വിഷയത്തെപ്പററി സമഗ്രമായുള്ള പ്രതിപാദനയിൽ എങ്ങനെ പ്രകാശിക്കുന്നു എന്നു് അറിവാനുള്ള ഉത്കണ്ഠ എനിക്കു ശങ്കരകൃതി കണ്ടപ്പോഴേ തോന്നിയെങ്കിലും മേല്പറഞ്ഞ കൃതികളൊന്നും ഞാൻ എത്ര അന്വേഷിച്ചിട്ടും കണ്ടുകിട്ടുകയുണ്ടായില്ല. എന്നാൽ ഈയിടെ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു വിശ്രമിക്കുന്ന എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ കുഞ്ഞുകൃഷ്ണപിള്ളയുടെ പക്കൽനിന്നു ശ്രീമദ് വിശാഖരാജവിജയം എന്ന മണിപ്രവാളകൃതി എനിക്കു കിട്ടുവാനിടയായി. അതാണു് ഇപ്പോൾ പ്രസ്തുതകൃതിയെ ആസ്പദമാക്കി തദ്ഗ്രന്ഥകാരൻെറ കവിതയെപ്പററി പൊതുവെ ഒന്നു ചർച്ചചെയ്യാമെന്നു ഞാൻ വിചാരിക്കുന്നതു്.

"ശ്രീമദ്വിശാഖരാജവിജയം" എന്ന മണിപ്രവാളകൃതിയിൽ ഗ്രന്ഥകാരൻ വിശാഖംതിരുനാൾ തിരുമനസ്സിലെ ജീവചരിത്രത്തോടുകൂടിത്തന്നെ അദ്ദേഹത്തിൻെറ അപദാനങ്ങളേയും വിവരിക്കുന്ന പഴയകാലങ്ങളിലെ കേവലം രാജസ്തുതിയായിട്ടുള്ള ഒരു കാവ്യമല്ലാ പ്രസ്തുത കൃതി. എന്നാൽ ഒരാളിൻെറ വ്യക്തിപരമായ സ്വഭാവത്തെ നിർണ്ണയിക്കുന്നതോ ലോകക്കു തത്സംബന്ധമായ മാതൃകാനിർദ്ദേശം ചെയ്യുന്നതോ ആയ ഇപ്പോഴത്തെ രീതിക്കുള്ള ജീവചരിത്രമാണോ എന്നു ചോദിച്ചാൽ അതല്ലതാനും. പഴയതും പുതിയതുമായ രീതികൾ രണ്ടുംകൂടി കലർന്നിട്ടുള്ള ഒരു പുതിയ വഴിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളതെന്നു വഴിയേ കാണാം.

കവിക്കു ശ്രീവിശാഖംതിരുനാൾ തിരുമനസ്സിലെ ആനുകൂല്യം ധാരാളം സിദ്ധിച്ചുകൊണ്ടിരുന്നു എന്നുള്ളതു് ഒരു വാസ്തവമാണ്. അതുകൊണ്ടു കൃതജ്ഞനായ കവി ഈ സൌജന്യങ്ങളെ ക്രോഡീകരിച്ചു കവിതാരൂപത്തിൽ തിരുമേനിക്കു് ഒരു ഗ്രന്ഥം സമർപ്പിക്കണമെന്നു കരുതിക്കൊണ്ടാണ് അതിപ്രസിദ്ധനായ ഈ മഹാരാജാവിൻെറ ചരിത്രത്തെ അധികരിച്ചു് ഇപ്രകാരം കവനംചെയ്വാൻ അദ്ദേഹം ഉദ്യമിച്ചിട്ടുള്ളതു്.

മണിപ്രവാളരീതിക്കുള്ള കവിത, കിളിയെക്കൊണ്ടു പറയിക്കുന്ന പതിവു് ഭാഷാകവികളുടെ ഇടയിൽ സാധാരണമല്ല. എഴുത്തച്ഛൻെറ കിളിപ്പാട്ടുരീതിക്കുള്ള ദ്രാവിഡവൃത്തങ്ങൾക്കു മാത്രമേ ഈ പതിവു സ്വീകരിക്കാറുള്ളു. എന്നാൽ ഈ മണിപ്രവാളകവിത, കിളിയെക്കൊണ്ടു പറയിക്കുന്നതായിട്ടാണു പ്രയോഗിച്ചുകാണുന്നതു്.

ശ്രീമദ്വിശാഖരാജവിജയം ആരംഭിക്കുന്നതു് ഇഷ്ടദേവതയായ സരസ്വതിയെ സ്തുതിക്കുന്ന

"മന്ദാരമാലാലസിതാളകാന്താം
വൃന്ദാരകാഭ്യർച്ചിതപാദകാന്താം
കന്ദാവദാതാം ധവളാംശുകാന്താം
വന്ദാമഹേ സാരസസൂനുകാന്താം."

എന്ന ശ്ലോകംകൊണ്ടാണ്. ഇതിൽ അന്ത്യപ്രാസത്തിനു പുറമേ പ്രയുക്തമായിരിക്കുന്ന ശബ്ദഭംഗി എത്ര മധുരമായിരിക്കുന്നു. "വിശാഖഭൂപതിയുടെ വൃത്താന്തമത്യദ്ഭുതം ആഖ്യാനംചെയ്വാൻ" കവി ഒരു ശുകത്തോടാവശ്യപ്പെട്ടതനുസരിച്ചു്

"അക്കാലം ശുകസുന്ദരി തെളിവിനോടക്കേണിനാഥൻകഥാ
സത്കാരാദിപുരസ്സരം സരസമാദിക്കേകഥിച്ചീടിനാൾ
ഇക്കാലം മതിയാകയില്ലതിലൊരല്പംപോലുമോതീട്ടവാ-
നാൾക്കാമ്പപ്രഭുവിങ്കലാകയിഹിതാ തെല്ലിന്നു ചൊല്ലുന്നു ഞാൻ."

എന്നു് ആ ശുകം പറഞ്ഞുതുടങ്ങുന്നതു ഇപ്രകാരമാണു്:—

"ഭൂലോകം രമണീയമിന്നതിലുമിശ്രീകേരളംപാവനം
ലീലാമാനുഷരാജവേഷമവലംബിച്ചത്ര നാരായണൻ
കാലേവന്നവതാരമാണ്ടവനിയിൽശ്രീരാമനെന്നോണമി-
ക്കാലത്തിൽകുലശേഖരേന്ദ്രമണിയാമെന്തമ്പുരാനായ ധ്രുവം."

അദ്ധ്യായം അഥവാ സർഗ്ഗത്തിൻെറ സ്ഥാനത്തുള്ള നാലു ശ്വാസങ്ങൾവീതമുള്ള രണ്ടു ഭാഗങ്ങളായിട്ടാണു് ഈ കാവ്യം രചിക്കപ്പെട്ടിരിക്കുന്നതു്. പൂവ്ഭാഗത്തിലെ ഒന്നാമാശ്വാസത്തിൽ മഹാരാജാവുതിരുമനസ്സിലെ ജനനവും ബാലക്രീഡയും വിവരിച്ചിരിക്കുന്നു. ശ്രീകൃഷ്ണൻെറ ബാലക്രീഡാവണ്ണനയ്ക്കുള്ള തോതുപിടിച്ചു നമ്മുടെ കവി മഹാരാജാവുതിരുമനസ്സിലെ ശൈശവം വളരെ മനോഹരമായി ഇവിടെ ചിത്രീകരിക്കുന്നു. ഈ ഘട്ടത്തിലെ രണ്ടു പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

"പൊന്നേലസ്സുകൾ കിങ്കിണീവലയവും പൂത്താലിജാലങ്ങളും
മിന്നുംകുണ്ഡലഹാരവും മിഴികളിൽ വാലിട്ടുമൈചാത്തിയും
ഒന്നിച്ചുള്ളൊരു ഭൃത്യസഞ്ചയമൊടും മന്ദം നടന്നീടുമ-
പ്പൊന്നിൻപൂമെയ്കാൺകിലാരുമുടനേ നന്ദിക്കുമശ്ശൈശവം.

ചാടും ചാടുപിടിച്ചൊരിക്കലതുകണ്ടോടും സപത്ന്യാവലി
തേടും സാധ്വസമൂഴിനാഥനതിലും ക്രുദ്ധംബലം നാൾക്കുനാൾ
മേടുംപള്ളവുമൊട്ടറിഞ്ഞു വഴിയേ ക്രൂട്ടംതനിച്ചങ്ങു ചാ-
ഞ്ചാടും പൊന്മയിലെന്നവോണമമൃതപ്രായം തളിത്തിങ്ങനെ."

ഇപ്രകാരമുള്ള ശൈശവത്തിലെ ഒരു സംഭവം തിരുമേനിയിൽ അന്നേ അങ്കുരിച്ചിരുന്ന ആശ്രിതവാത്സല്യാതിരേകത്തെ പ്രസ്പഷ്ടമാക്കുന്നതാണു്. ആധുനിക ജീവചരിത്രസാഹിത്യത്തിൻെറ വ്യക്തിസ്വഭാവപ്രകാശമെന്ന പ്രധാനകൃത്യം ഇപ്രകാരം കവി ഇവിടെ നിവ്വഹിച്ചിട്ടു പ്രസ്തുത കൃതിക്കു അശാസ്യമായ അഭിനവത്വം വരുത്തുന്നുണ്ടു്. ഈ സംഭവം കുറിക്കുന്ന പദ്യങ്ങൾ ചുവടെ ചേക്കാം:

"അക്കാലം പുനരേകദാ നരവരൻ ക്രീഡിക്കുമഭ്യന്തരേ!
ചിക്കെന്നൊട്ടുമറിഞ്ഞിതോഷ്ഠപുടമെമ്പാടുംചൊരിഞ്ഞസ്രവും

തക്കത്തിൽ നിജ ധാത്രിവന്നു രുധിരസ്രാവം തടുത്തെങ്കിലും
നില്ക്കാതായതുകൊണ്ടു വെമ്പലധികം തേടീടിനാൾ ഖിന്നയായ്.

അന്നേരം മുരളീനിനാദമകലേക്കേട്ടിട്ടു ധാത്രീമഹാ-
മന്നൻ ശ്രീകുലശേഖരേന്ദ്രവരവുണ്ടെന്നോർത്തലംകേഴവേ
തന്നെക്കൊണ്ടൊരു ദുഃഖമാർക്കുമുളവാകായെന്നു കല്പിച്ചുതൻ-
പൊന്നിൻതൃക്കരമൊന്നിനാലധരമാച്ഛാദിച്ചുനിന്നാദരാൽ.

ഈവണ്ണം കനിവുററനേർനിലയതും കണ്ടിട്ടു വഞ്ചീശ്വരൻ
താവുന്നേത്രസുഖംവരുത്തി നിജസൌധാഗ്രേയെഴുന്നള്ളിനാൻ
ആപന്നാംവിപദാശുതീർത്തവളെ രക്ഷിച്ചക്കഥാപാക്കിലീ
ഭൂപന്നച്ചെറുനാളിലും കുറവുമന്നീലാനുകമ്പാസ്പൃഹോ.”

അടുത്ത ആശ്വാസത്തിലെ പ്രതിപാദ്യവിഷയം തിരുമേനിയുടെ വിദ്യാഭ്യാസമാണ്. കാവ്യം, നാടകം, അലങ്കാരം, തർക്കം, വ്യാകരണം തുടങ്ങിയുള്ള ശാസ്ത്രങ്ങൾ, ശ്രുതിസ്മൃതികളുൾപ്പെടെയുള്ള വൈദികഗ്രന്ഥങ്ങൾ, വേദാന്തമീമാംസകൾ എന്നിവയ്ക്കും പുറമെ മാധവരായർ ഗുരുവിനോടു ഇംഗ്ലീഷ് ഭാഷയും ഉത്തമഭാഗവതപ്രമാണികളോടു സംഗീതവും, യോഗ്യതയുള്ള ഗുരുക്കന്മാരോട് ആയുധാഭ്യാസവും കുതിരസ്സവാരിയും തിരുമേനി തൻെറ കൌമാരഘട്ടത്തിൽ അഭ്യസിച്ചതായി ഇതിൽ വിവരിച്ചിരിക്കുന്നു. ഇവിടെ കവി പ്രയോഗിച്ചിട്ടുള്ള പ്രാചീനകാവ്യചമത്കാരരീതിയെ ഉദാഹരിക്കുവാൻ ഈ ഘട്ടത്തിലെ ചില പദ്യങ്ങൾ ഉദ്ധരിക്കാം:—

“വിദ്യാരംഗം വിശാഖേശ്വരനുടെ തിരുനാവെന്നു നിശ്ചിത്യ സാക്ഷാ-
ദുദ്യത്കീർത്ത്യാ രമിക്കുന്നനിശമവിടെയപ്പദ്മജപ്രാണനാഥാ
വിദ്വച്ഛ്രേണീക്കമിപ്പാരിടമതിലൊരു നിക്ഷേപമല്ലുണ്ണമോർത്താ-
ലദ്യശ്രീമദ്വിശാഖേശ്വരകുലമണിതാനില്ല സന്ദേഹമൊട്ടും.

വില്ലോട്ടം വീരഭൂപക്കൊരുപെരിയബലം വിശ്വജേതാവിനോതാൻ
നല്ലോട്ടം നാകരാജാത്മജനുമെളുതിലിക്കാര്യമെത്തീലനൂനം
കല്ലോട്ടെപ്പായുമല്ലോ കതിരവനൊളിവേററുള്ള ബാണങ്ങളെല്ലാം
വല്ല്യോട്ടംപററി ബാലക്ഷിതിപതി ചെറുവില്ലോട്ടിളക്കുംദശായാം.

അശ്വത്താൽ വിശ്വയാത്രാനിമിഷമൊടു നടത്തീടുവാനോനരേന്ദ്രൻ
വിശ്വാസംപൂണ്ടുവീരൻ വിവിധതുരഗയാനംതുടർന്നാത്തമോദം
ശശ്വത്കീർത്തിക്കപൊട്ടിട്ടവളെ നരവരൻ ദിക്കുതോറുംനടത്തി
നിശ്ശേഷം നീരജാക്ഷൻതിരുവടികൃപയാസിദ്ധമായ്ബുദ്ധിമാനും.”

തിരുമേനിയുടെ വിവാഹം വർണ്ണിക്കുന്നതു രണ്ടാമാശ്വാസത്തിലാണ്:—

"അരുമനസദനത്തിൻഭാഗ്യസന്താനവല്ലി
അരമനവഴിയേചെന്നദ്ഭുതശ്രീവിലാസൈഃ
തിരുമെയിസുരശാഖിവന്തണാൽപൂണ്ടപാരം
അരുമയിലിഹവാഴുന്നമ്മയായിപ്രജാനാം.

ശ്രീരാമൻ ജനകാത്മജസ്യ ചലജസ്യ ദ്ധേന്ദുചൂഡൻരമ-
സ്യാംഭോജാക്ഷനരുന്ധതിസ്യ ജസുതൻ ഛായസ്യമാർത്താണ്ഡനും
ഇന്ദ്രാണിക്കുമഹേന്ദ്രനത്രിപഥഗസ്യാംഭോധികാമൻരതി-
സ്യിന്നപ്പെൺകൊടിയാൾക്കു വഞ്ചിരമണൻതീൎന്നു സൌഭാഗ്യവാൻ."

ഈ വിവാഹസത്ഫലമായി തിരുമേനിക്കു ശ്രീനാരായണൻ തമ്പി എന്ന പുത്രനും മൂന്നു പുത്രിമാരും ജനിച്ചു. അതിൽ തമ്പിയദ്ദേഹത്തെ വൎണ്ണിക്കുവാൻ കവി മൂന്നു ശ്ലോകം പ്രയോഗിക്കുന്നു:—

"തന്താതൻ ധരണീന്ദ്രനായ്ജ്ജനനിയും തത്പത്നിയായ്ഭൂതലേ
ചന്തത്തോടവതാരമാൎന്നതിലവൎക്കാൺപൈതലായ്ത്തീരുവാൻ
ചിന്തിച്ചപ്പിധമോ ജനിച്ചലർശരന്നാരായണാഭിഖ്യയാ
സന്താനദ്രുമചാരുശീനിലയനായ്സ്സത്പുത്രനായ്ഭൂപതേഃ.

സൌന്ദൎയ്യത്തെയുമൂലമൎന്നളവേതൽച്ഛായയിൽത്താനുമാം
നിശ്ചിത്യൈവമനാരതം സ ഭഗവാൻ സൃഷ്ടിപ്പതാണെങ്കിലും
ഉച്ചത്തിൽപ്പുകൾപെററനൽവടിവിനോടുൎവീന്ദ്രഭാവത്തിലി-
ക്കൊച്ചുണ്ണിപ്രഭുവെച്ചമച്ചവിധിതാനത്യന്തചാതുൎയ്യവാൻ.

കണ്ണാടിപ്രഭപോൽക്കണക്കിലറിവാൻതന്നെത്തനിക്കീശ്വരൻ
നന്ദിച്ചേകിനനന്ദനൻ പുനരിതേസന്ദേഹമില്ലൊട്ടുമേ
കന്നിച്ചഗ്ഗുരുഭക്തിയും കുശമുനയ്യേത്താരുസദ്ബുദ്ധിയും
ഒന്നിച്ചിന്നൊരു മന്നവൻറമകനിൽക്കണ്ടോരുമില്ലിങ്ങനെ."

മൂന്നു പുത്രിമാരേയും ഒരുമിച്ചു വൎണ്ണിക്കുന്നതു ഇങ്ങനെയാണു്:—

"അന്നപ്പേടകളൊന്നിനൊന്നതിശയംതേടുംപടിക്കങ്ങനെ
സ്വൎണ്ണത്താമരവൎണ്ണമൊത്തൊരഴകിൽപ്പൊന്നമ്മമാർമൂവരേ
നന്നായങ്ങുചമച്ചനാന്മുഖനതില്ലാഭംവരുത്തീടിനാൻ
പെണ്ണിൻരൂപമെഴിച്ചമററവയവം വൈശാഖസൌന്ദൎയ്യം."

കവിക്കു മഹാരാജാവുതിരുമനസ്സിലെ ധൎമ്മപത്നിയേയും സന്താനങ്ങളേയും വൎണ്ണിക്കുന്നതിൽ കാണിച്ചിട്ടുള്ള പ്രത്യേക സ്വാരസ്യത്തിൽനിന്നു അവരോടാന്തരാൽ തിരുമേനിക്കുണ്ടായിരുന്ന യഥാൎത്ഥസ്നേഹം നമ്മുടെ കവി നേരിട്ടുകണ്ടറിഞ്ഞു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടിരിക്കണമെന്നൂഹിക്കാവുന്നതാകുന്നു.

വിവാഹം കഴിഞ്ഞതോടുകൂടി വിശാഖംതിരുനാൾ തിരുമനസ്സിലേയ്ക്കു യുവരാജത്വംകിട്ടുകയും അദ്ദേഹം അക്കാലങ്ങളിലെല്ലാം കാൎയ്യവശാൽ രാജ്യഭരണകാൎയ്യങ്ങളിൽ കൈകടത്തിവരികയും ചെയ്തുവെന്നു് ഇവിടത്തെ വിവരണംകൊണ്ടു കാണാം. അതിനാൽ ഈ ആശ്വാസത്തിൽതന്നെ പ്രസ്തുതമായ യുവരാജത്വവും തന്നിമിത്തം തനിക്കും നാട്ടിനും വരുത്തിയിട്ടുള്ള അനശ്വരയശസ്സും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു:—

“സാഹായ്യം തൻപ്രജക്കീവിധമിളമുറയിൽച്ചെയ്തുവഞ്ചീന്ദ്രനോത്താ-
ലീഹാപൂൎത്തിക്കൊരൻപുറ്റടയവനിതുപോലാൎക്കുമെങ്ങാനുമുണ്ടോ
ദാഹംപോക്കിജ്ജനാനാംദിവി ഭുവി ച യശസ്സുംഭമൊന്നിച്ചുനാട്ടി
മോഹംമുപ്പാരിലുള്ളോൎക്കതുവഴി യുവരാജാവിലത്തുണകാട്ടി.

തന്നൂഴിക്കീറിലുണ്ടാകിനപലവകയും താനയച്ചാൎക്കുമെങ്ങും
നന്നായ്ശ്ലാഘിച്ചുനാനാപരിഷകളതുകണ്ടദ്ഭുതപ്പെട്ടുപാരം
എന്നേതുക്കാൽചവിട്ടുന്നിടമൊരുമരുഭൂവായ്ക്കിടന്നാലുമപ്പോൾ
പൊന്നിൻഭൂവായ്‌വരുത്തിപ്പുതുമപ്പൊരൊരുത്തൎക്കുമില്ലെന്നിനച്ചാൽ.

നിസ്സാരംവസ്തുവെന്നോൎത്തവയെനരവരൻസാരമായ്ക്കാട്ടിയെങ്ങും
നിശ്ശേഷംശാസ്ത്രരീത്യാനിഖിലജനമറിഞ്ഞെത്തുമാറപ്രകാരം
വിശ്വാസംവാച്ചുമേലുംവിജയവിജയഹേരാമരാജപ്രഭോയെ-
ന്നുച്ചൈൎഘോഷിച്ചുവാഴ്ത്തുന്നുലകിലെവിടെയും ഹന്തഭൂപാലകീൎത്തിം.”

കീൎത്തിയെപ്പററിയുള്ള കവിയുടെ ഈ സന്ദൎഭത്തിലെ സങ്കീൎത്തനം പഴയ കാവ്യരീതിക്കുള്ളതെങ്കിലും അതിലും സ്വന്തം പുതുമ കാണ്മാനുണ്ടു്. പുരാണങ്ങളിലും കാവ്യങ്ങളിലും വെണ്മയ്ക്കു സുപ്രസിദ്ധങ്ങളായുള്ള വൈകുണ്ഠം, കൈലാസം, സ്വൎഗ്ഗം, മുല്ല, ചന്ദ്രൻ എന്നിവയെ രാജസത്കീൎത്തി വെന്നിരിക്കുന്നവിധം അഞ്ചുശ്ലോകംകൊണ്ടു കവി വിവരിക്കുന്നതിപ്രകാരമാകുന്നു:—

“വഞ്ചീന്ദ്രൻകീൎത്തിയെക്കണ്ടളവിലെവരുമൊന്നഞ്ചിവൈകുണ്ഠലീലാ-
മഞ്ചന്താനോവരുന്നിന്നതിനുഗരളമുണ്ടില്ലകീൎത്തിക്കതെല്ലും
പഞ്ചേഷുപ്രാണഹന്താംപരശിവനുടെകൈലാസമോസത്വചാല്യം
നെഞ്ചിൽത്താനേനിനച്ചീഭ്രമണമഖിലവുംകീൎത്തിയാലെന്നുപിന്നെ.

പാരാവാരംകടന്നപ്ഫണിപതിസദനന്തന്നിലാരാഞ്ഞുകീൎത്തി
നേരേതന്നോടെതിൎപ്പാനൊരുവനെവിടെയെന്നാൎത്തുഘോഷിച്ചുപാരം
വീരന്മാരാരുമില്ലാവിമതവശഗതന്മാരുമില്ലാന്നിനച്ചാൽ
സാരംനാരായവേരായ്സ്സുരസിജനയനൻദാസ്യമൊന്നുണ്ടുമുൻപേ.

സ്വർല്ലോകം തന്നിലുഞ്ചെന്നവിടെയുമൊരു പോരാളിയെക്കണ്ടതില്ല
മെല്ലന്നക്കീർത്തിപിന്നെത്രിപഥഗയൊടുമല്ലിട്ടു ചൊന്നാളിവണ്ണം.
കല്ലോലത്താലികെട്ടിക്കളകളരവവിട്ടാട്ടുമെൻ ദേവഗംഗേ
ഭള്ളൊട്ടും വേണ്ട ഞാനുണ്ടവിടെയുമതു നിന്നുള്ളിലുണ്ടാകവേണം.

മുല്ലേ നല്ലോണമോർത്തോ മുഹുരപി ഹൃദി തേ വല്ലതും കാട്ടിടൊല്ല
ചൊല്ലേറ്റം വഞ്ചിഭൂപാലകതിരുമുടിയിൽത്തെല്ലു ചെല്ലുന്നമൂലം
പുല്ലായാലും നരേന്ദ്രൻ പുതുമലരിതികണ്ടുത്തമാംഗേ വഹിക്കും
മല്ലാരാതിപ്രസാദം മഹിമയുടയതെന്നോർത്തു വിത്തുള്ള ഭക്ത്യാ.

ശേഷിച്ചത്തിങ്കളെക്കണ്ടതിജവമുടനക്കീർത്തി ചൊന്നാൾ പൃഥ്വീനീ
ഘോഷാച്ചെന്തിത്ര ചാടുന്നലമലമറിവൂ നിൻപ്രഭാവം ശശാങ്ക
വേഷം കണ്ടാൽ മനോജ്ഞം വിഷമമൊരു കറുപ്പുള്ളതും നീമറന്നോ
ശോഷിപ്പൂ നാളുനാളിൽ ശിവ ശിവ പഴതേ പേരുമുണ്ടോഷധീശൻ."

നാലാമാശ്വാസത്തിൽ തിരുമനസ്സിലെ പട്ടാഭിഷേകോത്സവം വർണ്ണിച്ചിരിക്കുന്നു. അപ്പോഴത്തെ വിവിധോത്സവച്ചടങ്ങുകളുടെ വ്യക്തിപരമായ പരിഗണനം അസാദ്ധ്യമെന്നുകണ്ടു് രണ്ടേ രണ്ടു ശ്ലോകംകൊണ്ടു ജനങ്ങൾക്കുള്ള അന്നത്തെ ആനന്ദാനുഭൂതിയെ കവി സമഷ്ടിയായും സമഗ്രമായും പ്രകാശിപ്പിച്ചിരിക്കുന്നു:—

"നീലപ്പൂമിഴിമാർ നിലത്തിലൊരുപോൽ കോലം തളിച്ചോമന
ത്താലീമാലകളിട്ടു നന്മണിവിളക്കെങ്ങും കൊളുത്തീടിനാർ
മൂലമന്ത്രമുരുക്കഴിച്ചു കലശം പൂജിച്ചു ഭൂദേവരും
മാല്യം തീർന്നു മനുഷ്യജാലമഖിലം കോലാഹലം ക്രൂറിനാർ.

പൊന്നംപാരികൾ കിങ്കിണീരവമുടൻ പൊന്നിൻ കൊടിക്കൂറയോ-
ടൊന്നിച്ചങ്ങുനിരന്നുനിന്നിരുപുറം സേനാധിപന്മാരുമായ്
കന്നംപൊട്ടുമൊരൊച്ചയിൽക്കഠിനമാം ഭീരങ്കയും ഭേരിയും
മുന്നംപിന്നുമിടഞ്ഞുമൂന്നുലകിലുള്ളോരും നടുങ്ങീടവെ."

സിംഹാസനാരോഹണത്തിനുമുൻപായി ഈ തിരുമേനി ശ്രീപദ്മനാഭസന്നിധിയിലെത്തിച്ചെയ്യുന്ന പ്രാർത്ഥന ആ തിരുമേനിയുടെ നിസ്സീമമായ ഈശ്വരഭക്തിയേയും നിഷ്കളങ്കമായ പ്രജാക്ഷേമൈകവ്രതത്തേയും നൈസർഗ്ഗികമായ വിനയാദി സൌശീല്യഗുണസമ്പത്തിയേയും നിർവ്യാജം വ്യഞ്ജിപ്പിക്കുന്നു:—

"മുന്നംപൂർവ്വജരിങ്ങുവാണൊരുമഹത്സിംഹാസനാരോഹണ-
ത്തിന്നെന്നിൽകൃപചെയ്യണംപുനരതും മംഗല്യമായ്ത്തീരണം.

ഭൂഭാരം വലുതായതൊന്നുവഹിപ്പാനിന്നുഞാൻശക്തനോ
തേപാരംകൃപയാപിറന്നടിമയെന്നോർത്തെന്നെരക്ഷിക്കണം
ശ്രീപാദസ്മൃതിസംപ്പുടേനമനസാചെയ്യുന്ന കർമ്മങ്ങളാൽ
താപംമത്പ്രജകൾക്കൊരിക്കലുമിരിക്കാതിങ്ങുനീ കാക്കണം.''

മഹാരാജാവിൻെറ ഗുരുഭക്തിയും സൌജന്യവും നോക്കുക. അദ്ദേഹം രാജ്യസ്ഥാനമേല്ക്കുന്നതുതന്നെയും തൻെറ ജ്യേഷ്ഠനായ് നാടുനീങ്ങിയ മഹാരാജാവിൻെറ അശ്രിതന്മാരെയെല്ലാം യഥാ യോഗ്യം പ്രീണിപ്പിച്ചതിൽപ്പിന്നെ മാത്രമാണ്:—

"മുൻപിൽഭ്രാതൃപദാന്തികത്തിലടിമപ്പെട്ടോർക്കശേഷംമഹാ-
സംപത്തുംപുനരങ്ങുനല്കിസമമായുദ്ധ്യാസ്ഥാനമുൾപ്പുക്കിനാൻ."

സിംഹാസനാരൂഢനായ മഹാരാജാവുതിരുമേനിയെ വർണ്ണിക്കുന്ന രണ്ടു ശ്ലോകങ്ങളെ ഇവിടെ ഉദ്ധരിക്കാതെ നിവൃത്തിയില്ല. അത്രയ്ക്കു് ഇവ രണ്ടും ഒരുപോലെ സമഞ്ജസങ്ങളാണ്:—

"പൊന്നിൻസിംഹാസനത്തിൻപുതുമലരൊളിവപ്പൊന്നുപൂമേനിയിൽപ്പാ-
ഞ്ഞന്യോന്യംരാഗമോടങ്ങഖിലദിശിപരന്നപ്രഭാജാലമാല
തന്നുള്ളിൽച്ചേർന്നകാന്തൻ സരസമുപഗമിക്കുമ്പോളക്കാന്തപോലെ
നന്ദിച്ചൊന്നിച്ചുചേർന്നാളവനിപതിയൊടപ്പൂർണ്ണസാമ്രാജ്യലക്ഷ്മി.''

മന്നൻശ്രീകലശേഖരേന്ദ്രനഴകിൽസ്സാമ്രാജ്യസിംഹാസന-
ത്തന്നിൽച്ചേർന്നൊരവസ്ഥകണ്ടഖിലരുംസന്തോഷമെണ്ണീടിനാർ
പൊന്നിന്മാമലതന്നിലർക്കനുദയംചെയ്തോർ ണമബ്ഭൂമിപൻ
നന്നായങ്ങുവിളങ്ങിനാലുപുറവുംമിന്നുന്നവൻതേജസാ."

ഇവിടെ പൂർവ്വഭാഗം അവസാനിക്കുന്നു. ഉത്തരഭാഗത്തിലെ ഒന്നാമാശ്വാസത്തിൽ തിരുമനസ്സിലെ ഭരണസാമർത്ഥ്യമാണ് പ്രതിപാദ്യം. കഥാശേഷം പറയാൻ കിളിയോടു ചോദിക്കുന്നതും

"മെച്ചത്തിൽപ്പുനരത്രയുംപറയുവാനാളല്ല ഞാനെങ്കിലും
കശ്ചിദ്ദേശികനുള്ളിലുള്ളൊരു ബലാലല്പം പറഞ്ഞീടുവൻ"

എന്നിങ്ങനെ കിളി പിന്നെയും വിവരിച്ചു തുടങ്ങുന്നതുമായിട്ടാണ് ഈ ആശ്വാസത്തിൻെറ ആരംഭം. വഞ്ചീന്ദ്രൻെറ പ്രതാപാതിശയം വർണ്ണിക്കുന്ന ഈ സന്ദർഭത്തിലെ രണ്ടുശ്ലോകം ഇതാ:—

''വഞ്ചീന്ദ്രൻ വീരലക്ഷ്മീ വടിവിലെവിടെയുംതത്പ്രതാപേനസാകം
സഞ്ചാരംചെയ്തുചെയ്തുകൃതയുഗകലധർമ്മത്തെവാഴിച്ചിതെങ്ങും
പഞ്ചംപാരൊക്കെവിട്ടത്തളിനതനുവടഞ്ഞംഗനാമധ്യദേശ-
ത്തഞ്ചാതെപോയ്മറഞ്ഞാകിമുപുനരരചൻശത്രുഗേഹത്തിലേതാൻ.

നീതിക്കെല്ലാരു വീഥിയെ പ്രബലമായ് വീതിക്കിരുത്തിപ്രജാ-
ഭൃതീകും പുനരക്കണക്കരചനും ചോദിക്കമെന്നുള്ളതിൽ
ഭീതിക്കാരഖിലക്ഷമാതലമതിൽജ്ജീവിക്കവോരിന്നൊരേ
ജാതിക്കാരിതി ദ്വിചാരമിവിടെബ്ഭേദിക്കമാറായഹോ''

സത്യനിഷ്ഠയോടുകൂടി രാജ്യം ഭരിച്ചുവന്ന മഹാരാജാവിൻെറ കാലത്തു ക്ഷാമം നാട്ടിൽനിന്നും മാറി സ്ത്രീകളുടെ മദ്ധ്യപ്രദേശങ്ങൾപോലെ (കാണാനില്ലാത്തമട്ടിൽ) ഒതുങ്ങിക്കഴിഞ്ഞുകൂടിവരുന്നുവോ, അതോ രാജാവിൻെറ ശത്രുഭവനങ്ങളിൽച്ചെന്നു് അഭയംപ്രാപിച്ചോ ഏതായാലും ക്ഷാമപീഡ ജനങ്ങളിൽ തീരെ വ്യാപിച്ചുകാണാനില്ലായിരുന്നു എന്നുള്ള സാധാരണ ധമ്മത്തിൻെറ പ്രതീതിക്കു് ഈ ഉപമാനങ്ങൾ എത്ര നന്നായിരിക്കുന്നു. അതുപോലെതന്നെ അടുത്ത ശ്ലോകത്തിൽ ഇപ്പോഴത്തെ ജാതിവഴക്കിനേയും ദ്വിചാരങ്ങളേയും ഊന്നിക്കൊണ്ടു് എത്ര ഫലിതമായിട്ടാണു് അന്നത്തെ ഒരേ ജാതിക്കാരേയും അവരുടെ ദ്വിചാരത്തേയും വർണ്ണിച്ചുകാണുന്നതു്. രാജ്യഭക്തന്മാരെന്ന ഒരേ ജാതിയെന്നല്ലാതെ അന്നു് നാനാജാതിമതസ്ഥന്മാക്ക രാഷ്ട്രീയ കാര്യത്തിൽ മററു ഗണനയൊന്നുമുണ്ടായിരുന്നില്ല. പ്രജകൾക്കു് അന്നു ദ്വിചാരമുണ്ടെന്നു പറയണമെങ്കിൽ, അതു ധമ്മിഷ്ഠനായ രാജാവിങ്കൽനിന്നുണ്ടായേക്കാവുന്ന ചോദ്യത്തെപ്പററിയുള്ള ആശങ്ക മാത്രമായിരുന്നു. പ്രജകൾക്കു അന്നു രാജാക്കന്മാരോടുണ്ടായിരുന്ന ഭക്ത്യാദരങ്ങളെ പ്രകടിപ്പിക്കുവാൻ ഇതിലേറെ രസാവഹമായ മാഗ്ഗമേതു്? രാജശാസനയുടെ ഉഗ്രതയ്ക്കുള്ള സത്ഫലങ്ങൾ നാനോന്മുഖങ്ങളായി ജനങ്ങളുടെയിടയിൽ സമാധാനം പുലത്തിവന്നുവെന്നു കവി വിവരിക്കുന്ന പദ്യങ്ങളെ ചുവടെ ചേക്കുന്നു:—

''ചെങ്കോൽസങ്കോചമില്ലാതെവിടെയുമൊരുകാലത്തിലെത്തുന്നതോത്താൽ
മങ്കയ്ക്കും മാർ വിറയ്ക്കുംമറവില്പരനെത്തെല്ലുനോക്കീടുവാനും
തങ്കം താമ്രാധരിക്കുള്ളലർശരവ്യഥയെപ്പോക്കുവാനുള്ളപാത്രം
തങ്കൽ പ്രേമാതിരേകത്തൊടുമരുവുമവൾക്കുള്ളകാന്തൻെറഗാത്രം.

കൈക്കൂലിക്കുതകാണിവച്ചു കഠിനച്ചട്ടങ്ങളുണ്ടാക്കിതൻ
മെയ്ക്കൂലിക്കുഥ വേണ്ടവേതനമതും ക്ലിപ്തിക്കൊടുത്താക്കമേ
ശുഷ്കാന്തിക്കുറവോ ചുഴിച്ചൽ വഴിയോതേടുന്നവക്കന്വഹം
പകപത്തോടുഫലിക്കുമന്നിയമമന്യന്മാക്കുതോരക്ഷതാൻ.

ശീലക്കേടു കുറിക്കയില്ലൊരുവനുംശീമപ്രവൃത്തിക്കുതൻ
മൂലക്കേടു ഭവിക്കുമെന്നഭയമങ്ങാമൂലമുണ്ടാകയാൽ

വേലയ്ക്കോട്ടമതെന്തുതാൻ വരികിലും കാലം പിഴയ്ക്കാതെചെ-
ങ്കോലിൽ കൂടിനഭക്തി പൂണ്ടനുദിനം ചെമ്മേനടന്നേവരും.

ചോരന്മാർക്കതിഭീതിചുററുമരിവാളെന്നോണമെങ്ങും മഹാ
ശൂരന്മാരൊരു കൂട്ടമുണ്ടവനിരക്ഷയ്ക്കായുധത്തോടഹോ
ആരിമ്മാനുഷരോടെതിർപ്പു വിനവല്ലോർക്കും വിലയ്ക്കാകുമോ
നേരിന്മാർഗ്ഗമറിഞ്ഞുകൊൾവിനെവരും നേരേസുഖിച്ചീടുവാൻ.''

ഇച്ഛയ്ക്കൊത്തുപൊലൊരുത്തനുയിരും കൊണ്ടെത്തുവാൻപേടിന-
ട്ടുച്ചയ്ക്കും പുനരങ്ങനത്തവഴിയിൽ കശ്ചിത്പുമാനിന്നുകേൾ
മെച്ചത്താവടമിട്ടനിർഭയമിരിപ്പപ്പാതിരാതന്നിലും
സ്വച്ഛന്ദം സുഖമേശയിച്ചുമിടയിൽച്ചൂളംവിളിച്ചുമ്മുദാ.

കാലം നോക്കിക്കണക്കിൽക്കനകമഴപൊഴിയ്ക്കുന്ന മാലേഃകരിന്നി-
ക്കാലം നന്നെന്നു കണ്ടിട്ടരചതിരുമുടിക്കെത്തിവയ്ക്കുന്ന ഹസ്തം
തുലം പോലങ്ങുപാഞ്ഞെത്തുഹീന മലകടന്നപ്പുറം ക്ഷാമമോർത്താൽ
മൂലമ്മുന്നാളിലുർവീശ്വരനൊരുസമയം ചെയ്തപുണ്യാതിരേകം.''

ഈ മഹാരാജാവു തന്റെ ദിവാൻ രാമയ്യങ്കാർ മുഖാന്തരം നാട്ടിൽ വരുത്തിയ പരിഷ്കൃതികളെ കവി ഈ ഘട്ടത്തിൽ പലേടത്തായി പരാമർശിച്ചിട്ടുണ്ട്. പലരാജവീഥികൾ തുറക്കുക, വഴിയമ്പലം, തണ്ണീർപ്പന്തൽ മുതലായ വിശ്രമസ്ഥലങ്ങൾ സ്ഥാപിക്ക, വഴിക്കുളങ്ങളും വഴിക്കിണറുകളും കുഴിപ്പിക്കുക, പോലീസു ഭരണമേല്പെടുത്തുക, കൈക്കൂലി മുതലായ അനീതികൾ നിറുത്തി ലാവണക്കാരിൽ കൃത്യനിഷ്ഠ ജനിപ്പിക്കുക, ഇങ്ങനെ നാട്ടിൽ സമാധാനം സംരക്ഷിച്ചു പൊതുവേ ഐശ്വര്യം വർദ്ധിപ്പിക്കുന്നതിനു വിശാഖം തിരുനാൾ തിരുമേനിയുടെ രാജ്യഭാരം കാരണമായിത്തീർന്നെന്നു കവി സരസമായി ഇവിടെ സമർത്ഥിച്ചിട്ടുണ്ട്.

അടുത്ത ആശ്വാസത്തിലെ പ്രതിപാദ്യവിഷയം മഹാരാജാവു തിരുമനസ്സിലെ കാശിയാത്രയാണ്. ഇവിടെയും മഹാരാജാവു ധത്പത്നിയെ പുരസ്കരിച്ചിട്ടാണ് കാശിയാത്രചെയ്തതെന്നും കവി പ്രത്യേകം എടുത്തു പറയുന്നു. ഈ സന്ദർഭത്തിൽ കവിതുടങ്ങുന്നു:—

"ഛായാദേവിയെ മുൻപിൽവച്ചരുണനഭ്രത്തിങ്കലായുന്നപോൽ
ജായാതന്നെയയച്ചു മുന്നിലരചൻ പായും വിധേയലോകരും
മായാ കാമുകമൃത്യുശാസനമഹീഭൃത്തിന്നുമാർക്കുംവഴി—
ക്കായാസങ്ങൾ വരാതെ കാത്തരുളുകെന്നുച്ചൈഃകരം കൂപ്പിനാർ."

പുത്രനെക്കൂടി കാശിക്കു കൊണ്ടുപോയതിനു കവി പ്രയോഗിച്ചിരിക്കുന്ന ഉത്പ്രേക്ഷ ഒരു പഴമൊഴിയെക്കൂടി ഉൾക്കൊള്ളുന്നതാണു്. നോക്കുക:—

"കന്നിനോടു കടലാടുകെന്നുതാൻ
മുന്നമുള്ള മൊഴിയോൎത്തു മന്നവൻ
നന്ദനേനനയശീലശാലിനാ
പന്നഗേന്ദ്രപുരിവിട്ടു ഭാഗ്യവാൻ"

കാളിദാസൻെറ രഥയാനവൎണ്ണനച്ചിട്ടയുള്ള നമ്മുടെ കവിയുടെ ധൂമയാനവൎണ്ണന എത്ര നിസൎഗ്ഗമധുരമായിരിക്കുന്നു:—

"ദേശംപോകുന്നു ദിക്കൊക്കെയുമരനിമിഷംകൊണ്ടു കാണുന്നുതങ്ക-
ക്കാളും വീശുന്നു വാരിപ്പൃഥിപഥിപരദേശക്കു വൈകുണ്ഠദാസൻ
ലേശംപോലും ശ്രമം തൻതിരുമെയിമലരേൽത്തട്ടീടാതൊണമിന്നാ-
കാശംമുട്ടോപചാരം ധരണിപതികൾ ചെയ്തുണ്ടു വഞ്ചീന്ദ്രനെങ്ങും.

പക്ഷീന്ദ്രൻ ഭിക്ഷതേടും പവനനുമൊരുകോണിങ്കലാം ധൂമയാനം
ലക്ഷ്യം കൂടാതെ ലക്ഷംവഴിയൊരു നിമിഷംകൊണ്ടു പായുന്നതോൎത്താൽ
ഭക്ഷ്യം ഭാവാനുകൂലം പരമമൃതസുഖപ്രായമുണ്ടേവമോരോ
കക്ഷ്യന്തോറും കണക്കിൽക്കരളിലെവരുമോൎത്തന്യദേശം സ്വദേശം."

മഹാരാജാവുതിരുമനസ്സുകൊണ്ടു പരിവാരസമേതം കാശിയിൽ ചെന്നെത്തിയ സംഗതി പറഞ്ഞിട്ടു പ്രസ്തുത തീൎത്ഥയാത്രയുള്ള അത്യാവശ്യകതയെ സമൎത്ഥിക്കുവാൻ കവി ഒരു വ്യതിയാനരീതിക്കു ചില ശ്ലോകങ്ങളെ കൊണ്ടു പുണ്യപ്രഭാവത്തെപ്പററി പൊതുവേ ഉപന്യസിക്കുന്നു. മാതൃകയായി ഒരു പദ്യമാണു് താഴെ ചേൎത്തിരിക്കുന്നതു്:—

"ജന്മത്താൽ ജന്മവുംപോം ജനിമൃതിഭയവും വേർപ്പെടുംതത്ക്ഷണത്തിൽ
കൎമ്മത്തെക്കൊണ്ടു കൎമ്മംതുലയുമുടനതിൻ ജന്മമാൎഗ്ഗംനിനയ്ക്കിൽ
ശൎമ്മംതേടുന്നുകൎമ്മച്യുതിവരുമളവിൽപ്രാണിജാലംസമസ്തം
മൎമ്മജ്ഞന്മാരിതെല്ലാംമനസികരുതിസത്കൎമ്മമോരോന്നുചെയ്വൂ."

കവി ഒഴിഞ്ഞുമാറിനിന്നു ചെയ്യുന്ന ചിന്തയുള്ള ഘട്ടം മഹാരാജാവിൻെറ സഞ്ചാരസമയത്തെ പൊതിയുവാനായി കവി മനഃപൂൎവ്വം രചിച്ചുചേൎത്തിട്ടുള്ളതാണെന്നു്, പിന്നെ കഥതുടൎന്നുപറയുവാൻ ഭാവിക്കുമ്പോഴത്തെ അടുത്തപദ്യംകൊണ്ടു കാണാം:—

"ഞാനെന്തീവൎണ്ണമപ്രസ്തുതവിഷയവഴിക്കാഞ്ഞുതെല്ലുംനിനയ്ക്കാ-
താനന്ദാശ്രുക്കളുൾവീശപരനതുസമയംവാച്ചതെക്കൊണ്ടുതാനോ

യാനം നിന്നൊന്നു മന്ദം യതിവരരഖിലം പൂർണ്ണകുംഭങ്ങളോട-
ക്ഷോണീന്ദ്രൻതന്നെ മുൻപിട്ടഹഹ മറകളോതിസ്സൂതിച്ചത്യുദാരം."

കവി അടുത്തു പിന്നെ പ്രസ്താവിക്കുന്നതു് മഹാരാജാവുതിരുമനസ്സിലെ മണികർണ്ണികാസ്നാനവും അവിടെവച്ചുള്ള രാജപ്രാർത്ഥനയുമാണു്. സ്നാനം ചെയ്യുമ്പോഴത്തെ പ്രാർത്ഥന ഇതാണു്:—

"ഗംഗേ നീ നിന്നടിതാരിൽ വീണു പണിയുന്നെന്നിൽ കൃപാവേണമേ
തുംഗാതങ്കമൊഴിച്ചു ദേവി വിമലേ സൗഖ്യം വരുത്തീടണം
എങ്ങും നീയൊരു ജീവനം സകലജീവങ്ങൾക്കുമായ്ച്ചേച്ചുഭേ
മങ്ങാതെന്നുടെ കാമപൂർത്തിവരുവാനമ്മേ തുണച്ചീടണം.

മുന്നമ്മന്നിടമൊന്നുപോലെ പരിപാലിച്ചുള്ള മത്പൂർവ്വജ-
ക്കിന്നേതാനുമരിഷ്ടമെത്തുകിലതും നിന്നാലൊഴിക്കപ്പെടും
എന്നുള്ളെന്നുടെയാച്ഞയാലവരെ നീ സ്വർഗ്ഗത്തിലാക്കീടുവാൻ
കന്നിൻപുത്രി നമിച്ചിടുന്നു കരുസന്താനം കുടുംബത്തിനും."

ഇങ്ങനെ തീർത്ഥമാടിക്കഴിഞ്ഞിട്ടു് തിരുമനസ്സുകൊണ്ടു മൂന്നു സ്തോത്രങ്ങൾ സംസ്കൃതഭാഷയിൽ ഉച്ചരിച്ചതായിട്ടാണു് കവി ഇവിടെ കാണിച്ചിരിക്കുന്നതു്:—

വിശ്വനാഥസ്തവം.

"വിശ്വനാഥ തവ ദർശനേന മമ ദുഃഖജാലമഖിലം ഗതം
ശശ്വദാത്മസുഖമവ്യയം പരമമത്ര ദേവ സമുപാഗതം
വശ്യമീശ ഭുവനം സമസ്തമയി തസ്യ ദേവ തവ വിഗ്രഹം
പശ്യതീത്ഥമതിപാവനം ഗിരിശ യോധിജന്മ സകൃദീശ്വര!

കാലകാല തവ ലീലയൈവ ജഗദിന്ദ്രജാലമഖിലം കൃതം
കോലമത്ര ഭുവി വേത്തു മഹ്തി സുനീലകണ്ഠ തവ വൈഭവം
മൂലകന്ദ മുനിയോഗിനാം വിവിധപുണ്യകർമ്മഫലശാലിനാം
പാലയത്വമഖിലാമരേന്ദ്രഗണവന്ദിതാംഘ്രിസരസീരുഹ!

പാമരോƒപി ഭവസാഗരം തരതി വാമദേവ കൃപയാ വിഭോ
സോമചൂഡ ഭവദച്ഛനേന കിമു ഹേമഹേശ സകൃദദ്ഭുതം
താമനാദ്യമിഹ ഭാവയേ മനസി കാമിതാർത്ഥപരിപൂർത്തയേ
ക്ഷേമമല്പകരുഭീമ ദേവ മമ കാമനീയകനിധേ വിഭോ!

ഉത്സുകോയമയി ദേവദേവ ഖലു ചിത്സ്വരൂപ ഭഗവംസ്ത്വയാ
തത്സ്വരൂപ ദൃഢചിന്തനൈവ മമ ഹൃത്സുഖായ ഭവതു പ്രഭോ
വത്സലസ്ത്വമസി ഭക്തലോകനിവഹേ മഹേശ കരുണാനിധേ
തത്സമഞ്ജഗതി ദൈവതം ന പരമാർത്തിഹാരി ശിവ വിദ്യതേ.

പാർവ്വതീശപരമേശശാശ്വതപവിത്രിതത്രിഭുവനപ്രഭോ
ശർവ്വശങ്കരസരോജനാഭനയനാംബുജാർച്ചിതപദാംബുജ
സർവ്വപാപവിപിനാശ്രയാശസമഭക്തചിത്തകൃതനർത്തന
സാർവ്വധൃജനപണായിതപ്രമഥഭൂതനാഥപരിപാഹിമാം.”

## വിശാലാക്ഷീസ്തവം.

“വിശാലാക്ഷീദേവീവിതരതുസുഖമ്മേഭഗവതീ
ദിശാപാലശ്രേണീമകുടമണിനീരാജിതപദാ
നിശാപ്രാണാധീശാർദ്ധകലസിതനീലാളകഭരാ
ദൃശായാമേകസ്യാത് പരമമൃതധാരാഭിഷവണം.

യയാസഞ്ജാനീതേശ്രുതിരപിനസർവ്വാർത്ഥജനനീ
യയാവ്യാപ്തംവിശ്വംസകലമപിഭൂതഞ്ചവിധൃതം
യയാപ്യതമ്മന്യസ്ത്രിജഗദധിപഃശ്രീപശുപതി-
സ്തയാദേവ്യാചേതോമമഭവതുശശ്വത്കൃതപദം.

അഖണ്ഡംബ്രഹ്മാണ്ഡംപ്രഭവതിയതശ്ചിത്സുഖനിധേ-
ർയ്യയാജീവത്യേവംചരമചരമുച്ചാവചമിദം
പ്രവൃത്തേസംവർത്തേപ്രജതിസകലംയത്രവിലയം
തമേകാസാനിത്യാപ്രകൃതിരിതിമന്യേപരശിവേ.

ഫലാനാംതുഷ്ട്യേഽപിസ്വയമഥമഹാഘോരതപസ-
സ്തപസ്യത്യദ്യാപിത്രിപദമിതിലോകസ്ത്രിണയനഃ
അതസ്ത്വംസർവ്വേഭ്യസ്സുരപരിവൃഢേഭ്യസ്സമധികാ
മഹാമായേദൂരേതമസിപഥിവാചാമപിധിയാം.

ഭവാനീത്വാംയാചേസതിതവകൃപാമീശദയിതേ
ഭവാകൂപാരാന്തഃപതിതജനതോത്താരണതരീം
നവാനാംചക്രാണാമുപരിപരിപൂജ്യാംഘ്രികമലേ
ശിവാകാരേസദ്യശ്ചരണശരണാഭീഷ്ടജനനീം.”

## കാലഭൈരവസ്തവം.

“നീലലോഹിതമൈശാംശം
ഫാലബാലേന്ദുമണ്ഡിതം
കാലഭീതിഹരംദേവം
കാലഭൈരവമാശ്രയേ.”

ഈ സ്തോത്രോച്ചാരണത്തോടുകൂടി ഈ ആശ്വാസം അവസാനിക്കുന്നു.

ഉത്തരാർദ്ധത്തിലെ മൂന്നാം ആശ്വാസത്തിലാണ് പിതൃപ്രീതിക്കായി മഹാരാജാവുതിരുമനസ്സുകൊണ്ടു ശ്രാദ്ധമൂട്ടാൻ ഗയയ്ക്കെഴുന്ന

ള്ളിയ സംഗതി വിവരിച്ചുതുടങ്ങുന്നതു്. "ഗയയ്ക്കെഴുന്നള്ളിവിശങ്ക ഭൂപൻ മയക്കമില്ലാതെ പിതൃക്രിയയ്ക്കായ്" എന്നു തുടങ്ങുന്ന അദ്ധ്യാനത്തിലെ മൂന്നാംപദ്യത്തിൽ

"മുന്നംമുന്നിൽവരും പിതൃക്കളതുമില്ലിക്കാലമക്കാനയ-
പ്പൊന്നിൻപൂണ്മണിരാമദേവകടുശാപത്താലതിൻകാരണം"

വിസ്തരിച്ചുപറയാമെന്നുംപറഞ്ഞു കവി ഇവിടെ രാമായണകഥയെ സംക്ഷേപിച്ചു വിവരിക്കയും ശ്രാദ്ധാംശം കൈക്കൊള്ളാൻ മുൻപു പിതൃക്കൾ വരാറുണ്ടായിരുന്ന പതിവു രാമശാപത്താൽ എങ്ങനെ നിന്നുപോവാനിടയായെന്നുള്ള സംഗതി ഇടയ്ക്കു വിസ്തരിച്ചിട്ടു പ്രസ്തുതമായ വൃത്താന്താഖ്യാനത്തോടു സരസമായി ഈ വ്യതിയാനത്തെ സംഘടിപ്പിക്കയും ചെയ്തിരിക്കുന്നു. ഈ കൃതി കാൎയ്യവശാൽ ഒരു മഹാരാജസ്തവമാകയാൽ കേവലം നരസ്തുതിചെയ്യുന്നതു പാപഹേതുകമെന്നുള്ള പ്രമാണത്തെ ആദരിച്ചുതന്നെയായിരിക്കണം ഇപ്രകാരമുള്ള രാമകഥാഖ്യാനം ഈ കൃതിയിൽ ഇടയ്ക്കു ചേൎത്തിട്ടുള്ളതു്. ഈ രാമകഥാഖ്യാനത്തിൽ കഥാമൎമ്മങ്ങളെ വിട്ടുപോകാതെ എത്രയും ചുരുക്കിപ്രകാശിപ്പിക്കുവാനുള്ള കവിയുടെ സാമൎത്ഥ്യം നാം നല്ലവണ്ണം കാണുന്നു. അതിസംക്ഷേപമെങ്കിലും കാൎയ്യസമ്പൂൎണ്ണമായ ഈ രാമകഥാഖ്യാനത്തിലെ ചില പദ്യങ്ങൾ എത്ര മനോഹരമെന്നു നോക്കുക. ശ്രീരാമൻ മിഥിലാരാജധാനിയിൽവെച്ചു സീതയെക്കണ്ടിടം കവി വൎണ്ണിക്കുന്നു:—

"കല്ലുമ്മുള്ളും കവിഞ്ഞകുസുമമമൃദുവിരിക്കുന്നിടം നോക്കിനോക്കി-
ച്ചെല്ലുംകാവ്ബുപോലക്കരുമുകിൽ നിറമൊത്തമ്മഹീപാലബാലൻ
കല്യൻകണ്ടെത്തിനാനമ്മിഥിലയിലിളമാൻകണ്ണിവൈദേഹിയേയും
വല്ലാതായ്‌വില്ലുമപ്പോൾവലിയെജനകകണ്ഠപ്പുയോരേകകാലേ."

ശ്രീരാമൻെറ വിവാഹവും അയോദ്ധ്യയിലേയ്ക്കുള്ള തിരിച്ചുപോക്കും പിന്നീടു് സീതാലക്ഷ്മണസമേതനായ് രാമൻ വനത്തിലേയ്ക്കു തിരിച്ചതുംമററും അടുത്ത ഒരൊററ ശ്ലോകംകൊണ്ടു കഴിച്ചുകൂട്ടിയിരിക്കുന്നു:—

"രാമൻരാമാഭിരാമൻ രവികുലതിലകൻ രാമനെക്കണ്ടെതിൎത്ത-
ക്കാമംസാധിച്ചയോദ്ധ്യാപുരിയിലഥവസിച്ചൊട്ടുനാളിഷ്ടരോടും
ധീമാനത്താതവാചാസഹജനൊടുമിളാപുത്രിയോടും ഭൂന്നാതേ
സാമോദംവാണസാക്ഷാത്‌പശുപതിരിവയോഗക്രിയ്യാമാചരിച്ചു."

അവിടെ അസുരനിധനത്തിലേപ്പെട്ട രാമനെ കവി ഇങ്ങനെ വർണ്ണിക്കുന്നു:—

‘‘വൈരാധജ്വരമോട്ടിവീരവിശിഖത്തെലത്തിനാലശ്രമം
തീരാദുഃഖവുമങ്ങുതീർത്തുശകണ്ണൻസോദരിക്കക്ഷണം
പോരാളിപ്പരിഷയ്ക്കുവീഴ്ചസുരലോകംതീർത്തുമായാമയൻ
വീരൻവിശ്രുതകീർത്തിമന്നടവിയിൽ സൈ്വരംവസിച്ചീടിനാൻ.’’

രണ്ടു തരത്തിലുള്ള അലങ്കാരങ്ങളും ഒരുപോലെ ചേൎന്നു വിളങ്ങുന്ന ഇതിലെ ഒരു പദ്യം കാണുക:—

“ചൂഡാരത്നത്തെവാങ്ങിക്കപികലവരചൂഡാമണിശ്രീഹനൂമാൻ
ക്രൂഡായാനന്ദമോടക്കുവലയമിഴിയെക്കൂപ്പിയാത്രാവഴങ്ങി
ചൂടാരത്നം വഹിച്ചെങ്കിലുമവനടിവച്ചപ്രദേശംസമസ്തം
ചൂടായ്പ്പുന്നെന്തുചിത്രംതദനുരഘുവരംകണ്ടുരത്നംകൊടുത്താൻ.”

ശ്രീരാമൻ രാമേശ്വരപ്രതിഷ്ഠ ചെയ്തതിനുള്ള സന്ദർഭം അടുത്ത പദ്യത്തിൽ പറയുന്നു:—

‘‘നിത്യംരാവണനോതിവയ്ക്കുമമൃതുണ്ണാനെത്തുമബ്ധൃജ്ജടി
പ്രത്യക്ഷം പ്രതിവാസരംപഠിതളച്ചിയ്ക്കുങ്ങിരിക്കാതെതാൻ
അത്യർത്ഥംപുനരായതോർത്തുരഘുവീരൻതീർത്തുരാമേശ്വരം
പ്രത്യേകംപ്രളയാവധിപ്രണമതാംപാപൌഘശാന്തിക്കുമായ്.’’

സീതയെ വീണ്ടെടുത്തുകഴിഞ്ഞു് ശ്രീരാമൻ സീതയോടും പരിവാരങ്ങളോടുമൊരുമിച്ചു പുഷ്പകവിമാനമേറി അയോദ്ധ്യയിൽ ചെന്നെത്തിരാജധാനിയിൽ പ്രവേശിച്ചപ്പോൾ ശ്രീരാമനുണ്ടായ പഴയ ഓർമ്മകളെപ്പറ്റി വിവരിക്കുവാൻ നമ്മുടെ കവി ഈ അതിസംക്ഷിപ്തരാമകഥാഖ്യാനത്തിൽ വിസ്മരിക്കുന്നില്ലെന്നതുതന്നെ അദ്ദേഹത്തിൻെറ യഥാർത്ഥകവിതാവാസനയ്ക്കു ഒരുത്തമലക്ഷ്യമാണു്. ആ പദ്യങ്ങൾ താഴെ പറയുന്നവയാകുന്നു:—

‘‘കണ്ടുകൈകേയിമുമ്പിട്ടരുവയർകുലരത്നങ്ങളാമമ്മമാരെ-
ക്കണ്ടുതാതൻമരിച്ചങ്കണവുമരികിലപ്പിച്ചുനിന്നുള്ളതുന്താൻ
കണ്ടപ്പൂന്തോട്ടമൊട്ടുക്കതിലൊരുതരുവത്തുക്കരാൽവച്ചതുംക-
ണ്ടുണ്ടായാനന്ദമപ്പോളുടനൊരുനിനവാലൊന്നുകന്നിപ്രകാരം.

ചൊല്ക്കൊള്ളുന്നൊരുതാത പാദനിവിടെജ്ജീവിച്ചിരിക്കുമ്പൊഴും
മൈക്കണ്ണാൾമണിസീതയെപ്പതിയതായ്വേട്ടോരുകാലത്തിലും
മത്കാര്യങ്ങളശേഷമജ്ജനനിമാരത്യാദരംനോക്കിവ-
ന്നക്കാലംഖതപോയിതല്ലിപുനരിക്കാലത്തതോക്കാവതോ.

അന്നീമൈഥിലിയും ചെറുപ്പമതിലുംകാതോളമേക്കുന്തളം
കന്ദംവെന്നകുരുന്നുപല്ലുമഴകൊത്താലോലനോട്ടങ്ങളും
നന്ദിച്ചുള്ളൊരുചന്ദ്രികയ്ക്കുസമമക്കേളീവിലാസങ്ങളും
ഇന്നാളല്ലയൊകണ്ടുഞാനതിനിടയ്ക്കുന്തായഹോകാലവും.''

അപ്പോഴത്തെ രാമരാജ്യത്തിലെ ധനധാന്യസമൃദ്ധിയെയും മററും പററി കവി,

''പശുക്കൾ സസ്യങ്ങൾഫലമൊട്ടുതരുക്കൾ പ്രബലമാ-
യശിക്കാനെന്തെല്ലാമവസകലമെങ്ങും സുലഭമായ്
പശിക്കേടില്ലാക്കുംപരമരഘുനാഥൻെറ കൃപയാ
വശക്കേടുണ്ടോ പിൻവശമഖിലസൌഭാഗ്യമെവനും.

കൌടില്യംകമലാക്ഷിമാർമുടിയിലായ്കാഠിന്യമക്കല്ലിലായ്
കമ്പംകാററിലുമായ്കളങ്കമുഡുരാഡ്ബിംബത്തിലായ്കേവലം
വൈമുഖ്യംഖഗരാട്ടിലായ്ഫണിയിലായുക്രതാമക്കാനായ-
ശ്രീമുഖ്യാലയന്തൃഴിവാഴമളവിൽശ്രീവാസമായ്ഭൂതലം.''

എന്നിങ്ങനെ വിവരിക്കുന്നു. സാക്ഷാത് രാമവർമ്മ വിശാഖംതിരുമനസ്സിലെക്കാലത്ത് വഞ്ചിരാജ്യത്തുണ്ടായിരുന്ന അപ്രകാരമുള്ള സമൃദ്ധിയെ വർണ്ണിക്കതന്നെയാകുന്നു. പ്രസ്തുതകൃതിയിൽ ഇടയ്ക്കു പറഞ്ഞുതുടങ്ങിയ രാമകഥാഖ്യാനത്തിനു കവി ഒരു സാംഗത്യം കണ്ടുപിടിച്ച് ഈ ആശ്വാസപരിണാമത്തിൽ കൊണ്ടുവന്നു ചേർത്തിരിക്കുന്നതു രസോദ്വഹമെന്നേ പറയേണ്ടതുള്ളു:— /

''എന്തിന്നീങ്ങനെപദ്യമാക്കി രഘുരാമൻരാജ്യഭാരത്തെഞാൻ
ബന്ധിക്കുന്നുവിശാഖരാഡകിലിബ്ഭൂമണ്ഡലംകാക്കവേ
അന്തസ്തോഷമൊടന്നിരുന്നരഘുരാമൻ സത്യവും ധർമ്മവും
ചന്തത്തോടറിയാതവർക്കുവരുമീശ്രീരാമവർമ്മേന്ദ്രനാൽ.''

ഒടുവിലത്തേതായ അടുത്ത ആശ്വാസത്തിലാണ് മുൻ സൂചിപ്പിച്ച രാമശാപസന്ദർഭം വിവരിക്കുന്നത്. ശ്രീരാമൻ അമ്മമാരോടും സീതയോടുമൊരുമിച്ചു പിതൃപ്രീതിക്കുവേണ്ടി ഗയയിൽച്ചെന്നു ശ്രാദ്ധമൂട്ടണമെന്നു നിശ്ചയിച്ച് അങ്ങോട്ടു യാത്രയാകുന്നു. അവർ ഗയയിൽച്ചെന്നു താമസിക്കവെ സീതാദേവി തോഴിയുമായിരുന്നു മണ്ണുകൊണ്ടു പിതൃപ്രീതിയ്ക്കെന്നുംപറഞ്ഞ് പിണ്ഡമുരുട്ടി കളിക്കയുണ്ടായി. അത് യഥാർത്ഥത്തിൽ കുറിക്കുപററി. ആ മൺ പിണ്ഡം കൊണ്ടുതന്നെ ദശരഥൻ ബ്രഹ്മാസനസ്ഥനായിത്തീൎന്നു. സീതയാകട്ടെ ശ്രീരാമനാകട്ടെ ഈ വസ്തുത എങ്ങനെ അറിയുന്നു? കവിക്കിവിടെ പ്രത്യക്ഷപ്പെടുത്തേണ്ടതു രണ്ടു സംഗതികളാണ്. ഒന്നു്

ഗയയുടെ സ്ഥലമാഹാത്മ്യം, രണ്ട് സീതയുടെ ഗുണപൌഷ്കല്യം. സീത കളിക്കായുരുട്ടിവച്ച മൃത്പിണ്ഡത്തിന് സാക്ഷാത് പിണ്ഡത്തെക്കാൾ മഹിമ സിദ്ധിച്ചിരിക്കുന്നു.

പിറേറദിവസം രാമൻ മാതൃജനങ്ങളുമായി ഗയയിൽച്ചെന്ന് പിതാവായ ദശരഥനെ ഉദ്ദേശിച്ചു പിണ്ഡം വച്ചപ്പോൾ ആ പിണ്ഡമെടുക്കാൻ പിതൃജനം തയാറായി വന്നില്ലെന്നുകണ്ട് ശ്രീരാമൻ താപോദ്വിഗ്നനായി മാതൃജനങ്ങളുടെ ദോഷംകൊണ്ടാണോ ഇപ്രകാരം പിണ്ഡം കൈക്കൊള്ളാതെ വന്നതെന്നു ശങ്കിച്ചു മാതൃജനത്തെ രൂക്ഷമായൊന്നു നോക്കി. മകനും അമ്മയുമായുള്ള സംഭാഷണമാണ് ഈ ശ്ലോകം:—

10633

"എന്തീവണ്ണമെനിക്കുദോഷമരുൾചെയ്കമ്മേപിഴച്ചെന്തുനീ
ക്ഷന്തവ്യംപുനരല്ലിതൊട്ടുമിവനിന്നെന്തുണ്ണുനില്ലാതെയായ്
ചിന്തിച്ചാലഹമെന്തുചൊൽവുമകനേസ്വപ്നേപിഞാനന്യനെ-
ച്ചിന്തിച്ചിട്ടതുമില്ലഹന്തപഴുതേചെങ്കൺചുഴററീടൊലാ."

ഉടനെതന്നെ പരലോകത്തെവിടെയായാലും ചെന്ന് അന്വേഷിച്ചു സ്വപിതാവിനെക്കൊണ്ടുവരാനായിട്ടു രാമൻ ഹനുമാനെ വരുത്തിപ്പറഞ്ഞയക്കുന്നു. ഹനുമാൻ രാമാജ്ഞ അനുസരിച്ചു ബ്രഹ്മലോകത്തുചെന്നു പലഭാഗങ്ങളിലുംതിരഞ്ഞു് ഒടുവിൽ ബ്രഹ്മാസനസ്ഥനായിരിക്കുന്ന ദശരഥനെച്ചെന്നു കണ്ടു രാമദൌത്യമറിയിക്കുന്ന പദ്യം ഇങ്ങനെയാണ്:—

"സ്വാമിൻഘോരരഘൂരാമഭൂതനഹമെന്നാമംഹനൂമാനതും
ത്വാമദ്യൈവസമാനയിപ്പതിനെനിക്കാരാഘവൻകല്പനാ
രാമൻഭീമപരാക്രമൻതിരുഗയാതന്നിൽജനന്യാസമം
ഭൂമീപുത്രിയുമായിരിപ്പവിടെയാവാംശീഘ്രമാവാംപ്രഭോ."

ഹനുമാൻെറ സ്കന്ധോപരി—

"തന്തോളാന്തോളികാപോലടവിയിലിരുഭൂപാലബാലർക്കുവാച്ച-
സ്സന്തോഷംകൊണ്ടുതാനോതരമൊടവർപിതാവിന്നുമസ്കന്ധമേകി"

എന്നവിധം രാമസന്നിധിയിലെത്തിയ ദശരഥൻ ശ്രീരാമനോടു പറയുന്നു:—

"പുണ്യക്ഷേത്രമിദംപുരാണമുനിഭിസ്സമ്യക്സമാരാധിതം
നിശ്ശേഷംതുംഭുവി യന്മഹാതപമധുനാധാത്രാപ്യശക്യംപരം
മന്യാ:സാജനകാത്മജാഖല്വമയായട്ടത്തമൃത്പിണ്ഡതോ
ധന്യാനാമപിദുർല്ലഭംപദമഹോവൈരിഞ്ചമാസാദിതം."

ഈ പദ്യം തനി സംസ്കൃതത്തിൽ രചിച്ചിട്ടുള്ളതാണ്. ഇതിൻെറ ഉദ്ദേശം ബ്രഹ്മപദംപ്രാപിച്ചിരിക്കുന്ന ദശരഥമഹാരാജാവിൻെറ ദേവത്വത്തിനു തന്മയത്വംവരുത്താനായിരിക്കണം. സന്ദർഭത്തിനനുസരണമായ ഭാഷാഭേദം ഇദ്ദേഹത്തിൻെറ കവിതയ്ക്കുള്ള ഒരു പ്രത്യേകഗുണമായി നാം ഇങ്ങനെയുള്ള ഘട്ടങ്ങളിൽക്കാണുന്നു.

ബ്രഹ്മപദംപ്രാപിച്ചിരുന്ന ദശരഥനെ ആ സ്ഥാനത്തുനിന്നു തത്കാലമിളക്കി രാമസന്നിധിയിൽ എത്തുവാൻ കാരണമാക്കിയ സന്ദർഭമോത്തുള്ള ശ്രീരാമൻെറ പശ്ചാത്താപം താഴെ വിവരിക്കുന്ന ശാപം അദ്ദേഹത്തിൽനിന്നും പുറപ്പെടാനിടയാക്കി:—

"ഉൾക്കാമ്പൊട്ടുതപിക്കുവാനിവിടെബന്ധംവന്നുതത്കാരണാ-
ലാക്കുംമേലിലൊരിക്കലുംപിതൃകലംപ്രത്യക്ഷമാകാട്ടഥം."

ശ്രീരാമശാപം അലംഘനീയമാകയാൽ മേലാലാരും പിതൃക്കളെ സ്വസന്നിധിയിൽ വരുത്തിക്കാണുവാൻ ആശിക്കയോ യത്നിക്കയോ ചെയ്കയില്ലെന്നുള്ളതാണ് ഇവിടത്തെ കവിസങ്കല്പം. ശാപം കഴിഞ്ഞു തൻെറ വികാരങ്ങൾ ഒട്ടുശമിച്ചപ്പോൾ, താൻ സത്യമറിയാതെ അമ്മമാരെ ഭർത്സിച്ചുപോയല്ലോ എന്നുള്ള അനുശയംകൊണ്ടു രാമൻ അമ്മമാരോടു പറയുന്നതുനോക്കുക:—

"അമ്മേഞാനറിയാതെചെയ്തപിഴനീയെല്ലാംപൊറുത്തീടണം
ചുമ്മാനിന്നിലുയന്നകോപമുളവായിന്നായതോക്കുംവിധൌ
ഇമ്മാൻകണ്ണിപിഴച്ചതോമമവിവേകംതെല്ലുമില്ലായ്കയോ
എന്മാതാവിനുദുഃഖമെങ്ങുജമദഗ്നീപുത്രനല്ലേഷഞാൻ."

ഇതെല്ലാം കണ്ടുകൊണ്ടുനില്ക്കുന്ന ദശരഥമഹാരാജാവു്—

"പ്രീതാശയൻരാമകരാൽസ്വപിണ്ഡം
താതൻഗ്രഹിച്ചിട്ടരുൾചെയ്തിവണ്ണം":—

"ഹേരാമനിൻതത്വമറിഞ്ഞിരിപ്പോ-
രീരേഴുലോകത്തിലുമില്ലനൂനം
പാരംവളൻനുള്ളിലെനിക്കുതോഷം
സാരംത്വദീയം കരുണാവിശേഷം.

താതാത്മജന്മാരിലഭേദമല്ലാ-
തേതുംനിനച്ചാൽ പറവാനുമില്ല
നീതിക്കുനീചെയ്തൊരുകൃത്യമാക്കും
പ്രീതിക്കിരിക്കുംസുകൃതിക്കതൊക്കും.

എൻതാതനോനീതവ താതനോഞാൻ
ചിന്തിക്കിലെല്ലാംതവലീലയല്ലോ
അന്തർമ്മദംകൊണ്ടറിവാൻപ്രയാസം
കിം തേമഹാത്മൻ പ്രകൃതേർവ്വിലാസം.

സത്ത്വംരജസ്സുംസമയോഗമാർന്നി-
ട്ടെത്തുന്നതാനക്കലലസ്വരൂപം
വൃദ്ധിഭവിച്ചപ്പലലം ക്രമത്താൽ
പൃത്ഥ്വീതലത്തിൽപ്പുനരായിടുന്നു.

നാലഞ്ചുമാസം ബത ചെന്നിടുമ്പോൾ
കോലങ്ങളെല്ലാംകുറതീർത്തിടുന്നു
കാലുംകരംകണ്ണുശിരോക്ഷിമേഢ്രം
മേലിൽത്തെളിച്ചും സുഷിരം തുളച്ചും.

ചൈതന്യവാനായ്പുരുമസ്വരൂപം
പൈതന്നിലെങ്ങും ചുഴലും സ്വതാപം
കൈതാനെടുക്കും കളവാൻ പരന്തം
ചെയ്തുസ്വകർമ്മങ്ങൾ നിനച്ചനന്തം.

നാരായണാനന്ദഘരേമുകുന്ദ
ശ്രീരാമരാമേതി ജപിക്കുമപ്പോൾ
പോരാനൊരുങ്ങും പുറവാതൽ തിങ്ങും
പാരം പരുങ്ങും പരമൊന്നൊതുങ്ങും.

പ്രസൂതികാലം വരുമക്കണക്കിൽ
പ്രസൂതികാമുരുതനായ്പുരുന്നീ
പ്രസൂവിനേററം പ്രിയമായബാല-
പ്രസൂനമേകുന്നു ഭവാനവൾക്കും."

ഇവിടെ ആദ്യത്തെ മൂന്നു പദ്യങ്ങളിൽ ശ്രീരാമതത്വത്തേയും ശേഷം അഞ്ചുപദ്യങ്ങൾകൊണ്ടു തദ്വിലാസംകൊണ്ടുണ്ടാകുന്നതും സംസാരാഭിവൃദ്ധിക്കു ഹേതുകവുമായ മനുഷ്യഗർഭത്തിലെ ജീവസംവൎദ്ധനയേയും കവി വിവരിക്കുന്നു. അപ്രകാരം പ്രസൂതനായിത്തീരുന്ന ശിശു കാലക്രമംകൊണ്ടു് മായാബദ്ധനായിത്തീരുന്നതും ശ്രീരാമനായ സാക്ഷാദീശ്വരന്റെ വിലാസംകൊണ്ടുതന്നെയെന്നു സമൎത്ഥിക്കുന്നു:—

"അപ്പെട്ടതലെത്താനൊരുപാവയാക്കി-
ത്തത്പൂർവ്വകർമ്മച്ചരടൊന്നിളക്കി
എപ്പേരുമഞ്ഞിച്ചവനേമയക്കി-
ച്ചിത്പൂർണ്ണനിൻവൈഭവമാരുനോക്കി."

രാമനെ ഈ സന്ദൎഭത്തിൽ അഭിനന്ദിക്കുന്ന ദശരഥന്റെ അഭിപ്രായത്തിലുള്ള പുത്രധൎമ്മനിൎവ്വചനം ഇതാണ്:—

"പിതൃകഥിതാൻ കേട്ടുനടക്കയെന്നും
പിതൃഹൃദിവിപ്രാന്നവ്യമേകകെന്നും
കൃത്യംഗയാശ്രാദ്ധമതൂട്ടുകെന്നും
പുത്രന്റെപുത്രത്വമിതോൎക്കമൂന്നും."

ദശരഥന്റെ ഈ അഭിനന്ദനമേററിട്ട്:—

"പിതൃരനുഗ്രഹമുച്ചിയിലേല്ക്കയും
പിതരമാശു ചിദാത്മനി ചേൎക്കയും
മതിതെളിഞ്ഞുസമസ്തജനൈസ്സമം
കതിരവാന്വയരത്നമഗാത്പുരീം."

ഇപ്രകാരം രാമകഥാപ്രസ്താവം സമാപിച്ചിട്ടു കവി അടുത്ത പദ്യം ആരംഭിക്കുന്നു:—

"അവ്വണ്ണംകലശേഖരേന്ദ്രകുലസമ്രാട്ടുംപിതൃപ്രീതിയെ-
ച്ചൊവ്വോന്നങ്ങുവരുത്തിചെററുവഴിപോയ്കണ്ടത്രിവേണീതടം
കവ്വോന്നേററുകളങ്കമററൊരമൃതെന്നോൎത്താടിതീൎത്ഥംതദാ
സൌവൎണ്ണക്കലശത്തിലജ്ജലമെടുത്തെത്തിസ്വരാജ്യംമുദാ."

ഇപ്പുറച്ചിൽകൊണ്ടു കവി വൃഥാവിലല്ല രാമകഥയെ ഇവിടെ വിവരിച്ചതെന്നുള്ള സന്ദൎഭഘടനയെക്കാണിക്കുന്നു. വിശാഖംതിരുനാൾ തിരുമനസ്സിലെ കാശിയാത്രയ്ക്കു കേവലം ഉപമാനമായ ശ്രീരാമകഥയെയാണ് ഇവിടെ വിവരിച്ചിട്ടുള്ളതെന്നാണ് ഈ സമ്പ്രദായംകൊണ്ടു നിൎവ്വഹിച്ചുകാണുന്ന കാവ്യോപായം. ഈ കാശിയാത്ര കഴിഞ്ഞു മടങ്ങിയെഴുന്നള്ളിയ തിരുമേനിയെപ്പററി ജനങ്ങൾ വാഴ്ത്തിയതെങ്ങനെയെന്നാണു കവിയുടെ പിന്നത്തെ വൎണ്ണനം:—

"മന്നൻപൊന്നടികണ്ടുമൎത്ത്യനിവഹത്തിനുംതഥാമന്നനും
തന്നന്നങ്ങൾഭജിച്ചതൻപ്രജകളെക്കണ്ടുള്ളിലാനന്ദമായ്
ഇന്നപ്പങ്കജകോരകങ്ങളരുണശ്രീകണ്ടുമബ്ഭാനുവും
തന്നാലുന്നതകാന്തിപെററവകളെക്കണ്ടുല്ലസിക്കുന്നപോൽ.

പൊന്മേനിക്കുഴിവില്ലൊരിക്കലുമിളാനാഥൻകലാശേഖരൻ
തന്മൂൎദ്ധാവിലുതിൎത്തഖിലപദമരിന്നൊന്നോസഹസ്രങ്ങളോ
തന്മാഹാത്മ്യമതെന്തുചൊല്വൂതരുപാന്ഥച്ഛായയാലാൎക്കുമേ
എന്മാകാണിയുമാതപത്തിനിടയാകാതെത്തിനാരേവരും.

ശാന്തന്മാൎക്കൊരുധാംസമായ്ശ്രുതമഖൻസംഭാവനസ്ത്രീശനായ്
താന്തന്മാൎക്കൊരുബന്ധുവായ്തരുണിമാൎക്കാനന്ദകന്ദൎപ്പനായ്

സന്താനദ്രുമമായ് സ്സമസ്തജനതയ്ക്കെന്താപഹന്താവുമായ്
സന്തോഷക്കടലാടിയത്തിരുമെയിശ്ശ്രീകണ്ണിനീ വണ്ണമായ്.

പാരം പാരിടവാസികൾക്കു പരമാർത്ഥജ്ഞാനഭാഗ്യോദയം
നേരേ വാച്ചു നിറഞ്ഞ കൌതുകമൊടപ്പൊന്മേനി കണ്ടപ്പൊഴേ
സാരം സാരസനാഭദാസ്യമൊരു മർത്ത്യന്റാവതാരത്തിലി-
ഘീരന്നൊത്തതുപോലനന്തനൃപവീരന്മാരിലാർക്കായഹോ."

"ശാന്തന്മാക്കോരു" ഇത്യാദിപദ്യത്തിലെ ശയ്യാഗുണവും ഉല്ലേഖചമത്കൃതിയും ഇടയ്ക്കു് "എന്താപഹന്താവുമായ്" എന്നുള്ളിടത്തെ സ്വാനുഭവപ്രഖ്യാപനംകൊണ്ടുള്ള താദാത്മ്യപ്രകടനവും എത്ര ഹൃദ്യമായിരിക്കുന്നു! ഇത്തരത്തിൽ പ്രസ്തുതനായ മഹാരാജാവു തിരുമനസ്സുകൊണ്ടു പദ്മനാഭസന്നിധിയിലെത്തിച്ചെയ്ത പ്രാർത്ഥനയാണു് താഴെക്കാണുന്നതു്:—

"കണ്ടേനിത്തിരുമേനിയെക്കരളിലിമ്മാറങ്ങു ലക്ഷ്മീപതേ!
കണ്ഠാന്തത്തിലണിഞ്ഞ കൌസ്തുഭമണിക്കൊത്തുള്ളൊരസ്ഥിസ്രജാ
കണ്ടിപ്പട്ടുടയാടയെക്കരിവരൻചർമ്മത്തിനൊത്തങ്ങനെ
രണ്ടായ്ക്കണ്ടൊരുരൂപമോർക്കിലഖിലം വൈകുണ്ഠ നിൻ വൈഭവം."

ഇവിടെ മഹാവിഷ്ണുവും പരമശിവനും രണ്ടല്ലെന്നുള്ള തിരുമേനിയുടെ ദൃഢവിശ്വാസത്തോടുകൂടിയുള്ള സാക്ഷാത്തായ ഈശ്വരഭക്തിപാരമ്യത്തെയാണു കവി നമുക്കു കാണിച്ചുതരുന്നതു്. പദ്മനാഭസ്വാമിക്ഷേത്രത്തിൽചെന്നു സ്വാമിദർശനം ചെയ്തതിന്റെശേഷം ദൂരയാത്രയ്ക്കു പിന്നീടു തിരുമേനിമാക്കു് പതിവുള്ള കലശമടിയന്തിരം ഭൈരവപ്രീതി മുതലായ ചടങ്ങുകളും നിർവ്വഹിച്ചു പരമഭക്തനായ തിരുമേനി സുഖമായിക്കൊട്ടാരത്തിലെഴുന്നള്ളി ഐശ്വര്യസമൃദ്ധമായ് രാജ്യം വാണു സസുഖം അധിവസിച്ചു എന്ന പ്രസ്താവത്തോടുകൂടി പ്രസ്തുതകൃതി പരിണമിക്കുന്നു.

ആററിങ്ങൽ,
10—7—1116. } കെ. ശങ്കരപ്പിള്ള.

## II

### ശംകരകൃതി.

സുപ്രസിദ്ധനും കവിസമ്രാട്ടുമായിരുന്ന രാജശ്രീ അററുകാൽ ശംകരപ്പിള്ള അവർകൾ പലസ്ഥലങ്ങളിൽ വച്ചു രചിച്ചിട്ടുള്ള ചെറുകവിതകളുടെ ഒരു സമാഹാരമാണ് ശംകരകൃതി. കല്യാണശതകം, പണപ്പവം, തിരുവാതിരപ്പാട്ടുകൾ, പഞ്ചാക്ഷരകീർത്തനം, സൂര്യകീർത്തനം, ദന്തപഞ്ചകം, ഹരിപ്പാട്ടുതസവകുമ്മി, വഞ്ചിപ്പാട്ട് മംഗളശ്ലോകങ്ങൾ, പല ഒററശ്ലോകങ്ങൾ, ചില തജ്ജിമകൾ മുതലായവ ഇതിൽ അടങ്ങിരിക്കുന്നു. തികഞ്ഞ വാസനയുടേയും കവിഞ്ഞ മനോധർമ്മത്തിൻേറയും ഉറഞ്ഞ സാരസ്യത്തിൻേറയും സങ്കേതങ്ങളാണ് ഈ കവിതകളെല്ലാം എന്നു നിർവിശങ്കം ആരും സമ്മതിക്കുന്നതാണ്. കണ്ണപ്പവ്തത്തിൻെറ മട്ടിൽ എഴുതിട്ടുള്ളതാണ് പണപ്പവം. പെട്ടിയിൽ വെള്ളിനാണയം നിറച്ചു വച്ച് അതിനെ ദൈവമായി ആരാധിച്ചു പോരുന്ന മായാദാസന്മാരേയും നിധികാക്കുന്ന ഭൂതങ്ങളേയും ഇതിൽ ഭംഗിയായി ആക്ഷേപിച്ചിരിക്കുന്നു.

"അവളുടെവലസ്സുകരതകപ്പെട്ടാൽ
അവൾക്കുനീയൊരുകരത്തിലമ്മാന"

എന്നാണ് ഇവിടെ കവി പ്രയോഗിച്ചിരിക്കുന്നതു്. മായാദേവി മനുഷ്യരെ ഇട്ട് അമ്മാനയാട്ടുന്നതായി പ്രസ്താവിച്ചിരിക്കുന്നതു് ഒരു മനോഹരകല്പനയാണ്. അമ്മാനയാട്ടുക എന്നപ്രയോഗം ഇപ്പോൾ മലയാളഭാഷയിൽ ഒരു ശൈലിയായിത്തീൎന്നിട്ടുണ്ടല്ലോ. അമ്മാനക്കായ് ഉത്പതിക്കയും അധഃപതിക്കയുംചെയ്യുന്നതുപോലെയാണ മായയുടെ കൈയിൽ അകപ്പെട്ടവൻേറയും സ്ഥിതി എന്നു സൂചിപ്പിച്ചിരിക്കുന്നു. എത്ര ഗുരുത്വമുള്ള വസ്തുവായാലും അമ്മാനക്കാരൻെറ കൈയിൽ അതു ലഘുവായിപ്പരിണമിക്കുന്നു. പണത്തിൻെറ ആധിക്യംകൊണ്ടു ഒരാൾക്കുണ്ടാകുന്ന ഗൌരവം അൎത്ഥംകൊണ്ടു വരുത്തിവയ്ക്കുന്ന അനൎത്ഥംകൊണ്ടും നിരൎത്ഥതകൊണ്ടും ചിലപ്പോൾ ലാഘവമായി മാറിപ്പോകുന്നു. ലാഘവമുള്ള പദാൎത്ഥങ്ങളെ ആൎക്കും അമ്മാനയാടാവുന്നതുമാണ്.

"നീലമാലികയുംനീലമേഘകളും
ചമയ്ക്കുന്നുയമൻചിരിക്കുന്നുനിന്നെ
യീമയ്യമ്മൻപോന്നീമരിയ്ക്കുന്നുപിന്നെ"

ഈ വരികളിൽ കാണുന്നതുപോലെയുള്ള "ശബ്ദാർത്ഥൌ സത്കവിരിവദ്വയം വിദ്വാനപേക്ഷതേ" എന്നു മാഘകവി പറഞ്ഞിട്ടുള്ളതു് സത്കവികളെ സംബന്ധിച്ചിടത്തോളം വളരെ ശരിയായിട്ടുള്ളതാണു്. ഒരു സത്കവിക്കു അർത്ഥഭംഗിയും ശബ്ദഭംഗിയും ഒരുപോലെ സ്വീകാര്യമാണു് ഈ മഹാകവിക്കു രണ്ടും ഒരുപോലെ സ്വാധീനമാണു്.

"പണംപണമെന്നുമരിയ്ക്കുന്നുചിലർ
പണമുണ്ടെങ്കിലേവിപത്തുവന്നിട്ടു.
പണമില്ലെന്നാകിൽവിപത്തുമില്ലെടോ"

എന്നു എത്ര വേദാന്തികൾ ഉപദേശിച്ചാലും മായാദാസന്മാരിൽ അതു ഫലിക്കുമോ എന്നു സംശയമാണു്.

പണത്തിൻെറയും തൃണത്തിൻെയും ഗുരുലഘുത്വത്തെ കവി രണ്ടു വരികൊണ്ടു സരസമായി പ്രതിപാദിച്ചിരിക്കുന്നതു് ഇപ്രകാരമാണു്—

"പണംതൃണമെന്നുസമചിത്തന്മാരും
തൃണംപണമെന്നങ്ങുസമചിത്തരും"

ധനംകൊണ്ടുണ്ടാകുന്ന വിപത്തുകളെ പണപ്പർവ്വത്തിൽ ഉദാഹരണങ്ങൾ മൂലം സരസമായി പ്രതിപാദിച്ചിരിക്കുന്നു.

"ജരാനരമനുഷ്യർക്കമലജനിട്ടപട്ടം
ഒരുവനുമെളുതല്ലാഒഴിപ്പതിനും"

"കക്ഷ്യമുള്ളവൃക്ഷത്തോടേപക്ഷികൾക്കപക്ഷമുള്ളൂ
ശുഷ്കമായാലാരുമില്ലധിക്കരിച്ചീടും"

"പ്രാഭവംലഭിപ്പാൻപെണ്ണുംപൊന്നുമല്ലാതുണ്ടോ"

"ഏവനുമുൾബോധമേററാൻവിദ്യയല്ലാതുണ്ടോ"

എന്നിങ്ങനെയുള്ള ലോകോക്തികൾ പലതും ഈ കൃതിയിൽ അങ്ങിങ്ങായി ധാരാളം കാണുന്നുണ്ടു്.

പഞ്ചാക്ഷരകീർത്തനത്തിലെ ശബ്ദഭംഗിക്കു ഒരുദാഹരണംമാത്രം താഴെ ചേർക്കുന്നു:—

"ശിശുശശിശേഖരകല്പകവല്ലി
ത്രിഭുവനവിശ്രുതകോമളചില്ലീ
ഷീകരവിരാജിതമഞ്ജുളമല്ലീ
കാമാക്ഷീ ജയ ഭഗവതി ജയജയ"

അടുത്തതു് അതിമനോഹരമായ ഒരു സൂര്യകീർത്തനമാണു്. ശബ്ദാർത്ഥഭംഗികൊണ്ടു് ഈ കൃതി മെച്ചമായിട്ടുണ്ടു്:---

"തരണിസ്ത്വം ഭവജലനിധിതരണേ
തപനീവല്ലഭശുഭപദസരണേ
കരുണാസ്യാന്വയിതവപദശരണേ
തരണേ! ലോചനസുഖമയി തരണേ."

അന്താദിപ്രാസങ്ങൾ ഈ കീർത്തനത്തിൽ സർവ്വത്ര കാണാം. "തരണേ" എന്ന പദം അർത്ഥാന്തരഭംഗിയോടുകൂടിത്തന്നെ ഘടിപ്പിച്ചിരിക്കുന്നു. കവിയുടെ നേത്രരോഗശമനത്തിനു വേണ്ടിയാണു് ഈ കീർത്തനമെഴുതീട്ടുള്ളതെന്നു് ഓരോ പദ്യത്തിൻെറയും അവസാനത്തിലുള്ള "തരണേ ലോചനസുഖമയിതരണേ" എന്ന പ്രാർത്ഥന കൊണ്ടു കാണാവുന്നതാണു്.

"ഭജതാംസാദരകുശലവിതരണേ
സുസുഷുമ്നാപ്രിയഗിരിശിഖരമണേ
സരസാഭ്യന്തരഭജദനുസരണേ
തരണേലോചനസുഖമയിതരണേ.

കുശലോദ്ബോധിനിസുഹൃദനുഹരണേ
നിപുണോപാശ്രിതഭയഭരദരണേ
നമതാംകില്ബിഷസുഹൃതഭഗരണേ
തരണേ ലോചനസുഖമയിതരണേ.

പരിഹരദുരിതംകരുണാസിന്ധോ
പരിഹൃതപരിണതമേദുരമന്തോ
കുരുമേകുശലംകുവലയബന്ധോ
തരണേ ലോചനസുഖമയിതരണേ."

ദന്തപഞ്ചകത്തിലെപദ്യങ്ങൾ മനോഹരങ്ങളാണു്. അതിലെ രണ്ടു പദ്യങ്ങൾ താഴെ ചേർത്തുകൊള്ളുന്നു:—

"സന്താപാനലവാരിവാഹശിശിരസ്വച്ഛാംബുധാരേശിവേ
സന്താനദ്രുമഹാസകാരിണിജനാഭീഷ്ടാർത്ഥദാനെസ്സദാ
ചിന്താരത്നവിനിർമ്മിതാമലമഹാസിംഹാസനസ്ഥേപരേ
ബന്ധൂകാധരിവിദ്രുമാംഗിലളിതേദന്താമയാൽപാഹിമാം.

സന്താപത്തെയൊഴിപ്പതിനുമഭയം നല്കീടുവാനുംനിന-
ക്കെന്തോന്നുള്ളുനിനയ്ക്കിലെൻറജനനീയതംമഹാഭൈരവീ
അന്തസ്തോഷമിയന്നുചേറകൃപയോടാലോകനംചെയ്യുനീ
ബന്ധൂകാധരിവിദ്രുമാംഗിലളിതേദന്താമയാൽപാഹിമാം.

ഹരിപ്പാട്ടുത്സവത്തെക്കുറിച്ചു് എഴുതീട്ടുള്ള ഒരു നിമിഷകവനമാണു് ഉത്സവക്കുമ്മി. ഇതുകൊണ്ടു നിമിഷകവനത്തിലും കവി അദ്വിതീയനാണെന്നു തെളിയുന്നു. അസാമാന്യമായ വാസനയുള്ളവൎക്കുമാത്രമേ നിമിഷകവനം സാദ്ധ്യമാകു.

"വല്ലീമണവാളലീനബന്ധോ ചാരു-
പല്ലീനപാലകരുണാസിന്ധോ"

ചില്ലീമാനസനായ മഹാകവിയെ പല്ലീനപാലനായ ദേവൻ കടാക്ഷിച്ചിരിക്കുമ്പോൾ ഏതുതരം കവനത്തിനും അവിടെ പ്രയാസമുണ്ടാകുന്നതല്ലല്ലോ. ഉത്സവക്കുമ്മിയുടെ അവസാനത്തിൽ ഉദ്ദേശത്തെ കവി ഇപ്രകാരം സ്പഷ്ടമാക്കിയിരിക്കുന്നു:—

"കാലാരിഭാമിനീസേവകേനനമീ-
ക്രൂലജ്ഞാകേനചിദേവിഭക്ഷാ
മാലോകൎക്കാനന്ദമേകവാനായേവം
ചാലേരചിതമിത്താനവട്ടം."

അരുമന അമ്മവീട്ടിലെ കല്യാണത്തെക്കുറിച്ചുണ്ടാക്കി മഹാരാജാതിരുമനസ്സിലേയ്ക്കയച്ച എട്ടു പദ്യങ്ങൾ ഇതിൽ കാണുന്നു.

"തിങ്കൾചെങ്കടലാടിവന്നുചെറുനക്ഷത്രങ്ങളെച്ചേൎത്തുത-
ന്നങ്കത്തോടരുണദ്യുതിപ്രചുരതാംചിന്തുന്നപോലങ്ങനെ
ചെങ്കൽക്കാന്തികലൎന്നവൎത്തിശരറാന്തല്ക്കുള്ളിലായിട്ടിങ്ങു
മങ്കയ്ക്കുൾതെളശോഭയെപ്രതിദിനംനല്കുന്നനാനാവിധം."

കല്യാണപ്പന്തലിലെ ശരറാന്തലിന്റെ വൎണ്ണനയാണു് മുൻപദ്യം. കല്യാണപ്പന്തലിനു അലങ്കാരമായിരുന്ന ശരറാന്തലിന്റെ വൎണ്ണനയും അലങ്കാരഭംഗിയോടുകൂടിത്തന്നെ നിൎവ്വഹിച്ചിരിക്കുന്നു.

"ശാലാശ്ശുഭ്രവിതാനകാന്തിനിവഹൈൎദ്ദീപാളിദന്തൈഃപൃഥു-
സ്തംഭോത്തുംഗചതുഷ്പദൈരവിരതംസന്തോഷയന്തീജനാൻ
ആജ്ഞാധോരണിശിക്ഷയാനരപതേഃകന്യാമണിൎമംഗളാ-
ളാനേനാത്രവിരാജിതേഭ്രമുപതേൎമ്മൂൎത്തിത്രയംബിഭ്രതി."

ശുഭ്രവിതാനകാന്തിയും ദീപാളികളായ ദന്തങ്ങളും സ്തംഭങ്ങളാകുന്ന ചതുഷ്പദങ്ങളും നരപതിയുടെ കല്പനകളും ചേൎന്നു കല്യാണമാകുന്ന അളാനത്തോടു(കെട്ടുകുററി)ത്തോടുകൂടി ശോഭിക്കുന്ന ശാലകൾ മൂന്നും അഭ്രമുപതിയുടെ (ഐരാവതത്തിന്റെ)മൂൎത്തിത്രയമായി രൂപണം

ചെയ്തിരിക്കുന്നതു് അത്യന്തമനോഹരമായിട്ടുണ്ടു്. അലങ്കാരപ്രയോഗത്തിൽ കവിയ്ക്കുള്ള സാമൎത്ഥ്യത്തിനു അന്യദൃഷ്ടാന്തങ്ങൾ തേടേണ്ടുന്ന അവശ്യമില്ലാത്തവിധം ഈ പദ്യത്തിലെ രൂപകാലങ്കാരപ്രയോഗം പ്രശംസനീയമായിട്ടുണ്ടു്. അവശ്യമില്ലാത്തിടത്തെല്ലാം അലങ്കാരം പ്രയോഗിക്കുന്നരീതിയും ഈ കവിയ്ക്കില്ലെന്നുള്ളതും ഒരു പ്രത്യേകതയാണു്. ഇതിലെ അവസാനശ്ലോകം കൂടി താഴെ ചേൎത്തുകൊള്ളുന്നു.

"നവമണികൃതമാലാനൎത്തകീൎത്തനമേലാ
മുദിതഭുവനപാലാമാധവശ്രീസലീലാ
കനകമണിസുചേലാശോഭിതാനേകബാലാ
ഭവസുഖതതിവേലാഭാതികല്യാണശാലാ."

"ഭവസുഖതതിവേലാഭാതി കല്യാണശാലാ" എന്നു വൎണ്ണിച്ചിരിക്കുന്നതിൽനിന്നു് കല്യാണപ്പന്തലിലെ ലൌകികാഡംബരങ്ങളും ഭൌതിക സുഖസജ്ജീകരണങ്ങളും എത്രമാത്രമെന്നു അനുമാനിക്കാവുന്നതാണു്.

കാവടികെട്ടു സംബന്ധിച്ചു മഹാരാജാവിനയച്ച രണ്ടു പദ്യങ്ങൾ നോക്കുക. അതിൽ ആചാരഭാഷ എത്ര ഭംഗിയായി പ്രയോഗിച്ചിരിക്കുന്നു:—

"എന്മാനസത്തിന്നുളമായെന്തിരുവടിപട്ടകാലം പിടിച്ചാസ്ഥയാ ഞാൻ
വിൺമൃത്യാദിക്കപോലുംവെളിയിലറിയിരുത്താതെകഷ്ടപ്പെട്ടന്നേൻ
ഉന്മേഷംതെല്ലുമില്ലൊന്നില്ലുമതിന്നിടയിൽക്കാവടിപ്രാൎത്ഥനയ്ക്കു-
ള്ളുന്മോഹംപാരമുൾവീശരതമതിരുനാൾതന്നിലുള്ളരിച്ചേയ്ക്കും.

മുട്ടുമ്പോളൊക്കെയുന്നിതിരുവടിതിരുവുള്ളത്തിലെത്തിച്ചകാൎയ്യം
മുട്ടാതല്ലോനടത്തുന്നിവനതിന്നതലമ്മുട്ടേവീണാലുമമ്മോ
പുഷ്പശ്രീപൂൎണ്ണമോദത്തൊട്ടകളിതുടരുന്നല്ലപൂങ്കാവിലല്ലോ
കഷ്ടന്തീപ്പാൻമതിയംകനിവൊട്ടതിരുവാസംസദാചെയ്തിടുന്നു."

തുലാഭാരശ്ലോകങ്ങളിൽ രണ്ടു മൂന്നെണ്ണം പകൎത്തിക്കൊള്ളുന്നു:—

"സത്യംധൎമ്മംതുലാത്തട്ടിരുപുറമിവിടെ ശ്രീവിശാഖേന്ദ്രനേററം
പഥ്യംരണ്ടുംപ്രധാനം പുനരതിലധികം പൂൎവ്വമെന്നാകുവാനോ
സത്യന്നാവൊന്നുനേരേവരികിലിഹവരും സൎവ്വമൊപ്പംവണങ്ങി
പ്രത്യക്ഷംതത്തുലാനാഴിനെനട്ടനിലയിൽക്കാട്ടിതട്ടിൽക്കരേറി.

തട്ടൊത്തത്രാസിലുൎവ്വീപതിയൊടിടതന്നിക്കെത്തുമെന്നുള്ളിലോൎത്ത-
കട്ടിപ്പൊന്നാമലപ്പോൎത്തുടരുമളവിലപ്പുരമനംഭപ്രസാദാൽ

തട്ടിത്തട്ടോട്ടുകട്ടിത്തറയിലതുവരുമ്മാററിമാറോറരുമൊക്കാ-
തൊട്ടേറെത്താൻതിമിത്താലിതിപ്പറവതിനോഷന്തപ്പാൻകുട്ടിശുട്ടി.

എന്നിട്ടുമ്മതിയായതില്ലഭഗവാനക്കാഞ്ചനക്കുന്നിനെ-
ട്ടുണ്ഡിച്ചഗ്നിയിലിട്ടു ചുട്ടുവളരേഖണ്ഡിച്ചതിൽപ്പിന്നെയും
മുന്നിട്ടെൻപ്രിയഭക്തനോടിടയുവാനാഞ്ഞൊന്നുവന്നത്തലി-
ന്നെണ്ണട്ടേവരുമെന്നുറച്ചു നിജമുദ്രാംവച്ചുഭക്തപ്രിയൻ."

അതിത്തിത്തക്കം സാംബന്ധിച്ചുള്ള കവിതയിൽ ഒരു പദ്യം ചേത്തുകൊള്ളുന്നു:—

"അപ്പീൽപ്പത്രമയച്ചനേരമകമേധ്യാനിച്ചിരന്നപ്പ്ഫണീ-
തല്പത്തിൽ സ്സ്തപള്ളികൊള്ളുമവനീശ്രീകാന്തനോടിങ്ങനെ
ഇബ്ബ്രമണ്ഡലമാത്തഭക്തിയോടുമായ്മത്പൂവ്ജന്മാർപ്പുരാ
തൃപ്പാദേപ്പൂണ്ണമങ്ങുചെയ്തതിനുതുല്ല്യെത്തുംഫലത്തിടൊലാ."

അടുത്തതായി കാശിയിലെഴുന്നള്ളത്തു സംബന്ധിച്ച ഏതാനം പദ്യങ്ങളാണുള്ളതു്:—

"പള്ളിപ്പാലാഴിയിൽച്ചെന്നുരുതരകുതുകംഫന്തനീരാടിവന്നി-
ട്ടുല്ലസംപിച്ചത്തൊരഴകൊടുതഴച്ചിച്ചന്ദ്രികാതോഴിയോടും
മെല്ലെന്നാകാശഗംഗാജലത്തുമുടനേപാനവുംചെയ്തമോദാൽ
തുള്ളിത്തുള്ളിക്കളിക്കുന്നവിടെയുമൊരുകാലത്തിലുർവീന്ദ്രകീത്തി."

മഹാരാജാവിൻെറ കീത്തി പാലാഴിയിൽ നീരാടിവന്നു പിച്ച കപ്പൂവിനെത്തഴുകി ചന്ദ്രികയാകുന്ന തോഴിയോടുകൂടി ആകാശഗംഗാജലവും കുടിച്ചു മോദിച്ചു് ഏക്കാലത്തു എല്ലാടവും ഒരുപോലെ തുള്ളിത്തുള്ളിക്കളിക്കുന്നതായി ഇതിൽ വണ്ണിച്ചിരിക്കുന്നു. ഈ പദ്യം വായിക്കുമ്പോൾ അത്ഭുതമായിട്ടെങ്കിലും ഏതോ ഒന്നു് നമ്മുടെ മുൻപിൽ തുള്ളിക്കളിക്കുന്നതായിട്ടു തോന്നിപ്പോകുന്നു. ഇതിലെ ആശയവും രചനാഭംഗിയും അതിചമത്കാരജനകമായിരിക്കുന്നു. മഹാരാജാവിൻെറ കീത്തിധാവള്യത്തേയും കീത്തിസൌരഭ്യത്തേയും ഇതിലും ഭംഗിയായി വണ്ണിക്കാൻ മററാരു കവിക്കും സാധിക്കുമെന്നു തോന്നുന്നില്ല. ഉവ്വീന്ദ്രകീത്തി പാലാഴിയിൽ നീരാടിയതിനാൽ മഹാരാജാവു ഭഗവദ്ഭക്തനാണെന്നും ആകാശഗംഗാജലം പാനം ചെയ്തതിനാൽ ആ കീത്തി നിഷ്കളങ്കമായിട്ടുള്ളതാണെന്നും ചന്ദ്രിക തോഴിയായിത്തീന്നതിനാൽ ദിങ്മണ്ഡലംമുഴുവൻ കീത്തി വ്യാപിച്ചിരിക്കുന്നെന്നുംകൂടി ധ്വനിക്കുന്നുണ്ടല്ലൊ. ഇതിലെ മനോഹര

പദ്യങ്ങളിലൊന്നാണ് ഇതു് എന്നു പറയാം. രാജഭക്തിയിൽ ഈ മഹാകവി അദ്വിതീയനാണെന്നു രാജസ്തുതിപരങ്ങളായ ഈവക കൃതികൾകൊണ്ടു ഗ്രഹിക്കാവുന്നതാണ്. മഹാരാജാവിന്റെ ദീൎഘായുസ്സു പ്രാൎത്ഥിക്കുന്നതു് ഇപ്രകാരമാണ്:—

"ആറാടിത്തിമഹാലയാററിലമിതാനന്ദം സമാതേടിയും
ക്രൂറോടിപ്പുരവാസികൾക്കുസുഖമേ സന്ദൎന്നനല്കീയും
മാറാതുഴിയിലെങ്ങുമുന്നി വിജയസ്തംഭംമഹാപുണ്യവാ-
നേറെക്കാലമിരിക്കണംപൃഥിവിയിൽശ്രീവഞ്ചിനാഥാഖ്യയാ."

വിശാഖംതിരുനാൾ തിരുമനസ്സിലെ അപാരവൈദുഷ്യത്തെ ഒരു പദ്യത്തിൽ വൎണ്ണിച്ചിരിക്കുന്നതു കാണുക:—

"ഒരുനരവരനുണ്ടോസൎവ്വവിദ്യാൎണ്ണവത്തിൻ
മറുകരതിരയുന്നോനെന്നുവഞ്ചീന്ദ്രനെപ്പോൽ
സ്ഥിരതരസുഖമന്നിട്ടുവീരാജന്ദ്രനാമീ-
ച്ചെറുകരസുകൃതം മേമേന്നിടംകാത്തിടേണം."

ഈ പദ്യത്തിലെ നാലാംവരിയിൽക്കാണുന്ന "ചെറുകരസുകൃതം" എന്ന പ്രയോഗം ഈ മഹാകവിയുടെ അററുകാൽ "ചെറുകര" എന്ന ഭവനപ്പേരിനെക്കൂടി സൂചിപ്പിക്കുന്നു. ചെറുകരസുകൃതം എന്നതിനു ചെറിയരാജ്യമായ വഞ്ചിഭൂമിയുടെ കൈപ്പുണ്യം എന്നു് അൎത്ഥംപറയാവുന്നതുമാണ്. രാജകീൎത്തിയും സുധാംശുവായ ചന്ദ്രനുംതമ്മിൽ ഒരു വീരവാദംനടത്തുന്നതായി കവി പിന്നെയും വൎണ്ണിക്കുന്നു:—

"വെണ്മസ്വായ"വെൺപയോധൌമുഴുകിമുഴുകിനീമാറിയ്യുരംകളങ്കം
ചെമ്മേപോക്കീടണംനീതദനുബഹുതരംപൂമണംകൊണ്ടിടേണം
ഉന്മോഹംവിട്ടുപിന്നെരജതഗിരിയതിൽസ്സഞ്ചരിച്ചൊന്നുവന്നാൽ
സമ്മാനിക്കാംസുധാംശോകിമപിഇതിഭവത്കീൎത്തിതൻവീരവാദം."

ഇതിലെ സംഭാവനാലങ്കാരജന്യമായ ചമത്കാരവിശേഷം അസാദ്ധ്യമെന്നേ പറയാനുള്ളു.

അടുത്തകൃതി രാമേശ്വരത്തു എഴുന്നള്ളിയതിനെപ്പററിയാണ് രാമസേതുവിൽ സ്നാനംചെയ്തതിനെ ഇപ്രകാരം വൎണ്ണിക്കുന്നു:—

"ചൊല്ലുള്ളക്കലോക്ഭവൻരഘുവരൻപാദേപട്ടത്തുള്ളവൻ-
പള്ളിക്കൽച്ചിറകണ്ടുകണ്ണിനമൃതായ്കൈക്കൂപ്പിവഞ്ചീശ്വരൻ,"

പള്ളി, കൽച്ചിറ എന്നും പള്ളിക്കൽ-ചിറ എന്നും ഉദ്ധൃതത്തിൽ കവി ഉദ്ദേശിച്ചിരിക്കണമെന്നു തോന്നുന്നു.

"കാന്തിക്കാകില്ലവന്നസേതുവരുമാറില്ലുംയതൊന്നാൽസ്സ്വയ-
സ്പർശിക്കാനിടയാകപുണ്യമവനൊട്ടില്ലാഞ്ഞയാലങ്ങനെ
ക്ലേശംലേശവുമെത്തിടാതഖിലദിഗ്ദേശാടനംചെയ്കയാ-
ലീശത്വംപുരുഷാർത്ഥവുംലഘുതരംസാധിച്ചുവഞ്ചീശ്വരൻ"

"കണ്ണാൽക്കാണ്മതിനുള്ളതിന്നുകനകശ്രീക്കൊത്തൊരിപ്പൂവുടൽ
കർണ്ണത്തിന്നമൃതായതുംകനിവിയന്നുള്ളോരുതല്ലാരതീ
പുണ്യംതാൻപുരുഷസ്വരൂപമവലംബിച്ചത്രവന്നിങ്ങനെ
മന്നിൽമാനുഷരാലൊഴിച്ചുമഹിതാനന്ദംവളർത്തീടുവാൻ."

ഇത്യാദി പദ്യങ്ങളും ചമത്കാരജനകങ്ങളാണു്.

മിൽട്ടൻ എന്ന ഇംഗ്ലീഷ്കവിയുടെ "On the death of a fair infant" എന്ന കവിതയുടെ തർജ്ജിമയിൽ ഒരു പദ്യം താഴെ ചേർക്കുന്നു:—

"നിന്നെത്താനെണ്ണവേനോന്നിമിഷമപിമരിച്ചെന്നുഞാനോർമ്മലേനീ
ചെന്നമ്മൺഗർഭപാത്രാന്തരമതിലൂടലെത്താനഴിക്കുന്നിതോ ചൊൽ
കണ്ണെത്താദൂരമൂഴിക്കടിയിലൊരുകൃമിക്കോസ്സടിത്തട്ടിലോ പിൻ
നിന്നിൽക്കാണായസൌന്ദര്യവുമതുമഖിലംവച്ചിരിപ്പൂസുശീലേ."

കവി വിനോദത്തിനായി എഴുതിയ ഒരു ദ്രുതകവനം താഴെ പകർത്തുന്നു:—

"കച്ചത്തോർത്തിഹമുന്നുകത്തിരുതുലമിഞ്ചക്കഴമ്പായതും
കാച്ചിക്കൊണ്ടുവരേണമെന്നവർമതംകാച്ചക്രവുംനാസ്തിമേ
ഏച്ചും ഒച്ചുമറിഞ്ഞിടാത്തപരിഷക്കെന്തുംകഥിക്കാമിവൻ
വീഴ്ചക്കേഖതമാത്രമാവുപുനരെന്നെല്ലാംകൊടുത്തീടില്ലും."

യാതൊരു തടവുമില്ലാത്ത കവിതാഗതി ഇതിൽ സ്പഷ്ടമായി കാണാം. ആവശ്യമില്ലാത്ത പദങ്ങൾകൊണ്ടു വിടവടയ്ക്കുന്ന സമ്പ്രദായവും ഇതിൽ കാണുന്നില്ല. "കാച്ചിക്കൊണ്ടുവരേണമെന്നവർമതം കാച്ചക്രവുംനാസ്തി മേ" എന്നീമട്ടിലുള്ള അനുപ്രാസരീതി മനോഹരമായിട്ടുള്ളതാണു്. ദ്രുതകവനങ്ങളിൽ ഈവിധമുള്ള മനോഹരത സരസകവികൾക്കല്ലാതെ സിദ്ധിക്കുന്നതല്ല:—

"ലക്ഷ്മീലക്ഷണമൊത്തൊരുത്തമവധൂരത്നപ്രഭാചാതുരീ-
നിക്ഷേപങ്ങളിതല്ലയോനിജതനൂജന്മാരിവർക്കൊക്കെയും
അക്ഷീണാമലകീർത്തിയുംവരുമനന്തൈശ്വര്യസാമ്രാജ്യവും
പക്ഷംരഞ്ജിതിനില്ലപക്ഷമധികംകൊണ്ടല്ലചൊല്ലുന്നതും."

10633

—ദ്രുതകവനങ്ങളിൽ നല്ല പദ്യങ്ങൾതന്നെ നിഷ്പ്രയാസം നിർമ്മിക്കാൻ ഈ കവിക്കു കഴിയുമെന്നതിനു മുൻപദ്യവും ഒരുദാഹരണമാണ്.

ആപ്തമിത്രമായിരുന്ന ജസ്റ്റിസ് മിസ്റ്റർ ചൊക്കലിംഗംപിള്ളയുടെ പേരിൽ കവി വിനോദപൂർവ്വംകൊടുത്ത കണ്ണാടിക്കേസ്സിൻെറ വാദപ്രതിവാദങ്ങൾ കത്ഥാരൂപേണ രചിച്ചതിൽ രണ്ടുപദ്യം ചേർത്തുകൊള്ളുന്നു:—

"കണ്ണോളംപ്രിയമുള്ളോരെൻപ്രഭുവിനോടൊട്ടേറെനാളായിഞാൻ
കണ്ണാടിത്തടയിട്ടെനിക്കുതരുവാനായിക്കൊടുത്തിട്ടതും
പിന്നീടൊന്നുമനക്കമില്ലിവനുണർത്തിപ്പാൻ തുനിഞ്ഞാലുടൻ
കുന്നത്തങ്ങൾപറഞ്ഞയക്കുമതുകേൾപ്പാനേനമുക്കുള്ളുതാൻ.

കള്ളംഞാനുരയ്ക്കയില്ല കനിവെന്നിൽപ്പാരമുണ്ടെന്നു ഞാ-
നുള്ളിൽക്കണ്ടതുകൊണ്ടുവെള്ളിവിചയെക്കയാചിട്ടുകെട്ടിക്കുവാൻ
എള്ളോളംമടികാണ്കയില്ലിതിനിനി ച്ചീവിധംചെയ്യുഞാൻ
കൊള്ളാംകൊള്ളരുതെന്നിലൊട്ടുമയിതേകോപം കൃപാവാരിധേ!"

പൊന്നുതമ്പുരാൻ തിരുമനസ്സിലേയ്ക്കു സ്റ്റാർ ലഭിച്ചതിനെക്കുറിച്ചുണ്ടാക്കിയ പദ്യം ഇപ്രകാരമാണ്:—

"മുദ്രയ്ക്കുത്തമമായിടംമുരരിപോർദാസസ്യപൊന്മാറിടം
ചിത്രപസ്മൃതിസംപുടംചിരമിരന്നുണ്ടായൊരന്നക്കുടം
ഭക്തങ്ങൾക്കൊതിരിപ്പിടംഭഗവതഃപ്രത്യക്ഷചക്ഷൂതടം
ശത്രുക്കൾക്കൊരുവൻകടംലസതിതേവഞ്ചീന്ദ്രഭാഗ്യോത്കടം."

അർത്ഥഭംഗിയും ശബ്ദഭംഗിയും ഒരുമിച്ചു ഈ പദ്യത്തിൽ ശോഭിക്കുന്നു.

"മുന്നംഭോഗരഗസ്ത്യരെന്നിവർമഹാസിദ്ധർഷിമാർദേഹികൾ-
ക്കെന്നുംരോഗമൊഴിഞ്ഞിരിപ്പതിനു കല്പിച്ചേറിയോരൌഷധം
തന്ന്യായേനചമയ്ക്കുവാൻവിഷമമെന്നോർത്തിട്ടുതൻഭാര്യയാം
കന്യൽക്കാമ്മണിയാൾക്കഗസ്ത്യരുപദേശിച്ചോരിലത്താമര"

എന്നിത്യാദിപദ്യം ദ്രുതകവനമാണെങ്കിലും കവിതാഗുണത്തിനു യാതൊരു കുറവുമില്ല:—

"പിറുക്കിൻെറമൂലംനമുക്കില്ലറക്കം
തറയ്ക്കുന്നകൊമ്പുംതറയ്ക്കുല്ലുപോലെ
മറക്കൊന്നടിക്കുംപെറക്കുംപെരക്കേ
പൊറുക്കാവതല്ലീഞെറുക്കിൻെറശല്യം."

ഇങ്ങനെ കൊതുകടിയെപ്പററി പരാതിപറയുന്നതും സരസമായ കവിതയിൽത്തന്നെ "തറയ്ക്കുന്നുകൊമ്പും തറയ്ക്കാലുപോലെ" എന്ന പാദം നന്നായിട്ടുണ്ടു്.

"സത്യത്തിൽസ്സകലക്കുമുള്ളിലറിയാംസാക്ഷാദ്ധരിശ്ചന്ദ്രനെ-
ന്നത്ഥിക്കാംജനതയ്ക്കുമത്ത്യതരുവെന്നിഷ്ടക്കുരുട്ടെന്നതും
കൃത്യത്തിൽക്കൃതവീയ്യനെന്നുമറിവിൽഗ്ഗാംഗേയനെന്നുംമഹാ-
സത്തുക്കൾപറയുന്നതിൽപ്പരമിവൻനാവെന്തുതത്കീത്തനേ."

എന്ന പദ്യത്തിലെ ഉല്ലേഖാലങ്കാരം നന്നായിട്ടുണ്ടു്. "സത്യത്തിൽ സകലക്കും" എന്ന സകാരത്തിൻെറ ആവത്തനവും "കൃത്യത്തിൽ കൃതവീയ്യനെ"ന്നുള്ള അക്ഷരാവത്തനവും കവിതയ്ക്കു മോടി കൂട്ടുന്നവയാണു്.

"ഇപ്പാരിൽപ്പുകൾപെററപപ്പനഗരീനാട്ടിൻമഹാനാടകം
തപ്പാതിപ്രജകൾക്കതിൻരസമറിഞ്ഞാടാനസാദ്ധ്യംതുലോം
ഇപ്പെട്ടതങ്ങളറിഞ്ഞപോലഭിനയിച്ചേററംപിഴച്ചെങ്കിലും
താത്പ്രാണേശ്വരകല്പിതംവിഷയമെന്നോത്തിട്ടുരക്ഷിക്കണേ."

ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേയ്ക്കു സമപ്പിച്ച ഈ പദ്യം സാധാരണ സംഭാഷണരീതിയിലാകയാൽ നന്നായിട്ടുണ്ടു്. ഇത്തരം പദ്യങ്ങളിൽ സംഭാഷണരീതിയും ലാളിത്യവുമുണ്ടെങ്കിൽ അതുതന്നെ അവയ്ക്കുള്ള മെച്ചം. അലങ്കാരപ്രയോഗങ്ങളല്ല ഇത്തരം കവിതയ്ക്കു മാററുകൂട്ടുന്നതു്.

സംസ്കൃതഭാഷയിൽ അപാരപണ്ഡിതനായിരുന്ന ഈ മഹാകവിയുടെ സംസ്കൃതകവനങ്ങളുടെ രീതിഗ്രഹണത്തിനുവേണ്ടി ഒരു സ്നേഹിതനു് അയച്ച പദ്യങ്ങളിൽ ഏതാനും താഴെച്ചേക്കുന്നു:—

"ദർശന്ദർശമമന്ദമോദജനകംപത്രന്ത്വദീയംചിരാ-
ല്ലബ്ധ്വാഹൃദ്യമണിപ്രവാളഘടിതംമോമോത്തിമേമാനസം
മൈത്രീകല്പലതാഭവത്യഭിജനേനിത്യാനുരാഗോന്മുഖീ
ക്ഷിപ്രംസാതപിതരേഷുജീർണ്ണതജ്ഞതാപ്രോക്താമവിട്ടീഃകിമു.

ദുന്നാമാമയപീഡയാനയനയോർമ്മാലിന്യപങ്കേന ച
സ്വേച്ഛാസഞ്ചരണേനിരുദ്ധവിഭവഃശ്രീപദ്മനാഭംഭജൻ.
ദേവീഭാഗവതാർത്ഥചിന്തനരസൈസ്സ്വിദ്വജ്ജനാഭാഷണൈഃ
കാലംബാലകകേളിദർശനരസൈസ്സന്നീയതേയംജനഃ.

വ്യാഖ്യാതാഖില്യകേരളീയവിദുഷാംവാചാംഭവാൻതാതത്കൃതം-
ഥേകംപുസ്തകമപ്യദീജ്ഞമനസാനപ്രേക്ഷിതംമേതയാ
ക്രേതായംനഭവേദ്ധ്രുവംയദിതദാമൂല്യാത്ഥനാലൌകികീ-
തൃപ്തശങ്ക്യാത്മനികിംഭവാനഗജദേവംമൌനമസ്തിൻജനേ.

ശ്രീവിദ്യാകലശാബ്ധികൌസ്തുഭമണിഃശ്രീരാമശർമ്മാഗുരുഃ
ശ്രീരാജ്ഞീപുരമാത്മനീനമവിശദ്ഭൂക്താചഭോഗംസമം
യല്ലോകാന്തരനിർഗ്ഗമേനലഭതേഭണ്ഡാസുരീയാവനീ
സംജ്ഞാംരാജകവിപ്രസംഗവിഷമയശ്രീജൈമിഗീയംപുരീ.''

,,ഖിദാപള്ളിഃസ്മൃതിഘോതവേവിവിധകാവ്യാനിപ്രണീതാനിയൈ-
സ്സ്വൈരദ്യാപിയശസ്സ്വരൂഭിരനിശംസർവ്വത്രജേജീവ്യതേ.''

എന്നിപ്രകാരം ഒരു സന്ദർഭത്തിൽ കവി പറഞ്ഞിട്ടുള്ളതു് അദ്ദേഹത്തെസ്സംബന്ധിച്ചു നമുക്കും പറഞ്ഞുസന്തോഷിക്കാം. വിദ്വാന്മാരുടെ ഓർമ്മയെ നിലനിറുത്തുന്നതിനു അവർ രചിച്ചിട്ടുള്ള കാവ്യങ്ങൾമാത്രം മതി. മറെറാന്നുമാവശ്യമില്ല. കവിയശശ്ശരീരന്മാരായി അവർ എന്നും എല്ലായിടത്തും ജീവിക്കതന്നെ ചെയ്യുന്നു. വാസ്തവത്തിൽ മഹാകവികൾക്കു മരണമില്ല, ജനങ്ങളും ഭാഷയും ഉള്ള കാലത്തോളം കവികൾക്കു മൃതിയോ അവരെപ്പററി ജനങ്ങൾക്കു വിസ്മൃതിയോ സംഭവിക്കുന്നതല്ല.

ഇപ്രകാരം പ്രസ്തുതമഹാകവിയശശ്ശരീരനായി ഇന്നും ജീവിക്കതന്നെ ചെയ്യുന്നു. വിദ്വജ്ജനകൌസ്തുഭമായിരുന്ന ശ്രീമത് കേരളവമ്മ വലിയകോയിത്തമ്പുരാൻ ഈ മഹാകവിയെ "ഭാഷാകവിസമ്രാട്ടു" എന്നു പറഞ്ഞിരിക്കുന്നു. ഇതിനെക്കാൾ വലിയ ഒരു സർട്ടിഫിക്കററു് ആവശ്യമില്ലല്ലോ. പണ്ഡിതനും മഹാകവിയും സരസാഗ്രേസരനും ആയിരുന്ന ശങ്കരകവിയുടെ കൃതികൾ സവോത്കർഷേണ വിജയിക്കട്ടെ എന്നു നമുക്കും പ്രാർത്ഥിക്കാം.

ചുനക്കര,
28—6—1116.

കെ. നീലകണ്ഠപ്പിള്ള.

# വില്പനയ്ക്കുള്ള പുസ്തകങ്ങൾ.

| | രൂ. | ണ. | പൈ. |
|---|---|---|---|
| പഞ്ചായനിഘണ്ടു | ൧ | ൮ | ൦ |
| സംഖ്യാനിഘണ്ടു | ൦ | ൧൨ | ൦ |
| ശങ്കരകവികൾ | ൧ | ൧൨ | ൦ |

എസ്, കെ, പിള്ള,
മേല്ക്കാലടി,
കരമന, തിരുവനന്തപുരം.

# ശങ്കരകവികൾ.

10633/9760

1൧

എസ്സ്. കുന്തിക്കൃഷ്ണപിള്ള.